# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09     ജനുവരി-2018     ലക്കം 1**

ഒറ്റപ്രതി 10 രൂപ     വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................ | 05 |
| സർക്കുലർ ........................................ | 10 |
| ഫ്രാൻസീസ് പാപ്പായുടെ സന്ദേശം ........................ | 15 |
| ദൈവപുത്രത്വത്തിന്റെ സുവിശേഷ പ്രഘോഷകൻ ... | 22 |
| രൂപതാകച്ചേരി വാർത്തകൾ .......................... | 30 |
| യുവജനവർഷം ........................................ | 32 |
| മതബോധനരംഗം ........................................ | 35 |
| ചെറുപുഷ്പമിഷൻലീഗ് ........................................ | 39 |
| *Department of Youth Ministry* ........................ | 46 |
| കെ.സി.വൈ.എം. ........................................ | 48 |
| കുടുംബപ്രേഷിതത്വം ........................................ | 56 |
| സീയോൻ വാർത്തകൾ........................................ | 63 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ | 65 |
| സാമൂഹ്യ സേവനരംഗം (WSSS) ........................ | 67 |
| ബയോവിൻ അഗ്രോ റിസർച്ച് ........................ | 72 |
| റേഡിയോ മാറ്റൊലി ........................................ | 77 |
| നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ | 85 |
| Mary Matha Arts & Science College ........................ | 87 |
| *CEADOM* വിദ്യാഭ്യാസമേഖല ........................ | 88 |
| ഡി.എഫ്.സി. ........................................ | 91 |
| കത്തോലിക്കാ കോൺഗ്രസ് ........................ | 93 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................ | 96 |
| ബിഷപ്സ് പ്രോഗ്രാം ........................................ | 97 |

# 2018 ജനുവരി 15 കർഷകദിനം

## കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഒരു പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗംപോലെ രൂപംകൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷികമേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദന ച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളിക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യം മൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കം കെടുത്തുകമാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉത്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്ത ള്ളണം. കർഷകന് പലിശരഹിത വായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതി നായിരം രൂപ പെൻഷൻ നൽകണമെന്ന 2015 ലെ സംസ്ഥാന കാർഷിക നയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്രസംസ്ഥാന സർക്കാരു കൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായ മായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണ്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരുംതലമുറകളും കാർഷികവൃത്തി തുടർന്നാൽ മാത്രമേ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നു വെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃ തിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസംസ്കൃതി യാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതൊടൊപ്പം പ്രകടമാ കുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശിക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമ കളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയത യുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ നില നിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷികവൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും

ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പ്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളിക്ഷാമം പരിഹരിക്കാനും ഉല്പദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭിക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിടയിച്ച ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടുവന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുനരുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായ വർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളിക ളുടെ കടങ്ങൾ എഴുതിത്തള്ളണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മികബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചു പ്രവർത്തിക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാറു കളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരുത്തു കയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറുമ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപണികളു മായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതിനായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണ പങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരുമാന പ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷക ദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരിപാടി കളാണ് കർഷദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത്. കൃഷിയു ടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താനുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെമിനാറു കളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷിക പ്രശ്ന ങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽ പെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരി ക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ബഹു. വികാരി യച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപികരിക്കണം.

ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്നന്നു വേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തിച്ചു പറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കുവേ ളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും,

അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപകരാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു. വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ് മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

---

**NB:- ഈ സർക്കുലർ 2018 ജനുവരി മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 01/2018***
***Prot. No. 20411/2017***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ജനുവരി മാസം മുതൽ നമ്മുടെ രൂപതയിൽ കുടുംബ കൂട്ടായ്മ രൂപം കൊള്ളുകയാണ്. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം ഇത് രൂപപ്പെട്ടുകഴിഞ്ഞു. ആദിമ ക്രൈസ്തവ സമൂഹ ത്തിന്റെ വിശ്വാസ ചൈതന്യത്തിലേക്കും ജീവിത ശൈലിയിലേക്കും ഇന്നത്തെ ക്രൈസ്തവ സമൂഹത്തെ തിരികെ കൊണ്ടുവരാനും, വിശ്വാസത്തിനും, സഹോദര്യത്തിനും, ബന്ധങ്ങൾക്കും സർവ്വോപരി ധാർമ്മിക മൂല്യങ്ങൾക്കും വിലകൽപ്പിക്കുന്ന സമൂഹത്തെ രൂപപ്പെടു ത്തുകയുമാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. സമൂഹത്തെ രൂപപ്പെ ടുത്തുന്നത് കുടുംബമാണ്. കാരണം അവിടെയാണ് ബന്ധങ്ങൾ ആരംഭിക്കുന്നതും നിലനിൽക്കുന്നതും, സാമൂഹീകരണം നേടുന്നതും വിശ്വാസമാർജ്ജിക്കുന്നതും. അതുകൊണ്ടാണ് 'ദൈവത്തിന്റെ സർഗ്ഗാ ത്മക പ്രവർത്തനങ്ങളുടെ ദൃശ്യമായ അടയാളം'എന്ന് ഫ്രാൻസിസ് മാർപാപ്പ കുടുംബത്തെ വിശേഷിപ്പിക്കുന്നത്(സ്നേഹത്തിന്റെ സന്തോഷം 10). കുടുംബത്തിൽ നിലനിൽക്കുന്ന ഈ കൂട്ടായ്മ വിശ്വാസ സമൂഹത്തിലും പ്രത്യേകിച്ച് ഇടവകാ തലത്തിലും അതിലൂടെ രൂപത യിലും സഭ മുഴുവനിലേക്കും വ്യാപിപ്പിക്കുക എന്നത് നാമോരോരു ത്തരും ഏറ്റെടുക്കേണ്ട ക്രൈസ്തവ ധർമ്മമാണ്.

മനുഷ്യൻ ഇന്ന് ഒരു തരം 'സ്വദേഹപ്രേമത്തലാണ്' (Narcissim) ജീവിക്കുന്നത്. തങ്ങൾക്കപ്പുറം നോക്കാനോ സ്വന്തം ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കുമപ്പുറം ചിന്തിക്കാനോ മനുഷ്യന് സാധിക്കുന്നില്ല. 'സഹോദരനെ സ്നേഹിക്കുന്ന നല്ല അയൽക്കാരനാകാൻ സാധി ക്കുന്നില്ല'(ലൂക്ക 10:37). ആൾക്കൂട്ടത്തിൽ എല്ലാവരും ഒറ്റയ്ക്കാവുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതാണ് ഏറ്റവും വലിയ ദാരിദ്ര്യമെന്നാണ് പരിശുദ്ധ ബനഡിക്ട് 16-ാമൻ പാപ്പ സത്യത്തിൽ സ്നേഹമെന്ന ചാക്രിക ലേഖനത്തിലൂടെ ഓർമ്മപ്പെടുത്തിയത്. അതിനാൽ പരസ്പരാ ശ്രയത്തിന്റെയും സഹായത്തിന്റെയും സ്വാന്ത്വനത്തിന്റെയും വേദികൾ

പുനഃസൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതാണ് കുടുംബകൂട്ടായ്മയിലൂടെ ലക്ഷ്യമിടുന്നത്.

പങ്കാളിത്ത മനോഭാവത്തോടെ സഭാ ദൗത്യങ്ങളിൽ പങ്കുചേരാൻ സഭാംഗങ്ങൾക്കെല്ലാം അവസരം ലഭിക്കുന്ന വേദികളാണ് കുടുംബ കൂട്ടായ്മകൾ. സഭയുടെ ഏറ്റവും ചെറിയ കോശമാണത്. ക്രിസ്തുവിന്റെ സഭയുടെ എല്ലാ മൗലിക ഘടകങ്ങളും അതിൽ ഉൾച്ചേർന്നിരിക്കുന്നു. അങ്ങേയറ്റം ലളിതവും വളരെയേറെ ഫലപ്രദവുമായ രീതിയിൽ ദൈവരാജ്യ സംസ്ഥാപനത്തിന് പങ്കാളിത്വത്തിലും സാഹോദര്യത്തിലും ഊന്നിയ വ്യക്തമായ സാക്ഷ്യം നൽകാൻ കഴിയുന്ന വേദിയാണത്. അതുകൊണ്ട് ദൈവരാജ്യ നിർമ്മിതി, ദൈവത്തിന്റെ രൂപവും ഛായയുമുള്ള സകലരുടെയും കടമയാണ്. മാമ്മോദീസായിലൂടെ ഇത് ഓരോ വിശ്വാസിയുടെയും കടമയും ദൗത്യവുമായി തീരുന്നു. കുടുംബങ്ങളിൽ ആരംഭിച്ച് കുടുംബ കൂട്ടായ്മയിൽ ഉൾചേർന്ന് ഇടവകയാകുന്ന വലിയ കുടുംബത്തിൽ പങ്കാളിത്വത്തിന്റെയും സാഹോദര്യത്തിന്റെയും വക്താക്കളായി ഫൊറോനാ രൂപതാതലം വരെയും വളർന്ന് സഭയിലൂടെ ദൈവരാജ്യ നിർമ്മിതിക്ക് അത്മായ നേതൃനിരയെ പ്രാപ്തരാക്കുവാൻ സാധിക്കുമാറുള്ള ഘടനയാണ് കുടുംബക്കൂട്ടായ്മയിലൂടെ നമ്മുടെ രൂപതയിൽ നിലവിൽ വരാൻ പോകുന്നത്.

ക്രിസ്തുസാക്ഷ്യം കുടുംബ കൂട്ടായ്മയിലൂടെ എന്ന ആദർശ വാക്യമാണ് നമ്മുടെ രൂപതയിൽ നാം തിരഞ്ഞെടുത്തിരിക്കുന്നത്. 15 മുതൽ 20 വരെ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ചെറുസമൂഹങ്ങളായി ഓരോ ഇടവകയിലേയും കുടുംബങ്ങളെ തിരിച്ച് കുടുംബ യൂണിറ്റ് നിലവിൽ വരുന്നതോടെ നിലവിലുള്ള 'വാർഡ്' സംവിധാനം ഇല്ലാതാകും. ഓരോ കുടുംബ യൂണിറ്റിനും പേരും, അതിർത്തികളും, ഭാരവാഹികളും വേണം. യൂണിറ്റിലെ അംഗങ്ങളെ നാല് ഗണങ്ങളായി തിരിച്ച് പിതാക്കൻമാരുടെ പ്രതിനിധിയായി പ്രസിഡന്റിനെയും അമ്മമാരുടെ പ്രതിനിധിയായി വൈസ് പ്രസിഡന്റിനെയും യുവജനങ്ങളുടെ പ്രതിനിധിയായി ട്രഷററെയും കുട്ടികളുടെ ആനിമേറ്ററായി ഒരു വേദപാഠ/ സ്കൂൾ അദ്ധ്യാപികയെ സെക്രട്ടറിയായും തിരഞ്ഞെടുക്കണം. ഇവരിൽ രണ്ടു പേർ വീതം പുരുഷൻമാരും വനിതകളുമായിരിക്കണം. ഇവർ നാല് പേരും ഇടവക പ്രതിനിധിയോഗത്തിൽ അംഗങ്ങളായിരിക്കും. യൂണിറ്റ് തലത്തിൽ പ്രവർത്തിക്കാൻ കുട്ടികളിൽ നിന്ന് ഒരാളെ 'കുട്ടിക്കൂട്ടം' പ്രസിഡന്റായും തിരഞ്ഞെടുക്കണം. ഇടവക കമ്മിറ്റിയിൽ വിവിധ ഉപസമിതികൾ രൂപികരിച്ച് അവയ്ക്ക് കൺവീനർമാർ ഉണ്ടാകുകയും, വികാരി, കൈക്കാരൻമാർ, ഉപസമിതി കൺവീനർമാർ, സൺഡേ

സ്കൂൾ ഹെഡ്മാസ്റ്റർ, സന്യസ്തരുടെ പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന സ്റ്റാൻഡിംഗ് കമ്മിറ്റി എന്ന സംവിധാനം നിലവിൽ വരികയും ചെയ്യും. ഇടവകാ പ്രതിനിധിയോഗം പ്രതിമാസം സമ്മേളിക്കുന്നതിന് മുമ്പായി സ്റ്റാൻഡിംഗ് കമ്മിറ്റി ചേർന്ന് അജണ്ട നിശ്ചയിക്കേണ്ടതാണ്. ഇടവക പ്രതിനിധിയോഗം ഇടവകയിൽ പ്രധാനപ്പെട്ട ആലോചന സമിതിയാണ്. ആയതിനാൽ കുടുംബ കൂട്ടായ്മ യൂണിറ്റുകളുടെ റിപ്പോർട്ട് അവതരണങ്ങളും ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളാൻ ആവശ്യമായ സമയവും ലഭിക്കത്തക്കവിധം രണ്ടാം ശനിയാഴ്ച്ച പോലുള്ള ഒഴിവ് ദിവസങ്ങളിൽ ഇടവക പ്രതിനിധിയോഗം ക്രമീകരിക്കേണ്ടതാണ്. കൂടുതൽ വിശദാംശങ്ങൾ കുടുംബകൂട്ടായ്മ നിയമാവലിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇടവക കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പിതാക്കൻമാരുടെ, മാതാക്കളുടെ, യുവാക്കളുടെ പ്രതിനിധികൾ, കുട്ടികളുടെ ആനിമേറ്റർമാർ എന്നിവരായിരിക്കും ഫൊറോന കൗൺസിൽ പ്രതിനിധികൾ. ഫൊറോനകളിൽ നിന്ന് ഇതേ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിരിക്കും.

ഇടവകയിൽ വികാരിയും, ഫൊറോനയിൽ ഫൊറോനാ വികാരിയും രൂപതയിൽ മെത്രാനുമായിരിക്കും ചെയർമാൻമാർ. രൂപതയിൽ മെത്രാൻ നിയമിക്കുന്ന വൈദികൻ ആ സംവിധാനത്തിന്റെ രൂപതാ ഡയറക്ടർ ആയിരിക്കും. ബഹു. പോൾ വാഴപ്പിള്ളി അച്ചനെയാണ് ഈ സ്ഥാനത്തേക്ക് ഇപ്പോൾ നിയമിച്ചിട്ടുള്ളത്. ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചൻ അസ്സോസിയേറ്റ് ഡയറക്ടറും ആയിരിക്കും. രൂപതാ പാസ്റ്ററൽ കൗൺസിൽ ആയിരിക്കും കുടുംബ കൂട്ടായ്മകളുടെ രൂപതാതല സമിതി.

എല്ലാ മാസത്തിലും ഒരിക്കൽ മുടങ്ങാതെ കുടുംബ കൂട്ടായ്മകൾ ചേരണം. കുടുംബത്തിലെ മുഴുവൻ അംഗങ്ങളും ഇതിൽ സംബന്ധിക്കണം. പ്രാർത്ഥന, പൊതു ചർച്ച, പഠനങ്ങൾ, കലാപരിപാടികൾ സ്നേഹവിരുന്ന് എന്നിവ ഇതിന്റെ ഭാഗമായിരിക്കും. സാധ്യമായ ഇടവകകളിൽ ഓരോ കൂട്ടായ്മകൾക്കും സിസ്റ്റർ/ സന്യസ്തർ എന്നിവരെ ആനിമേറ്റർമാരായി നൽകാവുന്നതാണ്. കൂടാതെ യൂണിറ്റുകളെ സഹായിക്കാൻ ഇടവകയിൽ ഒരു റിസോഴ്സ് ഗ്രൂപ്പും രൂപികരിക്കേണ്ടതാണ്. കുടുംബ യൂണിറ്റ് മീറ്റിംഗിൽ ഇടവകാ സ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുന്ന വിഷയങ്ങളും പൊതുനന്മയ്ക്കുപകരിക്കുന്ന മറ്റു പ്രധാനപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യുകയും അവയുടെ റിപ്പോർട്ട് ഇടവക പ്രതിനിധി യോഗത്തിൽ അവതരിപ്പിക്കുകയും വേണം. ഇത്തരത്തിൽ ഇടവക മുതൽ രൂപതവരെയുള്ള പരസ്പര ബന്ധിതമായ സംവിധാനമാണ്

നമ്മൾ മുന്നിൽ കാണുന്നത്. രൂപതയിൽ നടപ്പാക്കപ്പെടുന്ന പൊതു പരിപാടികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക, ഉപവി പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്തുക, സർക്കാർ സഹായങ്ങൾ, സ്കോളർഷിപ്പുകൾ, വായ്പ്പാസൗകര്യങ്ങൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, കാർഷിക ഉൽപ്പന്നവിപണന സാധ്യതകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നിവ കുടുംബ കൂട്ടായ്മകളുടെ ലക്ഷ്യമാകണം. ശരിയായ നടത്തിപ്പിനായി ആവശ്യമായ പരിശീലനങ്ങൾ ഓരോതലത്തിലും നൽകുന്നതിനുള്ള റിസോഴ്സ് ടീമും മറ്റ് സംവിധാനങ്ങളും ഒരുക്കി വരുന്നുണ്ട്.


2018 ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ യൂണിറ്റ്, ഇടവകാ തലങ്ങളിലും മെയ് മാസം ഫൊറോനാ തലത്തിലും കുടുംബ കൂട്ടായ്മ സമിതികൾ രൂപികരിക്കേണ്ടതാണ്. മെയ് മാസത്തിൽ രൂപതാ തലത്തിൽ ഉദ്ഘാടനം നടത്താമെന്ന് പ്രതീക്ഷിക്കുന്നു. കൈക്കാരൻമാരെ നിശ്ചയിക്കാനായി ഓരോ കൂട്ടായ്മയും ഒരു വ്യക്തിയുടെ പേര് നിർദ്ദേശിക്കുകയും ഇങ്ങനെ ലഭിക്കുന്ന പേരുകൾ ഉൾപ്പെട്ട പാനലിൽ നിന്ന് നാല് പേരെ പൊതുയോഗം കൈക്കാരൻമാരായി തെരഞ്ഞെടുക്കുകയുമാണ് വേണ്ടത്. ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ്.

കുടുംബ കൂട്ടായ്മകളുടെ സുഗമമായ നടത്തിപ്പിനായി രൂപതാ തലത്തിൽ തയ്യാറാക്കിയിരിക്കുന്ന നിയമാവലി അനുസരിച്ചായിരിക്കണം ഓരോ ഘടകവും പ്രവർത്തിക്കേണ്ടത്. എന്തെങ്കിലും മാറ്റം അനിവാര്യമായി വന്നാൽ ഇടവക വികാരി ഇടവകാ പ്രതിനിധിയോഗത്തിൽ ആലോചിച്ചശേഷം രൂപതാ മെത്രാനിൽ നിന്നും അനുവാദം വാങ്ങി നടപ്പിലാക്കാവുന്നതാണ്.

ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ജ്ഞാനത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട് പ്രപഞ്ചത്തിന്റെ നന്മയും മനോഹാരിതയും (പ്രപഞ്ചത്തിന്റെ ആദിമവിശുദ്ധി) സംരക്ഷിക്കാൻ മനുഷ്യനെ ദൈവം ചുമതലപ്പെടുത്തിയെന്നും അത് ഏകനായിരുന്നുകൊണ്ട് സാധ്യമല്ലെന്നും വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട് (ഉൽ 2:18). ആദിമ സഭയിൽ ആരും തങ്ങൾക്ക് മാത്രമായി സ്വത്തുക്കൾ സമ്പാദിച്ചിരുന്നില്ല. അവർ പങ്കുവെച്ചും പൊതുവായി കരുതിയുമാണ് ജീവിച്ചിരുന്നത് (അപ്പ 2:43 –47). അതിനാൽ വിശുദ്ധിയുടെ വീണ്ടെടുപ്പും, സാഹോദര്യപരമായ പങ്കുവെയ്പ്പും സഭാ വിശ്വാസ കൂട്ടായ്മയുടെ വളർച്ചയും ആർജിക്കാൻ ദൈവം നമ്മളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. അതിനായി നാം

വിഭാവനം ചെയ്യുന്ന കുടുംബ കൂട്ടായ്മകളുടെ രൂപീകരണത്തിനും, വിജയകരമായ പ്രവർത്തനത്തിനും വേണ്ടി മുഴുവൻ ദൈവജനവും തങ്ങളുടെ വികാരിമാരോട് സഹകരിക്കണമെന്ന് അറിയിക്കുന്നു. കൂടാതെ നമ്മുടെ രൂപതയിലെ മുഴുവൻ വൈദികരും, സന്യസ്തരും ആത്മാർത്ഥമായ സഹകരണം പ്രദാനം ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സരം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ജനുവരി മാസം 14–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# അമ്പത്തൊന്നാം ലോകസമാധാനദിനാഘോഷം

## 2018 ജനുവരി 1

### ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### *കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

**1. ഹൃദയപൂർവകമായ സമാധാനാശംസ**

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്തുമസ് രാത്രിയിൽ[1] മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് – ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്കും. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16–ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും[2] ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റിനിർത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു. പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നമുക്ക് ആശ്ലേഷിക്കണം."

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം.

സങ്കീർണവും നവീനവുമായ അസംഖ്യം ആധുനിക പ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരിക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കുള്ളിൽനിന്ന് അങ്ങനെ ചെയ്യണം."[3] നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം – പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.[4]

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്‌ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2–ാമൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശനിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"[5] മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽ നിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ജനങ്ങൾ മറ്റു കാരണങ്ങളാലും കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്."[6] അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലാവുദാത്തോസീ* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ

“പരിസ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്.”[7] മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്ത്വത്തെ ഇല്ലാതാക്കുന്നു.[8] ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

**3. ധ്യാനാത്മകമായ നോട്ടത്തോടെ**

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും “ഒറ്റക്കുടുംബത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭയുടെ സാമൂഹിക പ്രബോധനം പഠിപ്പിക്കുന്നതുപോലെ തന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.”[9] ഈ വാക്കുകൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിംബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നതകൾ കൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. അതിനെ നയിക്കുന്ന പരമാധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും

ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസത്തിന്റെ നോട്ടമാണത്. അവിടുന്ന് ഐക്യദാർഢ്യത്തെയും സഹോദര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്രഹത്തെയും വളർത്തുന്നു."[10] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാന വാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർത്ഥികളിലേക്കും വ്യാപിപ്പിക്കുമ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്നതെന്ന് നാം കണ്ടെത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാണ്. അതുപോലെ അവരുടെ സംസ്കാരങ്ങളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗചൈതന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമിതമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു. പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേചനശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബന്ധിച്ച ശരിയായ വീക്ഷണം അനുവദിക്കുന്ന പിരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം."[11] മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തുകൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തുകളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്നവർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

**4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ**

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.[12] നിയമപരമായ മാർഗങ്ങൾ

വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധ ഗ്രന്ഥം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യമര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."[13] അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."[14]

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സംപൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പരദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നല്ലോ."[15]

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചേർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫലപൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ പൗലോസ് ശ്ലീഹാ

ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."[16]

**5. രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം**

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റേത്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയ പ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കണം. സമാധാന സംസ്ഥാപന പരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച ഒരു അത്യാവശ്യവും സവിശേഷമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും.[17] രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത്പര്യം. അത് സഭയുടെ ഉദ്ഭവം മുതൽ തുടങ്ങിയതാണ്.

ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

**6. നമ്മുടെ പൊതുഭവനത്തിനുവേണ്ടി**

വിശുദ്ധ ജോൺപോൾ 2-ാമന്റെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും."[18] ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമവാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാം തീയതി അനേകം സഭാ സമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും, സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു"[19] എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

*വത്തിക്കാനിൽ നിന്ന്*
*13 നവംബർ 2017*

# ദൈവപുത്രത്വത്തിന്റെ സുവിശേഷ പ്രഘോഷകൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: മർക്കോ 15,1-47)**

വി. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്, "ദൈവപുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം" (1,1) എന്നു പറഞ്ഞുകൊണ്ടാണ്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ അവസാനഘട്ടത്തിൽ, മർക്കോസ് പീഡാനുഭവവിവരണം അവസാനിപ്പിക്കുന്നത്, അവിടുത്തെ ദൈവപുത്രത്വം പ്രഖ്യാപിച്ചുകൊണ്ടാണ്: "അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതുകണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15,39). മർക്കോസിന്റെ കാഴ്ചപ്പാടിൽ ഈശോ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കിയത് തന്റെ മനുഷ്യത്വത്തിൽ ദൈവപുത്രത്വം ജീവിച്ചുകൊണ്ടും അത് വെളിപ്പെടുത്തിക്കൊണ്ടുമാണ്. ക്രൈസ്തവരുടെ അടിസ്ഥാനപരമായ വിളി പരിശുദ്ധിയും ദൈവപുത്രത്വവുമാണ്: "ഈശോമിശിഹാവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1,4-5). ദൈവപുത്രത്വം വെളിപ്പെടുത്തിക്കൊണ്ടുള്ള അവിടുത്തെ മനുഷ്യജീവിതത്തിന്റെ പൂർത്തീകരണമായിരുന്നു ഈശോയുടെ പീഡാനുഭവവും മരണവും. ഈശോയുടെ പീഡാനുഭവ വിവരണത്തിലെ റോമൻ വിസ്താരം മുതൽ മൃതസംസ്കാരം വരെയാണ് മർക്കോസ് 15-ാം അദ്ധ്യായം വിവരിക്കുന്നത്. അഞ്ചു ഭാഗങ്ങളാണ് ഈ വിവരണത്തിലുള്ളത്. 1. വിചാരണയും വിധിയും (15,1-15); 2. പടയാളികളുടെ പരിഹാസം (15,16-20); 3. ഈശോ കുരിശിൽ (15,21-32); 4. ഈശോയുടെ മരണം (15,33-41); 5. മൃതസംസ്കാരം (15,42-47).

**1. ദൈവപുത്രത്വം വെളിപ്പെടുത്തുന്ന രാജത്വം**

"*പീലാത്തോസ് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? അവൻ മറുപടി പറഞ്ഞു: നീ തന്നെ പറയുന്നു*" (15,2).

"നീ യഹൂദരുടെ രാജാവാണോ?" എന്ന പീലാത്തോസിന്റെ ചോദ്യം, യഹൂദർ ഈശോയ്ക്കെതിരെ ഉന്നയിച്ച ആരോപണം എന്തായിരുന്നു എന്ന് വ്യക്തമാക്കുന്നു. മിശിഹായെ ഒരു രാജാവായാണ് ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട് താൻ മിശിഹായാണ്

എന്ന ഈശോയുടെ പ്രഖ്യാപനം താൻ രാജാവാണെന്ന പ്രഖ്യാപനത്തിനു തുല്യമാണെന്ന് യഹൂദർ പീലാത്തോസിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടാവണം. രാജാവാണെന്ന് അവകാശപ്പെടുന്നത് സീസറിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഗൗരവമായ രാജ്യദ്രോഹക്കുറ്റമാണ്. "നീ തന്നെ പറയുന്നു" എന്നത് സമ്മതം പ്രകടിപ്പിക്കുന്ന പ്രയോഗമാണ് (ലൂക്കാ 22,70-71). താൻ രാജാവാണെന്ന് ഈശോ സമ്മതിക്കുന്നു. എന്നാൽ അത് പീലാത്തോസ് ഭയക്കുന്ന തരത്തിലുള്ള രാജത്വമല്ല (മത്താ 27,2). എങ്കിലും ഈശോ മരണത്തിനു വിധിക്കപ്പെടുന്നത് തന്റെ രാജത്വത്തിന്റെ പേരിലാണ്. കുറ്റവാളിയുടെ കുറ്റമായി കുരിശിൻ മുകളിൽ എഴുതിവച്ചതും "യഹൂദന്മാരുടെ രാജാവായ നസറായൻ ഈശോ" എന്നായിരുന്നുവല്ലോ.

ഈശോയുടെ രാജത്വത്തിന്റെ സ്വഭാവം വി. യോഹന്നാന്റെ സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ട്: "ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനു വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നല്കാൻ" (യോഹ 18,37). സത്യത്തിനു സാക്ഷ്യം നല്കുന്ന രാജത്വമാണ് ഈശോയുടെ രാജത്വം. സത്യമെന്നു പറയുന്നത് ദൈവവചനമാണ് (യോഹ 17,17). ഈശോ 'വചനം മാംസമായ' വ്യക്തിയാണ് (യോഹ 1,14). 'വചനം' വ്യക്തിയുടെ സ്വയം വെളിപ്പെടുത്തലാണ്. വചനമാകുന്ന ഈശോ ദൈവമാകയാൽ (യോഹ 1,1 -2) അവിടുത്തെ വചനം ദൈവത്തെ വെളിപ്പെടുത്തുന്നതാണ്. യോഹ 1,1-2 നു സമാന്തരമായ 1,18 ൽ വ്യക്തമായി പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്". ഈശോയുടെ ജീവിതം മുഴുവൻ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിന്റെ വെളിപ്പെടുത്തലായിരുന്നു. 'ബറാബ്ബാസ്' എന്ന വാക്കിന്റെ അർത്ഥം 'അപ്പന്റെ മകൻ' എന്നാണ്. മാനുഷികപുത്രത്വം അക്രമത്തിന്റേതും കൊലപാതകത്തിന്റേതുമാണെങ്കിൽ ദൈവപുത്രത്വം അഹിംസയുടേതും സ്നേഹത്തിന്റേതുമാണ്. ബറാബ്ബാസിനെ മോചിപ്പിക്കാനും ഈശോയെ ക്രൂശിക്കാനും ആവശ്യപ്പെട്ടതിലൂടെ യഹൂദർ മാനുഷികപുത്രത്വത്തെ സ്വീകരിക്കുകയും ദൈവികപുത്രത്വത്തെ നിരസിക്കുകയുമാണ് ചെയ്തത്. ഈ ദൈവികപുത്രത്വത്തിന്റെ സുവിശേഷമാണ് പുരോഹിതൻ പ്രഘോഷിക്കേണ്ടത്.

**2. ശത്രുക്കളെ സ്നേഹിക്കുന്ന ദൈവപുത്രത്വം**

*"അവർ അവനെ ചെമപ്പുവസ്ത്രം ധരിപ്പിക്കുകയും ഒരു മുൾക്കിരീടം മെടഞ്ഞ് അണിയിക്കുകയും ചെയ്തു. യഹൂദരുടെ*

*രാജാവേ, സ്വസ്തി! എന്ന് അവർ അവനെ അഭിവാദനം ചെയ്യാൻ തുടങ്ങി. പിന്നീട് ഞാങ്ങണകൊണ്ട് അവന്റെ ശിരസ്സിൽ അടിക്കുകയും അവന്റെമേൽ തുപ്പുകയും മുട്ടുകുത്തി അവനെ പ്രണമിക്കുകയും ചെയ്തു*" (15,17-19).

റോമൻ പടയാളികളാൽ പരിഹസിക്കപ്പെടുന്ന രംഗമാണ് ഇവിടെ വിവരിക്കുന്നത്. സാൻഹെദ്രീനിലെ വിചാരണ അവസാനിക്കുന്നതുപോലെതന്നെ പീലാത്തോസിന്റെ വിചാരണയും പടയാളികളുടെ പരിഹാസത്തോടെയാണ് അവസാനിക്കുന്നത്. വിജാതീയരാൽ താൻ അപമാനിക്കപ്പെടുമെന്ന് ഈശോ പ്രവചിച്ചിരുന്നു: "അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും" (10,34). രാജകീയ വസ്ത്രത്തിന്റെ നിറമാണ് ചെമപ്പ്. ചെമപ്പുവസ്ത്രവും മുൾക്കിരീടവുമണിയിക്കുന്നത് ഈശോയുടെ രാജത്വത്തെ പുച്ഛിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടിയാണ്. അറിയാതെയാണെങ്കിലും പടയാളികൾ ഈശോയെ മുൾക്കിരീടം ധരിപ്പിക്കുന്നത് അർത്ഥഗർഭമാണ്. മനുഷ്യപാപത്തിന്റെ ദൈവശിക്ഷയായ മുള്ളും മുൾച്ചെടികളും (ഉല്പ 3,17-18) ഈശോ തന്റെമേൽ ഏറ്റെടുക്കുകയാണ്. "സീസറേ, സ്വസ്തി" എന്നത് അനുകരിച്ചാണ് "യൂദന്മാരുടെ രാജാവേ, സ്വസ്തി" എന്ന് ആക്ഷേപിക്കുന്നത്. ഈശോയുടെ രാജത്വത്തെയാണ് അവർ അധിക്ഷേപിച്ചത്. ഈശോ യഥാർത്ഥത്തിൽ രാജാവാണെന്ന സത്യം അറിയാതെയാണെങ്കിലും തങ്ങളുടെ പ്രവൃത്തിയിലൂടെ അവർ പ്രഘോഷിക്കുകയായിരുന്നു.

ക്രിസ്തീയജീവിതം പരിഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശ്വാസമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. 'വിശ്വാസികളുടെ സമൂഹം' എന്നാണ് ആദിമക്രൈസ്തവസമൂഹം അറിയപ്പെട്ടിരുന്നത് (നട 4,32). വിശ്വാസത്തിന്റെ വെളിച്ചത്തിലുള്ള ജീവിതം വിശ്വാസമില്ലാത്തവർക്ക് മനസ്സിലാക്കുവാനും സ്വീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് വിശ്വാസമില്ലാത്തവരുടെ പരിഹാസവും നിന്ദയും വിശ്വാസികൾക്ക് എപ്പോഴും പ്രതീക്ഷിക്കാം. സഭ മനുഷ്യരുടെ സമൂഹമായതുകൊണ്ടും സഭാംഗങ്ങൾക്കെല്ലാവർക്കും എപ്പോഴും വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കാൻ കഴിയാതെ വരുന്നതുകൊണ്ടും സഭയിൽത്തന്നെ ഇതുപോലെയുള്ള സാഹചര്യങ്ങളു

ണ്ടാകാം. അജപാലകരായ പുരോഹിതരെ സംബന്ധിച്ചിടത്തോളം അവരുടെ ശുശ്രൂഷാതലങ്ങളിലും മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും ലഭിക്കുന്ന സാഹചര്യങ്ങളുണ്ടാകാം. അപ്പോഴൊക്കെ പടയാളികളാൽ പരിഹസിക്കപ്പെട്ട ഈശോ നമുക്കു പ്രചോദനമാകണം. അവിടുന്നു പഠിപ്പിച്ചു: "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും" (മത്താ 5,44-45). താൻ പഠിപ്പിച്ചത് തന്റെ പീഡാനുഭവത്തിൽ ഈശോ അക്ഷരാർത്ഥത്തിൽ ജീവിച്ചു. അവിടുത്തെ പ്രബോധനവും ജീവിതവും നമുക്കും പ്രചോദനമാകണം.

**3. സഹനം അവകാശമായി കരുതുന്ന ദൈവപുത്രത്വം**

*"തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥായിൽ അവർ അവനെ കൊണ്ടുവന്നു. മീറ കലർത്തിയ വീഞ്ഞ് അവർ അവനു കൊടുത്തു. അവൻ അതു കുടിച്ചില്ല. പിന്നീട്, അവർ അവനെ കുരിശിൽ തറച്ചു. അതിനുശേഷം അവർ അവന്റെ വസ്ത്രങ്ങൾ ഭാഗിച്ച് ഓരോരുത്തരും എടുക്കേണ്ട വീതത്തിനു കുറിയിട്ടു"* (15,22-24).

കാര്യമായ വിശദീകരണങ്ങളൊന്നുമില്ലാതെയും, ശാരീരിക വേദനകളുടെ വർണ്ണനകൾ കൂടാതെയും വളരെ ചുരുങ്ങിയ വാക്കുകളിൽ ലളിതമായാണ് ഈശോയെ കുരിശിൽ തറയ്ക്കുന്ന സംഭവം മർക്കോസ് രേഖപ്പെടുത്തുന്നത്. 'തലയോട്ടി' എന്നർത്ഥമുള്ള 'ഗുൽഗുൽത്താ' എന്ന അറമായ പദത്തിന്റെ ഗ്രീക്കു പരിഭാഷയാണ് 'ഗൊൽഗോഥാ' എന്ന വാക്ക്. ആ സ്ഥലത്തിന് തലയോട്ടിയുടെ ആകൃതിയുണ്ടായിരുന്നിരിക്കാം. ആദത്തിന്റെ തല കിടന്നിരുന്ന സ്ഥലമാണതെന്ന ഒരു പാരമ്പര്യം നിലവിലുണ്ടായിരുന്നതായി വി.ജറോം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാപത്തിന്റെ ഫലമായി ശിക്ഷയ്ക്കും മരണത്തിനും വിധേയനായ മനുഷ്യനെ രക്ഷിക്കുവാൻ വേണ്ടിയാണ് ഈശോ കുരിശിൽ തറയ്ക്കപ്പെട്ടത്. മീറ കലർത്തിയ വീഞ്ഞ് ഈശോയുടെ വേദന കുറയ്ക്കാൻവേണ്ടി നല്കിയതായിരിക്കണം (സുഭാ 31,6-7). എന്നാൽ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള സഹനങ്ങൾ പൂർണ്ണബോധത്തോടെ ഏറ്റുവാങ്ങാൻ നിശ്ചയിച്ചിരുന്നതിനാൽ ഈശോ അതു കുടിച്ചില്ല. കുരിശിൽ മയങ്ങിക്കിടന്നുകൊണ്ടല്ല, പൂർണ്ണമായ അവബോധത്തോടെയാണ് ഈശോ മനുഷ്യരക്ഷ സാധിച്ചത്. "അവനോടുകൂടെ രണ്ടു കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു. ഒരുവനെ അവന്റെ വലത്തുവശത്തും അപരനെ ഇടത്തുവശത്തും" (15,27-28). പാപികളെ രക്ഷിക്കുവാൻ ഈശോ പാപികളോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടു. ഇപ്രകാരം

ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകര മൂല്യം വ്യക്തമാക്കിക്കൊണ്ടാണ് മർക്കോസ് ഈ രംഗം അവസാനിപ്പിക്കുന്നത്.

ദൈവപുത്രത്വത്തെ സംബന്ധിച്ചിടത്തോളം സഹനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്ന ഒരു കാഴ്ചപ്പാട് റോമാക്കാർക്കുള്ള പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ കാണുന്നുണ്ട്. ശ്ലീഹാ പറയുന്നു: "നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്ത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു" (റോമാ 8,17). സഹനത്തിലൂടെ മഹത്ത്വത്തിൽ പ്രവേശിക്കുക എന്നത് ദൈവപുത്രസഹജമായ അവകാശമാണ്. അതുകൊണ്ട് ഈശോ ബോധപൂർവം കുരിശുമരണത്തിന്റെ സഹനം ഏറ്റെടുക്കുകയാണ്. ഈശോയോടൊപ്പം കുരിശു വഹിക്കാൻ ഭാഗ്യം ലഭിച്ച കിറേനക്കാരൻ ശിമയോന്റെ കാര്യവും ഈ സന്ദർഭത്തിൽ മർക്കോസ് പരാമർശിക്കുന്നുണ്ട്. അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായിട്ടാണ് ശിമയോനെ മർക്കോസ് പരിചയപ്പെടുത്തുന്നത് (15,21). റോമിലെ ക്രിസ്ത്യാനികൾക്ക് അവർ പരിചിതരായിരുന്നു (റോമാ 16,13). ഈശോയുടെ സഹനത്തിൽ പങ്കുചേരുന്ന ശിമയോൻ, ഇപ്പോൾ ദൈവപുത്രനായ മിശിഹായോടുകൂടെ പീഡയനുഭവിക്കുന്ന ദൈവപുത്രരായ ക്രൈസ്തവരെ പ്രതിനിധീകരിക്കുന്നു. പുരോഹിതജീവിതത്തിലെ സഹനങ്ങളും ദൈവപുത്രസഹജമായ അവകാശമായി കരുതി രക്ഷാകരമാക്കുവാൻ നാം പരിശ്രമിക്കണം.

**4. വെല്ലുവിളികളെ നേരിടുന്ന ദൈവപുത്രത്വം**

"*ഞങ്ങൾ കണ്ടു വിശ്വസിക്കുന്നതിനുവേണ്ടി ഇസ്രായേലിന്റെ രാജാവായ മിശിഹാ ഇപ്പോൾ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ. അവനോടൊപ്പം ക്രൂശിക്കപ്പെട്ടവരും അവനെ പരിഹസിച്ചു*" (15,32).

ഈശോയെ കുരിശിൽ തറയ്ക്കുന്നതിനും ഈശോയുടെ മരണത്തിനുമിടയ്ക്കുള്ള സമയം മുഴുവൻ ഈശോ പരിഹസിക്കപ്പെടുന്ന ചിത്രമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. "അതിലെ കടന്നുപോയവർ" പൊതുജനത്തിന്റെ പ്രതിനിധകളാണ്. 14,58 ൽ ഈശോയ്ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പരിഹാസം. ദൈവാലയം നശിപ്പിച്ച് മൂന്നു ദിവസംകൊണ്ടു പണിയുന്നവൻ കുരിശിൽനിന്നിറങ്ങി വരട്ടെ എന്നതാണ് അവരുടെ പരിഹാസം (15,29-30). യഥാർത്ഥത്തിൽ തന്റെ ശരീരമാകുന്ന പുതിയ ദൈവാലയം പണിയുന്ന പ്രക്രിയയിലാണ് അവിടുന്ന് എന്നത് അവർ

അറിയുന്നില്ല. ഈശോയെ പരിഹസിച്ച രണ്ടാമത്തെ സംഘം പുരോഹിത പ്രമുഖന്മാരും നിയമജ്ഞരുമടങ്ങുന്നതാണ് (15,31–32). മറ്റുള്ളവരെ രക്ഷിക്കുന്നവന് സ്വയം രക്ഷിക്കാൻ കഴിയാത്തതാണ് അവരുടെ പരിഹാസത്തിനു കാരണം. മറ്റുള്ളവരെ രക്ഷിക്കാൻവേണ്ടിയാണ് ഈശോ സ്വയം രക്ഷിക്കാത്തത് എന്ന് അവർ അറിയുന്നില്ല. ഈശോയെ പരിഹസിക്കുന്ന മൂന്നാമത്തെ സംഘം മറ്റു രണ്ടു കുറ്റവാളികളുടേതാണ്. ഈ മൂന്നു സംഘങ്ങളുടെയും പരിഹാസം സൂചിപ്പിക്കുന്നത്, സമൂഹത്തിൽ എല്ലാവരാലും –ഏറ്റവും ഉന്നതർ മുതൽ ഏറ്റവും താഴ്ന്നവർവരെ– പരിഹസിക്കപ്പെട്ടും തിരസ്കരിക്കപ്പെട്ടുമാണ് ഈശോ മരിക്കുന്നതെന്നാണ്.

ഈശോയുടെ ദൈവപുത്രത്വത്തിനു നേരെ ഉയർത്തപ്പെട്ട വെല്ലുവിളികളാണ് ഈ പരിഹാസങ്ങൾ. എല്ലാവരും ഒന്നടങ്കം ഈശോയോട് ആവശ്യപ്പെട്ടത് ഒന്നുമാത്രം: കുരിശിൽനിന്നിറങ്ങി വരിക (മർക്കോ 15,30 –32; മത്താ 27,44). ഈശോയ്ക്ക് കുരിശിൽനിന്നിറങ്ങി വരാൻ കഴിയാതിരുന്നത്, ഒരൊറ്റ കാരണംകൊണ്ടാണ് – അനുസരണം. പിതൃഹിതത്തോടുള്ള പുത്രന്റെ അനുസരണം. പീഡാനുഭവത്തിന്റെ തുടക്കത്തിൽ ഈശോയുടെ പ്രാർത്ഥനയിൽ അതു വ്യക്തമാക്കപ്പെട്ടു. “ആബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ ഹിതംമാത്രം” (14,36). ദൈവഹിതപ്രകാരം നാമോരോരുത്തരും തറയ്ക്കപ്പെട്ട കുരിശിൽനിന്ന് ഇറങ്ങിവരാനുള്ള പ്രലോഭനം എല്ലാ ജീവിതാന്തസ്സിലുള്ളവർക്കും ഉണ്ടാകാം. ഒരിക്കലും നന്നാകാത്ത ഭർത്താവുമായുള്ള വിവാഹബന്ധമെന്ന കുരിശിൽനിന്ന്; വൃദ്ധരും തീരാരോഗികളും അസംതൃപ്തരുമായ മാതാപിതാക്കളുമൊത്തുള്ള ജീവിതമെന്ന കുരിശിൽനിന്ന്; വഴി പിഴച്ചവരും കുടുംബദ്രോഹികളുമായ മക്കളോട് എന്നും ക്ഷമിച്ചുകൊണ്ടുള്ള സഹനജീവിതത്തിൽനിന്ന്; എത്ര പണിപ്പെട്ടിട്ടും ഫലം കാണാത്ത അജപാലനശുശ്രൂഷാജീവിതമാകുന്ന കുരിശിൽനിന്ന്... നാമോരോരുത്തരും തറയ്ക്കപ്പെട്ടിരിക്കുന്ന കുരിശിൽനിന്ന് ഇറങ്ങിവരാൻ സാധിക്കുന്നതാണ് ദൈവംകൂടെയുണ്ടെന്നുള്ളതിന്റെ അടയാളമെന്നു തോന്നാം. എന്നാൽ കുരിശിൽനിന്നിറങ്ങുന്നവനല്ല, മറ്റുള്ളവർക്കുവേണ്ടി കുരിശിൽ കിടക്കുന്നവനാണ് ദൈവപുത്രൻ.

### 5. ലോകത്തിനു സാക്ഷ്യമായിത്തീരുന്ന ദൈവപുത്രത്വം

“*അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു*” (15,39).

ഈശോയുടെ മരണവും സംസ്കാരവുമാണ് ഈ സുവിശേഷ ഭാഗം അവതരിപ്പിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ ക്രൂശിതനായ ഈശോ ഉച്ചരിച്ച ഒരേയൊരു വചനം സങ്കീ 22,1 ലെ പീഡയനുഭവിക്കുന്ന നീതിമാന്റെ, ഏറ്റവും ഹൃദയസ്പൃക്കായ വാക്കുകളിൽ, ദൈവത്തെ വിളിച്ചുള്ള നിലവിളിയാണ്. കുരിശിൽ ഈശോയ്ക്ക് അനുഭവപ്പെട്ട തകർച്ചയും ദുഃസ്സഹവേദനയും ഏകാന്തസഹനവും പരിത്യക്തതയുടെ പാരമ്യവും ഈ നിലവിളി പ്രകാശിപ്പിക്കുന്നുണ്ട്. ദൈവം തന്നെ ഉപേക്ഷിച്ചതുപോലെ അവിടുത്തേക്ക് അനുഭവപ്പെട്ടു. ദൈവത്തിൽനിന്നു വിഛേദിക്കപ്പെടുന്ന പാപികളുടെ അനുഭവത്തോടു സദൃശ്യമായഅനുഭവമായിരിക്കണം ഈ നിലവിളിയിൽ പ്രതിധ്വനിക്കുന്നത്. പാപികളോടു താദാത്മ്യപ്പെട്ടുകൊണ്ട് പാപികളെ രക്ഷിക്കുന്ന ദൈവപുത്രത്വമാണ് ഇവിടെ പ്രകടമാകുന്നത്. അതേസമയം, "എന്റെ ദൈവമേ! എന്റെ ദൈവമേ!" എന്ന സംബോധനയിൽ ദൈവത്തിലുള്ള തന്റെ വിശ്വാസവും പ്രത്യാശയും നിഴലിക്കുന്നുണ്ട്. വിലാപത്തിലാരംഭിക്കുന്ന 22-ാം സങ്കീർത്തനം അവസാനിക്കുന്നത് ദൈവം നല്കുന്ന സംരക്ഷണത്തെയും രക്ഷയെയും പറ്റിയുള്ള ഉറച്ച പ്രത്യാശയിലും നന്ദിപ്രകാശനത്തിലുമാണ് (സങ്കീ 22,19-31). ഈശോയുടെ നിലവിളിയിൽ ഇതും പ്രതിധ്വനിക്കുന്നുണ്ട്. അതികഠോരസഹനത്തിന്റെ അഗാധതലങ്ങളിൽനിന്നു ദൈവം പ്രിയപുത്രനെ ഉത്ഥാനത്തിന്റെ ഉന്നതങ്ങളിലേക്കുയർത്തുമെന്ന പ്രത്യാശയും ഈ നിലവിളി ഉൾക്കൊള്ളുന്നുണ്ട്.

ക്രൂശിക്കലിനു നേതൃത്വംകൊടുത്ത ശതാധിപൻ ഈശോയുടെ മരണം നേരിൽകണ്ട്, അവിടുത്തെ ദൈവപുത്രത്വം ഏറ്റുപറയുന്നു: "അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15,39). ഈശോ മരിച്ചത് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടാണ് (15,37). ഈ നിലവിളിയുടെ പൊരുൾ എന്താണെന്ന് ബൈബിൾ വ്യാഖ്യാതാക്കൾ വിശകലനം ചെയ്യുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പറഞ്ഞ് "ആത്മാവിനെ സമർപ്പിച്ചു" എന്നാണ് (19,30) ഈശോയുടെ മരണത്തെ അവതരിപ്പിക്കുന്നത്. പിതാവ് തന്നെ ഏല്പിച്ച രക്ഷാകര ദൗത്യം അതിന്റെ തികവിൽ പൂർത്തീകരിച്ചു എന്ന പുത്രന്റെ സംതൃപ്തിയാണ് ഈ നിലവിളിയിൽ പ്രതിധ്വനിച്ചത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. സാധാരണ കുറ്റവാളികളുടെ മരണത്തിൽനിന്നും വ്യത്യസ്തമായ ഒരു മരണമായിരുന്നു ഈശോയുടേത് എന്നതാണല്ലോ ശതാധിപനെ ഈശോയുടെ ദൈവപുത്രത്വം ഏറ്റുപറയാൻ നിർബന്ധിച്ചത്. അത് തന്റെ പിതാവിന്റെ ഹിതം അതിന്റെ തികവിൽ പൂർത്തിയാക്കിയ

ഈശോയുടെ പുത്രസഹജമായ, സംതൃപ്തിയോടുകൂടെയുള്ള മരണമായിരിക്കണം. 'ദൈവത്തിൽനിന്നു വന്നു, ദൈവത്തിലേക്കു പോകുന്നു' എന്നു വിശ്വസിക്കുന്ന ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ അടിസ്ഥാനപരമായ സംതൃപ്തിയുടെയും സന്തോഷത്തിന്റെയും കാരണം ജീവിതത്തിൽ ദൈവഹിതം പൂർത്തിയാക്കി എന്നതായിരിക്കും. മിശിഹായുടെ പ്രതിപുരുഷനായ പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള സന്തോഷവും സംതൃപ്തിയുമായിരിക്കും ഏറ്റം വലിയ ജീവിതസാഫല്യവും സാക്ഷ്യവും.

**ജീവിതസൂചിക**

1. പിതാവായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവപുത്രർക്കടുത്ത ജീവിതമാണോ ഞാൻ നയിക്കുന്നത്?

2. മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും നേരിടേണ്ടി വരുന്ന സന്ദർഭങ്ങളെ നിശബ്ദമായി സ്നേഹത്തോടെ നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?

3. പുരോഹിതജീവിതത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളെ ദൈവപുത്രസഹജമായ അവകാശങ്ങളായി കരുതി രക്ഷാകരമാക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

4. ദൈവഹിതപ്രകാരം നേരിടേണ്ടി വരുന്ന സഹനങ്ങളെ ഒഴിവാക്കാനുള്ള പ്രലോഭനങ്ങളെ ഞാൻ എങ്ങനെ നേരിടുന്നു?

5. എല്ലാം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെ മരണത്തെ നേരിടാൻ തക്കവിധമാണോ ഞാൻ ജീവിക്കുന്നത്?

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ മിഷൻ പ്രേഷിതവാരം ജനുവരി 6-12**

സീറോമലബാർ സഭയുടെ വിവിധമിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോമലബാർ മിഷനെ സഹായിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോമലബാർ മിഷൻ വാരാചരണം. 2018 ജനുവരി 6 മുതൽ 12 വരെയാണ് സീറോമലബാർ മിഷൻ വാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മിഷൻവാരത്തെ അധികരിച്ച് നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വേണ്ടത്ര മുൻ ഒരുക്കങ്ങളോടെ വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും മിഷനുവേണ്ടി സമാഹരിച്ച തുക ജനുവരി 30-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**യുവവൈദികർക്കുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2018 ഫെബ്രുവരി 26 തിങ്കളാഴ്ച വൈകുന്നേരം 7 മണിമുതൽ മാർച്ച് 1 വ്യാഴാഴ്ച 1 മണിവരെയായിരിക്കും. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. ആ ദിവസങ്ങളിലെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് നിർബന്ധമായും കോഴ്സിൽ സംബന്ധിക്കണം.

**സ്നേഹസ്മരണ**

**1. മോൺ. ജോസഫ് കണിയാമറ്റം**

മാനന്തവാടി രൂപതയുടെ ആരംഭം മുതൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ബഹു. ജോസഫ് കണിയാമറ്റത്തിൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2018 ജനുവരി 17 ന് നാല് വർഷം തികയുന്നു. അന്നേദിവസം സീയോൻ ചാപ്പലിൽ രാവിലെ 7 മണിക്ക് വി.കുർബാനയും സെമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**2. റവ.ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ**

ജനുവരി 29 ന് നമ്മുടെ പ്രിയപ്പെട്ട ജോസഫ് കോട്ടേപ്പറമ്പില ച്ചന്റെ ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**വൈദികസമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരു ടേയും ഒരു യോഗം 2018 ജനുവരി 31-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് ചേരുന്നു. വിശദ വിവരങ്ങൾ കത്തുമുഖേന ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**നന്ദി, സ്വാഗതം**

അപ്പപ്പാറ ഇടവകയിൽ നിന്നും സ്തുത്യർഹമായ സേവനത്തി നുശേഷം സ്ഥലം മാറിപ്പോകുന്ന സ്നേഹ ബഹുമാനപ്പെട്ട ഫെബിൻ കച്ചിറയിൽ അച്ചനെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ അച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥന കളും ആശംസകളും നേരുന്നു. അപ്പപ്പാറ ഇടവകയുടെ പുതിയ ഇടയ നായി സേവനം അനുഷ്ഠിക്കാൻ കടന്നുവന്നിരിക്കുന്ന ബഹു. ജോജി തലച്ചിറ അച്ചന് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

## Appointment

1. Rev.Fr. James Mankottil - Vicar, St. Mary's Church, Bekki (w.e.f. 17-12-2017)
2. Rev.Fr. Joji Thalachira O.Carm - Vicar, St. George Church, Appapara (w.e.f. 31-12-2017)

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# യുവജനവർഷം

## 2017 ഡിസംബർ 8 – 2018 ഡിസംബർ 8

**യുവജനവർഷ ലോഗോ**

വചനം: "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്" (മത്തായി 5.14).

**ആപ്തവാക്യം** -യുവജങ്ങൾ: സഭയുടെയും സമൂഹത്തിന്റെയും വിളക്കും വെളിച്ചവും.

**അടിസ്ഥാന രേഖ–** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപന വേളയിൽ കൗൺസിൽ യുവജങ്ങളോടായി പറഞ്ഞു, 'അല്ലയോ യുവതീ യുവാക്കൻമാരേ, ഈ കൗൺസിൽവഴി സഭ അതിപ്രധാനമായി വരുന്നത് നിങ്ങളിലേക്കാണ്. എന്തിനാണെന്നോ? നിങ്ങളിലൊരു വിളക്കുകൊളുത്തുവാൻ; ഭാവിയെ പ്രകാശിപ്പിക്കുന്ന, നിങ്ങളുടെ ഭാവിയെ പ്രകാശിപ്പിക്കുന്ന, ഒരു വിളക്ക്'.

യുവജന വർഷത്തിൽ യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും വിളക്കും വെളിച്ചവുമാണെന്ന് എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു.

**ദീപം:**

യുവജനങ്ങൾ ലോകത്തിന്റെ വെളിച്ചമാണെന്നതിന്റെ അടയാളവും പീഠത്തിന്മേലാണ് വെയ്ക്കപ്പെടേണ്ടത് എന്ന സൂചനയും.

**വൈ പ്രതീകം**

യുവജനങ്ങളുടെ പരസ്പര സഹവർത്തിത്വം, ലോകത്തോടുള്ള തുറവി, ദൈവത്തോടുള്ള അടുപ്പം എന്നീ ആശയങ്ങൾ ദ്യോതിപ്പിക്കുന്നു. ഇംഗ്ലീഷ് അക്ഷരമാലയിലെ വൈ എന്ന അക്ഷരം യുവജനങ്ങളുടെ പ്രതീകമായും ഇയർ ഓഫ് യൂത്തിന്റെ അടയാളമായും ചിത്രീകരിച്ചിരിക്കുന്നു.

**നിറങ്ങൾ:** പിങ്ക് യുവാവിനെയും നീല യുവതിയെയും സൂചിപ്പിക്കുന്നു. ഒപ്പം മാതാവിന്റെ സാന്നിധ്യവും. ചുവപ്പ്-വെള്ള-മഞ്ഞ, കെ.സി.വൈ.എം പതാകയുടെ നിറങ്ങൾ

**ചിത്രം:** യേശു, യുവശിഷ്യനായ യോഹന്നാന് ജ്ഞാനം നൽകുന്ന ഐക്കൺ. ദൈവത്തിൽ നിന്നും ലഭിക്കുന്ന ദൈവീകമായ ജ്ഞാനമാണ്

യഥാർത്ഥ വെളിച്ചം. അത് ഇരുളിൽ പ്രകാശിക്കുന്നു. അങ്ങനെ യുവജനങ്ങൾ ലോകത്തിന്റെ പ്രകാശമായി മാറുന്നു.

**യൂത്ത് ക്യാൻഡിൽ:** ലോകത്തിന്റെ പ്രകാശമായ ക്രസ്തുവിനെ സൂചിപ്പിക്കുന്നു.

**സ്വർഗ്ഗീയ മധ്യസ്ഥൻ:** വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

**യുവജനവർഷം ഡിസംബർ 8 മുതൽ ഡിസംബർ 8 വരെ.**

മാനന്തവാടി രൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥ പരിശുദ്ധ അമ്മയാണ്. അതുകൊണ്ടാണ് പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളിൽ യുവജനവർഷം ആരംഭിച്ച് അമലോത്ഭവതിരുനാളിൽ തന്നെ സമാപിക്കുന്നത്.

**യുവജനവർഷ ഉദ്ഘാടനം**

യുവജനവർഷാരംഭം തലഞ്ഞി സെന്റ് മേരീസ് ദേവാലയ ത്തിൽ 08-12-2017 വെള്ളിയാഴ്ച്ച രാവിലെ 9.30 ന് യുവജന ക്യാൻഡിൽ തെളിച്ച് വികാരി ജനറാൾ മോൺ. ഫാ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മണിമൂളി ഫൊറോനാ വികാരി ഫാ. ചാക്കോ മേപ്പുറം യുവജനങ്ങൾക്ക് പ്രതിജ്ഞ ചൊല്ലികൊടുത്തു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യുവജനവർഷ പ്രാർത്ഥന ചൊല്ലികൊടുത്തു. ഫാ.സജി പുഞ്ചയിൽ, ഫാ.ജോഷി പുൽപ്പയിൽ, ഫാ.വർഗ്ഗീസ് കിഴക്കൻപുതുപളളി, ഫാ.മനോജ് കറുത്തേടത്ത്, ഫാ.ഷാജു OFM.Cap, ഫാ.ബാബു പാറയിൽ എന്നിവരും കെ.സി.വൈ.എം. മേഖലാഭാരവാഹികളും യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും സന്നിഹിതരായിരുന്നു. യുവജനവർഷ ഉദ്ഘാടന ദിനാഘോഷത്തിന് എല്ലാവിധ സജ്ജീകരണവും ഒരുക്കിയ വികാരി ഫാ.സജി പുഞ്ചയിലിനും, സിസ്റ്റേഴ്സിനും, യുവജനസുഹൃത്തു ക്കൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

**യുവജനവർഷ പ്രവർത്തനങ്ങളുടെ ആലോചനാ മീറ്റിംഗ്**

ഡിസംബർ 12-ാം തീയതി വെള്ളിയാഴ്ച്ച ബിഷപ്സ് ഹൗസിൽ വെച്ച് മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ, വികാരി ജനറാൾ മോൺ. ഫാ. അബ്രാഹം നെല്ലിക്കൽ, ചാൻസിലർ ഫാ.സജി നെടുംകല്ലേൽ, പ്രൊക്കുറേറ്റർ ഫാ.ജിൽസൺ കോക്കണ്ടത്തിൽ, വൈസ് ചാൻസിലർ ഫാ. അനൂപ് കാളിയാനി, ഹൗസ് പ്രോക്കുറേറ്റർ ഫാ.നോബിൾ തോമസ് എന്നിവരുടെ സാന്നിധ്യത്തിൽ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. അനീഷ് കാട്ടാംകോട്ടിൽ എന്നിവർ യുവജന വർഷത്തെകുറിച്ച് ആലോചന നടത്തി. യുവജനവർഷത്തിന്റെ നിയതമായ ലക്ഷ്യങ്ങളും അവ സ്വായത്തമാക്കാനുള്ള മാർഗ്ഗങ്ങളും

അടുത്ത വൈദിക സമ്മേളനത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചു. വൈദിക സമ്മേളനത്തിനു മുന്നോടിയായി ഉടനേ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുവാൻ കെ.സി.വൈ.എം. മേഖലാ ഡയറക്ടർമാരുടെ യോഗം കൂടുവാനും തീരുമാനിച്ചു.

**മേഖലാ ഡയറക്ടേഴ്സ് മീറ്റിംഗ്**

വിവിധ ഫൊറോനകളിലെ യുവജന ശ്രുശ്രൂഷയുടെ ചുമതല വഹിക്കുന്ന വൈദികരുടെ സമ്മേളനം ഡിസംബർ 12-ാം തീയതി ചൊവ്വാഴ്ച്ച പാസ്റ്ററൽ സെന്ററിൽ വെച്ച് വികാരി ജനറാൾ ബഹു. മോൺ. അബ്രാഹം നെല്ലിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യുവജനവർഷത്തിൽ ഇടവകാതലത്തിൽ രൂപീകരിക്കേണ്ട യുവജനവർഷ കമ്മിറ്റിക്ക് നിയതമായ രൂപം നൽകി. ജനുവരി 31 ന് മുമ്പായി ഇടവകയിൽ യുവജനകമ്മിറ്റി രൂപീകരിക്കണം എന്നും തീരുമാനിച്ചു. യുവജന വർഷത്തിന്റെ ലക്ഷ്യങ്ങളെപറ്റിയും അവ സാക്ഷാത്ക്കരിക്കാനുള്ള മാർഗ്ഗങ്ങളെപറ്റിയും ഫാ.ലാൽ ജേക്കബ് സംസാരിച്ചു. ഫാ.അനീഷ് കാട്ടാംകോട്ടിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ. ഷൈജു മുതിരക്കാലായിൽ, ഫാ. മാത്യു മലയിൽ, ഫാ.ജയൻ മണ്ണുകുളം, ഫാ.സുനിൽ മഠത്തിൽ, ഫാ.ബിജു തുരുത്തേൽ, ഫാ.തോമസ് കാട്ടാത്ത്, ഫാ.ഷിജോ വേനക്കുഴി തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ലാൽ പൈനുങ്കൽ**
ഡയറക്ടർ, യൂത്ത്മിനിസ്ട്രി

# മതബോധനരംഗം

## HM, PP കോൺഫ്രൺസ്

2017–2018 അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2017 ഡിസംബർ 9–ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് ആരംഭിച്ച സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ റോയി വട്ടക്കാട്ട് അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് 12 മണിവരെ ബഹു. നോബിൾ പാറയ്ക്കൽ അച്ചൻ മാധ്യമ ജാഗ്രതയെക്കുറിച്ച് ക്ലാസ്സ് നയിച്ചു. നവീന സാമൂഹ്യ മാധ്യമങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കെണികളെക്കുറിച്ചും സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള സുവിശേഷപ്രഘോഷണ സാധ്യതകളെക്കുറിച്ചും അച്ചൻ വിശദമായും വ്യക്തമായും സംസാരിച്ചു. അർത്ഥപൂർണ്ണവും ആശയസമ്പുഷ്ടവും ഉപകാരപ്രദവുമായിരുന്നു അച്ചന്റെ ക്ലാസ്സ്. തുടർന്ന് വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. രൂപതാ മതബോധന സെക്രട്ടറി ബഹു. ബേബി ജോസഫ് ചക്കാലയ്ക്കൽ സാറിന്റെ കൃതജ്ഞതാ പ്രകാശനത്തോടെ സമ്മേളനം അവസാനിച്ചു.

## മേഖലാ സെക്രട്ടറിമാരുടെ സംഗമം

മേഖലാ സെക്രട്ടറിമാരുടെ സമ്മേളനം HM, PP കോൺഫ്രൺസിനു ശേഷം നടത്തപ്പെട്ടു. മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളെ വിലയിരുത്തി. HCC, ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

## HM, PP കോൺഫ്രൺസ് തീരുമാനങ്ങൾ

1. പത്താം ക്ലാസ്സ് ഡിപ്ലോമ പരീക്ഷയും സ്കോളർഷിപ്പ് പരീക്ഷയും ഏപ്രിൽ മാസത്തിൽ നടത്താൻ തീരുമാനിച്ചു. നീലഗിരി റീജിയണിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചുകൊണ്ട് റീജിയണിലെ പരീക്ഷാദിവസം എന്നാണെന്ന് കൂടുതൽ ചർച്ചകൾക്ക് ശേഷം തീരുമാനിച്ച് അറിയിക്കും.
2. ഒന്നാം സെമസ്റ്റർ പരീക്ഷാ Oct. 29 –ന് രൂപത നിർദ്ദേശിച്ച സമയത്ത് നടത്താത്ത ഇടവകകളിലെ കുട്ടികളെ റാങ്കിനോ സ്കോളർഷിപ്പിനോ പരിഗണിക്കേണ്ടതില്ല.

3. രൂപതാ ദിനം എല്ലാ വർഷവും ഇല്ലാത്ത സാഹചര്യങ്ങളിൽ 25, 35, 50 വർഷങ്ങൾ മതാധ്യാപകരായി സേവനം ചെയ്തവരെ മെയ് മാസത്തിലെ HM, PP കോൺഫ്രൺസിൽ ആദരിക്കും.
4. അടുത്ത HM, PP കോൺഫ്രൺസ് 2018 മെയ് 19-ന് ശനിയാഴ്ചയായിരിക്കും.

**മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭകൾ**

2017 ഡിസംബർ 9-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭാസംഗമം നടത്തപ്പെട്ടു. രൂപതയിലെ 13 മേഖലകളിൽ നിന്നായി 53 കുട്ടികൾ പങ്കെടുത്തു. ഇവരിൽ നിന്നും രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. അതുൽ ചിറ്റിനപ്പള്ളിയിൽ - അമരക്കുനി
2. ജോയൽ മാത്യു പെരുമ്പള്ളി - കബനിഗിരി
3. സജിൻ താന്നിയിൽ - നെല്ലിയോടി
4. അതുല്യ ചീനിക്കുഴിയിൽ - മരകാവ്
5. എമിൽ കിഴക്കേക്കര - നെല്ലിയോടി
6. അനറ്റ് കൂട്ടുങ്കൽ - മാർട്ടിൻനഗർ

പ്രതിഭകൾക്കും അവരെ ഒരുക്കിയവർക്കും അഭിനന്ദനങ്ങൾ. പ്രതിഭാസംഗമത്തിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങളായ ശ്രീ.ജോൺസൺ വടക്കേക്കര സാറിനും ബഹു. സി.ആൻസി സി.എം.സി യ്ക്കും ശ്രീ.സജി നരിവേലിൽ സാറിനും, ശ്രീ.ബേബി ജോസഫ് ചക്കാലയ്ക്കൽ സാറിനും ഹൃദ്യമായ നന്ദി.

**പ്ലസ്ടു സംഗമം**

മണിമൂളി- നിലമ്പൂർ റീജിയണിലെ പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം ഡിസംബർ 10-ന് മണിമൂളിയിൽ വച്ചും ദ്വാരക ഫൊറോനയിലെ സംഗമം ഡിസംബർ 17-ന് ദ്വാരക പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെട്ടു. സംഗമങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടേഴ്സ് ബഹു. ജോഷി പെരിയപ്പുറം അച്ചനും അഗസ്റ്റിൻ ചേമ്പാല അച്ചനും വിൻസെന്റ് കൊരട്ടിപ്പറമ്പിൽ അച്ചനും മേഖലാ സെക്രട്ടറിമാർ, അദ്ധ്യാപകർ എന്നിവർക്കും ഹൃദ്യമായ നന്ദി.

പ്ലസ്ടു സംഗമത്തിൽ ക്ലാസ്സുകളും ചർച്ചകളും നയിച്ച രൂപതാ ടീം അംഗങ്ങളായ ശ്രീ. സജി നരിവേലിൽ, ശ്രീ. ജോൺ തോട്ടം, ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ഔസേഫ് ഇണ്ടിക്കുഴ എന്നിവരെ സ്നേഹപൂർവ്വം ഓർക്കുകയും രൂപതയിലെ മുഴുവൻ പ്ലസ്ടു വിദ്യാർത്ഥി- വിദ്യാർത്ഥിനികളുടെ പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുകയും ചെയ്യുന്നു.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 13-ന് മണിമൂളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

HDC ഒന്നാം വർഷക്കാരുടെ മൂന്നാമത്തെ കോൺടാക്റ്റ് ക്ലാസ് ജനുവരി 13-ന് ദ്വാരകയിലും ജനുവരി 20 -ന് ബത്തേരിയിലും ഫെബ്രുവരി 3-ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നു.

**പരീക്ഷകൾ**

ജനുവരി 28 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

മാർച്ച് 17 ശനിയാഴ്ചയായിരിക്കും XI, XII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായുള്ള Say പരീക്ഷ. ഫെബ്രുവരി 4-നുള്ള പരീക്ഷയിൽ പങ്കെടുത്തവരെ മാത്രമേ Say പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 4-ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 4-ന് ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 1.00 മണിവരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന- ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന- ചുങ്കക്കുന്ന്
3. ദ്വാരക ഫൊറോന- ദ്വാരക
4. കല്ലോടി ഫൊറോന- കല്ലോടി, മക്കിയാട്
5. കൽപ്പറ്റ ഫൊറോന -കൽപ്പറ്റ
6. മാനന്തവാടി ഫൊറോന- മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന- മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന- മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന- നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന- നിലമ്പൂർ
11. നീലഗിരി റീജിയൺ- അരുൾനിലയം, കയ്യൂന്നി, ഊട്ടി
12. പയ്യമ്പള്ളി ഫൊറോന- പയ്യമ്പള്ളി
13. തരിയോട് ഫൊറോന- തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യപേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 11 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.00 മണിവരെയാണ് പരീക്ഷാസമയം.
4. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
7. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**HDC പരീക്ഷ**

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 3-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു. HDC വാചാ പരീക്ഷ ഫെബ്രുവരി 17, 18 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. HDC യുടെ പ്രൊജക്ട് ജനുവരി 30-ന് മുമ്പ് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

ദിവസങ്ങൾക്കും മാസങ്ങൾക്കും വർഷങ്ങൾക്കുമൊക്കെ വേഗം കൂടുന്നു. ദിവസത്തിന്റെ മണിക്കൂറുകൾ തികയുന്നില്ല. ജോലി ഭാരം വർദ്ധിക്കുന്നു. ഒരു ദിവസം ചെയ്ത് തീർക്കേണ്ടതായ ജോലികളുടെ എണ്ണം വർദ്ധിക്കുന്നു, നമ്മൾ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നവരാകുന്നു. ഇന്നത്തെ വാർത്തകളും ചിത്രങ്ങളുമൊക്കെ സംഘർഷങ്ങൾ നിറഞ്ഞവയാണ്. ഉൾകൊള്ളേണ്ടതിനെയും തള്ളികളയേണ്ടതിനെയും വേർതിരിച്ചെടുക്കാൻ വളരെ കുറച്ച് സമയമേ നമ്മുടെ കയ്യിലുള്ളൂ. ഒരു തീരുമാനം വൈകിയാൽ അല്ലെങ്കിൽ പാളിപോയാൽ നമ്മൾ കുറെ പുറകിലാകും. ജാഗരൂകതയോടെ പ്രവർത്തിക്കേണ്ട സമയമാണിത്. ഒരിക്കലും അടയാത്ത ആന്തരീക നയനങ്ങളും ഇന്നിന്റെ ആവശ്യമാണ്. പ്രാർത്ഥിച്ചും പിന്തുണച്ചും നമുക്ക് പുതിയ വർഷത്തിലേക്ക് പ്രവേശിക്കാം. പരിഭവിക്കാൻ നമുക്കെല്ലാവർക്കും ഒത്തിരിയേറെയുണ്ട്. പക്ഷേ ഇതിനെയെല്ലാം അതിജീവിക്കാൻ ഓരോ ദിവസവും കരുത്തേകുന്നവനെ ആശ്രയിച്ചേ മതിയാവൂ. ഈ പുതുവർഷം വിചിന്തനത്തിനും തീരുമാനങ്ങൾക്കും ഉള്ളതാണ്. എല്ലാ നന്മകളും ആശംസിക്കുന്നു. പുതുവർഷാശംസകൾ.

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**പ്രാർത്ഥനാ മലരുകൾ** –എഴുപത് കർത്താവിന്റെ മാലാഖ

സുകൃത ജപം – ഈശോയെ ദുഷ്ട ശത്രുവിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ..

**മിഷൻ പ്രയർ ബാങ്ക് ശേഖരണം** – രാജ്കോട്ട് രൂപത (മുള്ളൻ കൊല്ലി, മേഖല)

**സീറോ മലബാർ – പ്രേഷിത വാരം**

2018 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിത വാരമായി ആചരിക്കുന്നു. മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിതരെ പ്രത്യേകമായി ഓർത്ത് പ്രാർത്ഥിക്കുമല്ലോ. മിഷൻ

പ്രദേശങ്ങളിലേക്കുള്ള സഹായങ്ങൾ ഈ ദിവസങ്ങളിൽ എത്തിച്ച് കൊടുക്കുമല്ലോ.

**നവമാലിക ക്വിസ്– ജനുവരി 26** (തീയതിയിലെ മാറ്റം ശ്രദ്ധിക്കുക)

സപ്തതി ആഘോഷങ്ങളുടെ ഭാഗമായി വി. കൊച്ചു ത്രേസ്യായുടെ ആത്മകഥയെ ആസ്പദമാക്കി നവമാലിക ടീം ക്വിസ് സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. മത്സരതീയതി ജനുവരി 26 രാവിലെ 10 മണി. ജനുവരി 6 ന് മുമ്പ് രൂപതാ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ ആയിരിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

**കൊളാഷ്**

ഈ വർഷത്തെ കൊളാഷ് മത്സരത്തിനുള്ള വിഷയം: യുവത്വത്തിന്റെ ക്രിസ്തീയ സാക്ഷ്യം – എന്നുള്ളതാണ്. (യുവജന വർഷം) ജനുവരി 26 ന് വാർഷികത്തിന് വരുമ്പോൾ കൊളാഷ് നിർമ്മിച്ച് കൊണ്ടുവരേണ്ടതാണ്. രണ്ട് drawing sheet കൾ ചേർത്തു വച്ചാണ് കൊളാഷ് നിർമ്മിക്കേണ്ടത്.

**മുൻകാലഭാരവാഹികളുടെ സംഗമം, ശാഖ ജോയിന്റ് ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്, വാർഷികം – ജനുവരി 26 , ദ്വാരക**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ എല്ലാ ശാഖകളിലെയും ജോയിന്റ് ഡിറക്ടേഴ്സ്, ശാഖാപ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെയും മുൻകാല ഭാരവാഹികളുടെയും സംഗമം ജനുവരി 26 നുള്ള വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. എല്ലാ ഭാരവാഹികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു ശാഖക്ക് 100 രൂപ. ഒരു ശാഖയിൽ നിന്ന് നിർബന്ധമായും മൂന്ന് പേർ പങ്കെടുത്തിരിക്കണം.

**രൂപതാതല തിരുബാലസഖ്യ മത്സരം – ഫെബ്രുവരി 24**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 24–ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാലസഖ്യ അംഗങ്ങൾ. മത്സര നിബന്ധനകളും ഇനങ്ങളും വിഷയങ്ങളും പ്രായപരിധിയും മാർഗരേഖ പേജ് 52 കാണുക.

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-1**

ബൈബിൾ കഥ (5 മിനിറ്റ്), പ്രസംഗം (3 മിനിറ്റ്) സംഗീതം, ക്രയോ കളറിങ്ങ്.

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-2**

ബൈബിൾ കഥ (5 മിനിറ്റ്), പ്രസംഗം (4 മിനിറ്റ്) സംഗീതം, ബൈബിൾ വായന-യോഹ 6,7,8, വചനം എഴുത്ത്- വി.മത്തായി, ചിത്രരചന.

**പൊതുവായത്**

ആക്ഷൻ സോങ്ങ് - 7 മിനിറ്റ്, 7 പേർ

**സപ്തതി ആഘോഷം**

മിഷൻലീഗിന്റെ സപ്തതി ആഘോഷം മണിമൂളി, നിലമ്പൂർ മേഖലകളുടെ നേതൃത്വത്തിൽ മണിമൂളിയിൽ വച്ച് ഫെബ്രുവരി 13-ന് നടത്തപ്പെടുന്നതാണ്. ആഘോഷ ക്രമീകരണങ്ങൾ വാർഷിക ദിനത്തിൽ അറിയിക്കുന്നതാണ്.

**Youtube പ്രസംഗ പരമ്പര**

പ്രസംഗ മത്സരത്തിൽ രൂപത വിജയികളെ കോർത്തിണക്കി Youtube ൽ പ്രസംഗങ്ങൾ Uplaod ചെയ്യുന്ന സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്നു. ഒന്നാംഘട്ട പരിശീലനം പൂർത്തിയാക്കി. തുടർന്ന് വരുന്ന ക്രമീകരണങ്ങളോട് സഹകരിക്കണം എന്നോർമ്മിപ്പിക്കുന്നു.

**സീറോമലബാർ മിഷൻ വാരാചരണം**

2018, ജനുവരി 6 മുതൽ 12 വരെ. മിഷനെ അറിയുക, മിഷനുവേണ്ടി പ്രാർത്ഥിക്കുക, മിഷനറിയാവുക -പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

**വചനതാരം ക്വിസ്സ് - ഏപ്രിൽ 12-13**

ഏപ്രിൽ 12-13 തീയതികളിൽ ദ്വാരക വച്ച് നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിന്റെ രജിസ്ട്രേഷൻ ജനുവരി 26 ന് അവസാനിക്കുന്നതാണ്. ശാഖാ ജോയിന്റ് ഡിറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. പഴയനിയമത്തിലെ 'സുഭാഷിതങ്ങൾ' ആണ് വചനതാരത്തിന്റെ പഠന വിഷയം.

**അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി**

2017 ഡിസംബർ 3 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി നടത്തപ്പെട്ടു. 11 മേഖലകളിൽ നിന്ന് ഭാരവാഹികൾ പങ്കെടുത്തു. കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾ

ചർച്ചചെയ്യുകയും ചെയ്തു. കണക്ക്, റിപ്പോർട്ട് എന്നിവ വായിച്ച് പാസ്സാക്കി. എല്ലാ രൂപതാ മേഖലാ ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**കൂട്ട് -സംഗമം- ഡിസംബർ 2**

2016 ഒക്ടോബറിൽ നടത്തിയ 'കൂട്ട്' എന്ന തുടർ പരിശീലന പരിപാടിയുടെ മൂന്നാംഘട്ട മീറ്റിംഗ് 2-12-2016 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ നടവയൽ ഓസാനാം ഭവനിൽ വച്ച് നടന്നു. ഓസാനാം ഭവനിലെ അന്തേവാസികളോട് ചേർന്ന് ഒരു ദിവസം, ചെലവഴിക്കുകയും അവർക്ക് ഭക്ഷണം നൽകുകയും, വീടും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

**ലഹരി വിരുദ്ധ പദയാത്രയും സംഗമവും - ഡിസംബർ 2**

ചുങ്കക്കുന്ന് മേഖലയിലെ കൊട്ടിയൂരിൽ വച്ച് ഡിസംബർ 2 ന് ലഹരിവിരുദ്ധ പദയാത്രയും സെമിനാറും സംഗമവും നടത്തപ്പെട്ടു. സൈക്കോളജിസ്റ്റ് അൻവിൻ സെമിനാറിൽ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് കൊട്ടിയൂർ ടൗണിലേക്ക് പദയാത്രയും സംഗമവും നടത്തി. സംസ്ഥാന മത്സരാർത്ഥി അൽഫിൻ കൊച്ചുവേലിക്കകത്ത്, അദ്ധ്യാപകനും സാമൂഹ്യപ്രവർത്തകനുമായ ജോസ് പള്ളത്ത് എന്നിവർ പ്രസംഗം നടത്തി.

**മേഖലാ, ശാഖാ വാർത്തകൾ**

**കൽപ്പറ്റ മേഖല**

മിഷൻ ഗ്രാമമായ ഹൊന്നമനഹട്ടെ സന്ദർശിച്ച് വസ്ത്രവും പാഠോപകരണങ്ങളും വിതരണം ചെയ്തു. ശാഖാതലത്തിൽ കരോൾ ഗാനമത്സരവും, തിരുബാലസഖ്യ മത്സരവും നടത്തി.

**മണിമൂളി മേഖല**

നരിവാലമുണ്ട ശാഖയിൽ വച്ച്, 'പുൽക്കൂട്' എന്ന പേരിൽ മാതാപിതാക്കൾക്കായി സ്നേഹസംഗമം നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ. ജോസ് സി.എസ്.ടി. വിഷയാവതരണം നടത്തി. ശ്രീ.തോമസ് കല്ലറക്കൽ ക്ലാസ്സുകൾ നയിച്ചു. ഫാ.ജോജോ ഉദ്ഘാടനം നടത്തി. റവ.ഫാ.ഫ്രാൻസിസ് കുത്തുകല്ലുങ്കൽ ആശംസകൾ അറിയിച്ചു. മേഖലാ ഭാരവാഹികളായ ശ്രീ.വിനോദ് മുഞ്ഞനാട്ട്, ജോസ്, വിൻസെന്റ് എന്നിവർ നേതൃത്വം നൽകി.

*കൊട്ടിയൂർ:-* സ്നേഹവീടിന് ധനസഹായം 10 ചാക്ക് സിമിന്റും അദ്ധ്വാനപരമായ സഹായവും നൽകി. ലഹരിവിരുദ്ധ സംഗമം നടത്തി.

*അമ്പായത്തോട്:-* അഭിഷേകാഗ്നി ഏകദിന കൺവെൻഷനിൽ ശാഖയിൽ നിന്നും CML അംഗങ്ങൾ പങ്കെടുത്തു. ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ച്, ആശംസകൾ അർപ്പിച്ച് ഉപഹാരം നൽകി.
*തൃശ്ശിലേരി:-* ഒക്ടോബറിൽ 31 ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച 47 കുട്ടികളെ ഭരണങ്ങാനം, പുല്ലുവഴി, രാമപുരം, കുറവിലങ്ങാട്, വല്ലാർപാടം തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടനയാത്രക്ക് കൊണ്ടു പോയി.
*കമ്മന:-* മാനന്തവാടി ജില്ലാ ജയിൽ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. സെമിത്തേരി വൃത്തിയാക്കി. ബഹു. ബിജു മാവറയച്ചന്റെ നാമഹേതുക തിരുനാൾ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.
*മുതിരേരി:-* മതാദ്ധ്യപകരെ ആദരിച്ച് ആശംസകൾ നേർന്നു.
*ഏലപ്പീടിക:-* അർദ്ധദിന സെമിനാർ, ആശുപത്രി സന്ദർശനം എന്നിവ നടത്തി, രോഗീസഹായമായി 2000 രൂപ നൽകി.
*പാറത്തോട്ടം:-* മതാദ്ധ്യാപകരെ ആദരിച്ച് ആശംസകൾ നേർന്നു, വാഴ്ത്തപ്പെട്ട സി.റാണി മരിയായുടെ ജീവചരിത്രം അവതരിപ്പിക്കുകയും ചാർട്ടുകൾ ഉണ്ടാക്കുകയും ചെയ്തു. കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.
*ആലാറ്റിൽ:-*ആരാധന നടത്തി, വൃദ്ധസദൻ (സ്നേഹാലയം) സന്ദർശിച്ചു. സഭയുടെ കാരുണ്യ പ്രവർത്തനങ്ങളെകുറിച്ചുള്ള ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിച്ചു.
*പുതുശ്ശേരി:-* മതാദ്ധ്യപകരെ ആദരിച്ചു, പള്ളിപരിസരം, ടൗൺ എന്നിവ വൃത്തിയാക്കി. ഇടവക തിരുനാൾ പ്രദിക്ഷണത്തിന് രഥം നിർമ്മിക്കുകയും രഥം വഹിക്കുകയും ചെയ്തു.
**കാരക്കാമല:-** ലഹരിവിരുദ്ധ സെമിനാർ നടത്തി, മേഖലാ-രൂപതാ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി, മിഷനറി വൈദികനുമായി അഭിമുഖം നടത്തി, രോഗീ സഹായമായി 1185 രൂപ നൽകി.
*മൊതക്കര:-* മതാദ്ധ്യാപകരെ ആദരിച്ച് സമ്മാനം നൽകി, ഡയറക്ടർ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ച് ആശംസകൾ നേർന്നു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി. മിഷൻലീഗ് കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

*കാവുമന്ദം:-* വി.മാർട്ടിൻ ഡി പോറസിന്റേയും വാഴ്ത്തപ്പെട്ട സി. റാണി മരിയായുടെയും ജീവചരിത്ര കുറിപ്പുകൾ പ്രദർശിപ്പിച്ചു. ബഹു. വികാരിയച്ചന് ഫീസ്റ്റിന്റെ ആശംസകൾ നേർന്നു.
*മഞ്ഞൂറ:-* ബൈബിൾ വായനായജ്ഞം, ആരാധന, മിഷൻപ്രയർ, സൺഡേ സ്റ്റാർ, ജപമാലസൈന്യ പ്രാർത്ഥന എന്നിവ നടത്തി.
*കുറുമ്പാല:-* സിമിത്തേരി വൃത്തിയാക്കി, സന്ദർശനം നടത്തി. ക്രിസ്തുരാജന്റെ തിരുനാളിൽ റാലി നടത്തി, സന്ദേശം നൽകി.
*പുതുശ്ശേരിക്കടവ്:-* ലഹരിയുടെ ദുരുപയോഗത്തെകുറിച്ച് അർദ്ധദിന സെമിനാർ നടത്തി.
*പന്തിപൊയിൽ:-* CML ന്റെ നേതൃത്വത്തിൽ 'സ്മൃത'എന്ന കയ്യെഴുത്ത് മാസിക തയ്യാറാക്കി. ജന്മദിനത്തിൽ കുട്ടികൾ ഒരു മരം നട്ടു. ഭവന നിർമ്മാണത്തിന് 2500 രൂപയും, രോഗീസഹായമായി 1250 രൂപയും നൽകി.
*ചാരിറ്റി:-* മതാദ്ധ്യാപകരെ ആദരിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പുറപ്പാട് Video കുട്ടികളെ കാണിച്ചു. കുട്ടികളുടെ Sports നടത്തി സമ്മാനങ്ങൾ നൽകി.
*നെടുമ്പാല:-* മതാദ്ധ്യാപകരെ ആദരിച്ചു, സമ്മാനം നൽകി, മത്സരങ്ങൾ നടത്തി. 'നോട്ട്' എന്ന കയ്യെഴുത്ത് മാസിക തയ്യാറാക്കി. ശാഖയിലെ വൈദികരുടെയും, സിസ്റ്റേഴ്സിന്റേയും ഫോട്ടോയും അഡ്രസ്സും Collect ചെയ്തു.
*വാഴവറ്റ:-*മിഷൻ ഗ്രാമത്തിനായ് വസ്ത്രങ്ങൾ ശേഖരിച്ചു. ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ റാലി നടത്തി. മതാദ്ധ്യാപകരെ ആദരിച്ചു. രോഗീസന്ദർശനം നടത്തി.
*പഴൂർ:-* കുടുക്കിയിലെ കെയർഹോം സന്ദർശിച്ച് എയ്ഡ്സ് രോഗികൾക്ക് ധനസഹായം നൽകി. മിഷൻ ഗ്രാമത്തിന് ധനസഹായവും നിത്യോപയോഗ സാധനങ്ങളും നൽകി. ചുള്ളിയോട് മേഴ്സി ഹോം സന്ദർശിച്ചു.
*നടവയൽ:-* വൃദ്ധസദനം, ഓസാനാംഭവൻ, നവജ്യോതി എന്നിവ സന്ദർശിച്ചു.
*ചുണ്ടക്കര:-* മതാദ്ധ്യാപകരെ ആദരിച്ചു, ജാഗരണ പ്രാർത്ഥന നടത്തി, മിഷൻ പ്രദേശങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചു, സോഷ്യൽ മീഡിയായുടെ ദൂഷ്യവശങ്ങളെകുറിച്ചും ഉപയോഗത്തെകുറിച്ചും ക്ലാസ്സ് നടത്തി.
*കല്ലുവയൽ:-* അൾത്താരസംഘത്തിന് റവ.ഫാ.ജെയ്സൺ കുഴികണ്ടത്തിൽ ക്ലാസ്സ് എടുത്തു. മതാദ്ധ്യാപകദിനം ആചരിച്ചു. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു.

*പറളിക്കുന്ന്:-*മരിച്ചവരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു, മിശിഹായുടെ രാജത്വതിരുനാൾ ദിനം ഫാ.അനൂപ് OFM വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ബഹു.ജോസ് കപ്യാരുമല അച്ചൻ കുട്ടികൾക്ക് സെമിനാർ നടത്തി. കേണിച്ചിറയിൽ വച്ചു നടന്ന ക്രിസ്തുരാജതിരുനാൾ റാലിയിൽ ശാഖയിൽ നിന്നും ഡയറക്ടർ, സെക്രട്ടറി മുതലായവർ പങ്കെടുത്തു.

*പാടിച്ചിറ:-* മതാദ്ധ്യാപകരെ ആദരിച്ചു, മരക്കടവ് കോളനി സന്ദർശിച്ച് വസ്ത്രവിതരണം നടത്തി, മിഷൻഗ്രാമം സന്ദർശിച്ചു.

*പുൽപ്പള്ളി:-* മരക്കടവ് വൃദ്ധസദനം സന്ദർശിച്ച് ബഡ്ഷീറ്റ് വിതരണം ചെയ്തു, 5000 രൂപ സംഭാവന നൽകി, മുതിർന്നവർക്കും കുട്ടികൾക്കും ഗ്രൂപ്പ് തിരിച്ച് വചനപഠന മത്സരം നടത്തി, മതാദ്ധ്യാപകരെ ആദരിച്ച് സമ്മാനം നൽകി.

കയ്യൂന്നി:- ശാഖാ വാർഷികം നടത്തി, കുടുംബ യൂണിറ്റുകളിൽ കുട്ടികൾക്കായി പ്രസംഗം, ലളിതഗാനം, ബൈബിൾ ക്വിസ്സ്, ഉപന്യാസം എന്നിവയുടെ മത്സരം നടത്തി, ഓസാനം ഭവൻ സന്ദർശിച്ചു, ശാഖാ കയ്യെഴുത്ത് മാസിക പുറത്തിറക്കി.

*പനംചിറ:-* മതാദ്ധ്യാപകരെ ആദരിച്ചു പ്രാർത്ഥിച്ചു. പച്ചക്കറി വിത്ത് വിതരണം ചെയ്തതിന്റെ ആദ്യഫലം ദേവാലയത്തിൽ കാഴ്ചയായി സമർപ്പിച്ചു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

*മണിമൂളി:-* വി.ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനത്തിൽ മതാദ്ധ്യാപകരെ ആദരിച്ചു. ജപമാല സൈന്യത്തിലെ കുട്ടികൾ സ്വന്തമായി നിർമ്മിച്ച 'ജപമാല' അദ്ധ്യാപകർക്ക് നൽകി. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സന്ദർശനം നടത്തി ഭക്ഷണം നൽകുന്നതിന് നേതൃത്വം നൽകി.

*നരിവാലമുണ്ട:-* മതാദ്ധ്യാപകരെ ആദരിച്ച് ആശംസകളും സമ്മാന ങ്ങളും നൽകി. ശിശുദിനത്തിൽ കുട്ടികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു, സമ്മാനങ്ങൾ നൽകി. സെമിത്തേരി സന്ദർശനം നടത്തി, വാർഡുതലത്തിൽ ബൈബിൾ ക്വിസ്സ് നടത്തി.

*ഇടിവണ്ണ:-* ശാഖാ അർദ്ധദിന സെമിനാർ നടത്തി, മതാദ്ധ്യാപക ദിനം സമുചിതമായി ആഘോഷിച്ചു, പാവപ്പെട്ട കുടുംബങ്ങൾക്ക് സോപ്പും, പേസ്റ്റും വിതരണം ചെയ്തു.

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

**യൂത്ത് ട്രാവലർ - സെന്റ് ജോസഫ് സ്കൂൾ കല്പറ്റ**

മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി 29-11-2017 ബുധനാഴ്ച്ച രാവിലെ ഒൻമ്പത് മണിമുതൽ വൈകുന്നേരം നാല് മണിവരെ വിദ്യാർത്ഥികളുടെ ആത്മീയ നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് സ്കൂളുകളിൽ യുവജനങ്ങളെ അന്വേഷിച്ചിറങ്ങുന്ന ആത്മീയ പരിപാടിയായ യൂത്ത് ട്രാവലർ ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ തേതൃത്വത്തിൽ സെന്റ് ജോസഫ് സ്കൂൾ കല്പറ്റ യിൽ നടത്തി. തൊണ്ണൂറ് വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി തോമസ് സി.എം.സിയും ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. കുമ്പസാരത്തിനും, സ്പിരിചൽ ഷെയറിംഗിനും സഹായിച്ച എല്ലാ വൈദികരേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

**കേരളാ അക്കാദമി ഓഫ് എൻജിനിയറിംഗ് കോളേജ് ബത്തേരി**

നൂറ്റിഇരുപതോളം വരുന്ന യുവതികൾക്കുവേണ്ടിയുള്ള ഒരു ദിവസത്തെ ആനിമേഷൻ പ്രോഗ്രാം 30-11-2017 വ്യാഴാഴ്ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം നാല് മണിവരെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ബത്തേരിയിൽ നടത്തി. സി ആൻസി തോമസ് സി.എം.സി, സി. തെരേസ് സി.എം.സി തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സ്പിരിചൽ ഷെയറിംഗിന് സഹായിച്ച എല്ലാ സിസ്റ്റേഴ്സിനേയും നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം ഈ പ്രോഗ്രാം നടത്തുവാൻ എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കി തന്ന ജേക്കബ് സാറിനും ഗ്രേസി ടീച്ചറിനും സഹായ ഹസ്തങ്ങൾ നൽകിയ മുഴുവൻ സ്റ്റാഫ് അംഗങ്ങൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

**റ്റി.റ്റി.ഐ മാനന്തവാടി**

ഡിസംബർ 15 വെള്ളിയാഴ്ച്ച രാവിലെ 10 മണിമുതൽ 2 മണിവരെ 39 തോളം വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്പിരിചൽ ആനിമേഷൻ റ്റി.റ്റി.ഐ.യിൽ വെച്ച് നടത്തി. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ക്ലാസ്സുകളും കുമ്പസാരവും സ്പിരിചൽ ഷെയറിംഗും നടത്തി. ഇതിനായി എല്ലാവിധ സൗകര്യവും ഒരുക്കിതന്ന ബഹുമാനപ്പെട്ട സ്കൂൾ മാനേജർ ഫാ.പോൾ മുണ്ടോളിക്കൽ, പ്രിൻസിപ്പൽ റ്റി.റ്റി. സണ്ണി സാറിനും സഹകരിച്ച സ്വപ്ന ടീച്ചറിനും

സോജി സാറിനും യൂത്ത് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു. കുമ്പസാരത്തിന് സഹായിച്ച ബഹു. വൈദീകരേയും സ്പിരിചൽ ഷെയറിംഗിന് നേതൃത്വം കൊടുത്ത ബഹു.സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

**ലൈഫ് ട്രയിനിംഗ് 2016-2017 ബാച്ച്**

ലൈഫ് ട്രയിനിംഗ് 2016-2017 ബാച്ചിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ട്രയിനിംഗ് പ്രോഗ്രാം ഡിസംബർ ഒന്നാം തീയതി വൈകുന്നേരം ആരംഭിച്ചു. 52 വിദ്യാർത്ഥികൾ മീറ്റിംഗിൽ പങ്കെടുത്തു. വെള്ളിയാഴ്ച്ച വൈകുന്നേരം ആറ് മണിയോടെ ആരംഭിച്ച പ്രോഗ്രാമിന് ഫാ.ലാൽ ജേക്കബ് നേതൃത്വം നല്കി. തുടർന്ന് നടന്ന ഷെയറിംഗിലൂടെ വിദ്യാർത്ഥികൾ തങ്ങളുടെ പഠന നിലവാരത്തെ വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കുകയും ചെയ്തു. ഒപ്പം ഡിസംബർ മാസം ജന്മദിനം ആഘോഷിക്കുന്ന കുട്ടികളെ അനുമോദിക്കുകയും എല്ലാ വിദ്യാർത്ഥികൾക്കും ക്രിസ്തുമസ്സ് ആശംസ നേരുകയും ചെയ്തു. രണ്ടാം തീയതി രാവിലെ കെ.സി.ബി.സി. കമ്മീഷൻ നടത്തുന്ന ഐ.എ.എസ് മോക്ക് പരീക്ഷയ്ക്ക് എല്ലാകുട്ടികളും പങ്കെടുത്തു. രണ്ടാം തീയതി ഉച്ചകഴിഞ്ഞ് ഫാ.റോയി കണ്ണൻഞ്ചിറ സി.എം.ഐ. വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നല്കി. ക്രൈസ്തവർ എന്ന നിലയിൽ ലഭിച്ച വിശ്വാസത്തിന് മങ്ങലേൽക്കാതെ സഭയെ സ്നേഹിച്ചും തങ്ങളുടെ കഴിവുകളിൽ ആത്മാവബോധമുള്ളവരായി വളർന്ന് സഭക്കും സമൂഹത്തിനും ആയിരിക്കുന്ന ഇടങ്ങളിലും നീതിബോധമുള്ളവരായി തീരണമെന്നും അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തി.

**പാരീഷ് യുവജന കൺവെൻഷൻ**

അടുത്തവർഷം രൂപതാതലത്തിൽ നടക്കേണ്ട യുവജന കൺവെൻഷന് മുന്നോടിയായി ഇടവകാതലത്തിലുള്ള കൺവെൻഷൻ ഡിസംബർ മൂന്നാം തീയതി മൂലംങ്കാവ് ഇടവക സെന്റ് ജൂഡ് പള്ളിയിൽ നടന്നു. ഇടവകാ വികാരി കുര്യാക്കോസ് പറമ്പിൽ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് ക്ലാസ്സ്, കുമ്പസാരം, വി.കുർബാന എന്നിവ നടന്നു. സി.ലിൻസി എസ്.സി.വി. പ്രോഗ്രാമിന് നേതൃത്വം നല്കി. ഇടവക വികാരി ഫാ. കുര്യാക്കോസ് പറമ്പിലിനോടൊപ്പം സഹകരിച്ച കൈക്കാരൻമ്മാരേയും, സിസ്റ്ററിനേയും നന്ദിയോടെ ഓർക്കുന്നു. പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**നന്ദിയോടെ**

സാക്ഷര കേരളത്തിന്റെ വളർച്ചയിൽ ക്രിസ്തുസാക്ഷികൾ പതിപ്പിച്ച സുവർണ്ണനേട്ടങ്ങൾ അനുസ്മരിച്ചും നെഞ്ചോടുചേർത്ത് സ്വന്തമാക്കിയും 2017 പ്രവർത്തനവർഷത്തിന് വിരാമമായി. കഴിഞ്ഞ വർഷത്തിലെ പതർച്ചകളിലും, അനിശ്ചിതത്വങ്ങളിലും കെ.സി. വൈ.എം. പ്രസ്ഥാനത്തെ ആർജ്ജവത്വത്തോടെ നയിച്ച എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. പൈതൃക വാത്സല്യത്തോടെ കൂടെ നിന്ന രക്ഷാധികാരി മാർ ജോസ് പൊരുന്നേടം പിതാവിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രസ്ഥാനത്തെ ധന്യമാക്കിയ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അച്ചനും, വ്യക്തമായ ദിശാബോധം നൽകി കൃത്യമായ പദ്ധതികൾ തയ്യാറാക്കി യുവതയുടെ മനസ്സറിഞ്ഞ ഡയറക്ടർ ബഹുമാനപ്പെട്ട ലാൽ ജേക്കബ് പൈനുങ്കൽ അച്ചനും സൗഹൃദത്തിന്റെ വലിയ സാന്നിധ്യമയിരുന്ന ബഹുമാനപ്പെട്ട അനീഷ് കാട്ടാംകോട്ടിൽ അച്ചനും അമ്മ സാന്നിധ്യമായിരുന്ന ആനിമേറ്റർ സി.സ്മിത SABS നും രൂപത കുടുംബത്തിന്റെ നന്ദി.

പ്രസ്ഥാനത്തിന്റെ വളർച്ചയെന്നാൽ അതിന്റെ അംഗങ്ങളുടെ വളർച്ചയാണ്. സംഘടനയുടെ നേരെ വന്ന കല്ലേറുകളെയെല്ലാം ധീരതയോടെ തടുക്കാനും നിഷ്കളങ്കതയോടെ നേരിടാനും പ്രസ്ഥാനത്തെ പഠിപ്പിച്ച പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളിക്കും, സംഘാത്മകതയുടെ ചൈതന്യം കാത്തുസൂക്ഷിക്കുവാൻ പ്രേരിപ്പിച്ച വൈസ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിലിനും, പ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലതയുടെ പര്യായമായിരുന്ന ശ്രീ.ജിഷിൻ മുണ്ടക്കാത്തടത്തിലിനും, സെക്രട്ടറി ജിജോ താന്നിവേലിക്കും, ട്രഷറർ സുബിൻ ജോസ് കൊഴുപ്പാംതടത്തിലിനും കോഡിനേറ്റർ ജിജോ പൊടിമറ്റത്തിനും, എല്ലാ പ്രവർത്തനങ്ങളുടെയും നട്ടെല്ലായി കൂടെനിന്ന യൂണിറ്റ്, മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മുൻകാല ഭാരവാഹികൾ എന്നിവർക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.

**SHINE 2018**

ഈ വർഷത്തെ പ്രവർത്തനമാർഗ്ഗരേഖയെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം ചിന്തിക്കുവാനും ചർച്ചചെയ്യാനും ജനുവരി 14-ന് രൂപത,

മേഖല ഭാരവാഹികളുടെ സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. രാവിലെ 8.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്നു. വി.കുർബാന ഉണ്ടായിരിക്കുന്നതാണ്. വരുന്നവരുടെ എണ്ണം രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**കെ.സി.വൈ.എം. 23-മത് വാർഷികവും സാംസ്ക്കാരിക സദസ്സും**

സാക്ഷരതയുടെ പിതാവും കേരള നവോത്ഥാനത്തിന്റെ വിപ്ലവ നായകനുമായ വിശുദ്ധ ചാവറയച്ചൻ സാംസ്ക്കാരിക കേരളത്തിന്റെ വഴിവിളക്കാണെന്ന് പ്രശസ്ത മാധ്യമ പ്രവർത്തകനും ഡി.സി.എൽ. ഡയക്ടറുമായ റവ.ഫാ.റോയി കണ്ണൻച്ചിറ. കുടുംബ സദസ്സുകളിൽ വി.ചാവറയച്ചന്റെ ചാവരുൾ സൂക്തങ്ങൾ പഠനവിഷയമാക്കിയാൽ കുടുംബങ്ങൾ ഇന്ന് നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാനാകുമെന്ന് അദ്ദേഹം പറഞ്ഞു. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 23-മത് വാർഷികത്തിൽ 'വിശുദ്ധ ചാവറയച്ചൻ: സാക്ഷരതയുടെ പിതാവ്, കേരള നവോത്ഥാനത്തിന്റെ വിപ്ലവനായകൻ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡിസംബർ 2-ന് കണിയാരം പാരീഷ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സാംസ്ക്കാരിക സദസ്സ് മാനന്തവാടി ഡി.വൈ.എസ്.പി. കെ.എം. ദേവസ്യ ഉദ്ഘാടനം ചെയ്തു. സാമൂഹിക പ്രതിബദ്ധതയുള്ള യുവത്വം സംജാതമായാൽ മാത്രമെ സാമൂഹിക നീതി പ്രാവർത്തികമാക്കാൻ ഭരണ സംവിധാനങ്ങൾക്ക് സാധിക്കുകയുള്ളു എന്നദ്ദേഹം യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു.

മാനന്തവാടി രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളി ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിഷയാവതരണം നടത്തി. കത്തീഡ്രൽ വികാരി റവ. ഫാ. പോൾ മുണ്ടോളിക്കൽ, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര, രൂപതാ വൈസ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിൽ, രൂപതാ ആനിമേറ്റർ സി. സ്മിത SABS മേഖല ഡയറക്ടർ റവ. ഫാ. സിബി ചെറുതോട്ടിൽ, പ്രസിഡണ്ട് അനീഷ് മൂലയിൽ, യൂണിറ്റ് പ്രസിഡണ്ട് പ്രിൻസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മുൻകാലഘട്ടങ്ങളിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ പ്രസിഡണ്ടുമാരെ പ്രശസ്തി ഫലകം നൽകി ആദരിച്ചു. 2017 പ്രവർത്തനവർഷാചരണത്തിൽ മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് അമ്പലവയൽ സെന്റ് മാർട്ടിൻ യൂണിറ്റ് കരസ്ഥമാക്കി. റവ. ഫാ. ആന്റോ, സുബിൻ

ജോസ്, ജിജോ പൊടിമറ്റം, ജിജോ താന്നിവേലിൽ, അലീന ജോയി, സി. വിജയ SABS, ജോബിഷ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**23-മത് വാർഷിക സെനറ്റും രൂപതാ ഇലക്ഷനും**

ഇന്ത്യയുടെ തെക്കൻ പ്രദേശങ്ങളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിൽ ദുരിതമനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റ് സമ്മേളനവും രൂപതാ ഇലക്ഷനും ഡിസംബർ 16 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വിവിധമേഖലകളിൽ നിന്ന് സമാഹരിക്കുന്ന പ്രത്യേക ദുരിതാശ്വാസ നിധി തീരദേശ ജനതയുടെ സമാശ്വാസത്തിനു വേണ്ടി നീക്കി വയ്ക്കാനും 100 കുട്ടികളുടെ ഒരു വർഷത്തെ പഠന ചിലവ് ഏറ്റെടുക്കുവാനും സെനറ്റ് തീരുമാനിച്ചു.

മാനന്തവാടി രൂപത പ്രഖ്യാപിച്ച യുവജന വർഷത്തിൽ നടന്ന സെനറ്റ് സമ്മേളനം സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡണ്ട് റോസ് മേരി തേറുകാട്ടിൽ സമ്മേളനത്തിന് നന്ദി പറഞ്ഞു.

11 മേഖലകളുടെ വാർഷിക റിപ്പോർട്ട് അവതരണത്തിന് ശേഷം രൂപതയുടെ റിപ്പോർട്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന സംഘടനാ ചർച്ചയിൽ രൂപതാ കലാമത്സരങ്ങൾ, യുവജനവർഷം എന്നിവ പ്രധാന അജണ്ടകളായിരുന്നു. ചവിട്ടുനാടകം ഒഴികെയുള്ള എല്ലാ കലാ-സാഹിത്യ മത്സര ഇനങ്ങളും അടുത്ത വർഷം രൂപതാ തലത്തിൽ നടത്തപ്പെടുമെന്ന് സെനറ്റ് തീരുമാനിച്ചു. യുവജനവർഷത്തിൽ കെ.സി.വൈ.എം. പ്രത്യേകം ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്താൻ തീരുമാനമായി. തുടർന്ന് നടന്ന രൂപതാ ഇലക്ഷനിൽ 2018 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡണ്ട് | - ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ (കൊമ്മയാട്) |
| വൈ. പ്രസിഡണ്ട് | - അലീന അല്ലക്കുഴ (നെടുംമ്പാല) |
| ജന. സെക്രട്ടറി | - സുബിൻ ജോസ് കൊഴുപ്പാംത്തടത്തിൽ (പോരൂർ) |
| സെക്രട്ടറി | - ജിജോ തോമസ് താന്നിവേലിൽ (ചുങ്കക്കുന്ന്) |
| | - അലീനജോയി പാണ്ടിയാംപറമ്പിൽ (ആടിക്കൊല്ലി) |

ട്രഷറർ – അഖിൽ പള്ളത്ത് (പാലേമാട്)
കോഡിനേറ്റർ – ആൽഫിൻ അമ്പാറയിൽ (കോട്ടത്തറ)
സിൻഡിക്കേറ്റ് – ബിബിൻ ചെമ്പക്കര
– റോസ്മേരി തേറുക്കാട്ടിൽ
– എബിൻ ഫിലിപ്പ് മുട്ടപ്പള്ളി
– ജിജോ പൊടിമറ്റം
– അഞ്ജലി ചെറുപ്ലാവിൽ
– സിബിൻ പാലമൂട്ടിൽ (മണിമൂളി)
– ജീന ജേക്കബ് വരിക്കപ്പള്ളിൽ (ദ്വാരക)
– അനുഷ കാട്ടാംകോട്ടിൽ (കല്ലോടി)
– അൽജോസ് ചൂരക്കുഴിയിൽ (ബത്തേരി)
– ഫ്രെഡിൻ ജോസ് വക്കട്ടായിൽ (നടവയൽ)
– ലിൻസി ഡാനിയൽ പൊന്നാറക്കുന്നേൽ (മാനന്തവാടി)
– ആൽബിൻ വാലുമ്മൽ (മുള്ളൻക്കൊല്ലി)
– റ്റിബിൻ വർഗ്ഗീസ്സ് പാറയ്ക്കൽ (കൽപ്പറ്റ)
– റ്റോബി കൂട്ടുങ്കൽ (പയ്യംപ്പള്ളി)
– ഷെഫിൻ Sജോസഫ് മൂഴിക്കചാലിൽ (നിലമ്പൂർ)

**2018 വർഷത്തെ മേഖല ഭാരവാഹികൾ**

**ദ്വാരക മേഖല**

പ്രസിഡണ്ട് – ബിബിൻ ജോസ് പിലാപ്പള്ളി
വൈസ് പ്രസിഡണ്ട് – അലീന മാത്യു പൊട്ടനാനിക്കൽ
സെക്രട്ടറി – ഷിതിൻ അറപ്പത്താനത്ത്
ജോയിന്റ് സെക്രട്ടറി – അനിറ്റ സജി അറപ്പത്താനത്ത്
ട്രഷറർ – അശ്വിൻ തോമസ്
കോഡിനേറ്റർ – റിബിൻ ബേബി കുന്നുമ്മേൽ
സെനറ്റ് മെംമ്പേഴ്സ് – അമൽ ജോഷി
– ജീന ജേക്കബ് വരിക്കപ്പള്ളി

**കൽപ്പറ്റ മേഖല**

പ്രസിഡണ്ട് – അഖിൽ മണിക്കുറ്റിയിൽ
വൈസ്സ് പ്രസിഡണ്ട് – അലീന അല്ലക്കുഴ
സെക്രട്ടറി – റ്റിബിൻ പാറയ്ക്കൽ
ജോയിന്റ് സെക്രട്ടറി – റ്റാനിയ അഴകനാൽ
ട്രഷറർ – നിഥിൻ ഏറത്ത്
കോഡിനേറ്റർ – അതുൽ റോഷ് കണ്ണപ്പള്ളിയിൽ

സെനറ്റ് മെംമ്പേഴ്സ് - അഭിലാഷ് അറയ്ക്കൽ
- റിനുമോൾ പടിപ്പുരയ്ക്കൽ

**മാനന്തവാടി**

പ്രസിഡണ്ട് - അനീഷ് മൂലയിൽ
വൈസ് പ്രസിഡണ്ട് - നയന പുത്തൻപുരയിൽ
സെക്രട്ടറി - ജോബിഷ് പന്നിക്കുത്തിമാക്കൽ
ജോയിന്റ് സെക്രട്ടറി - നീതു സെബാസ്റ്റ്യൻ
ട്രഷറർ - എബി കുറ്റിക്കാട്ടിൽ
കോഡിനേറ്റർ - ലിന്റോ പടിഞ്ഞാറേൽ
സെനറ്റ് മെംമ്പേഴ്സ് - ലിൻസി പൊന്നാറക്കുന്നേൽ
- റിനി നെടുമല
- സുബിൻ കൊഴുപ്പാംതടത്തിൽ

**നടവയൽ**

ഡിസംബർ 9 ന് നടന്ന മേഖല കൺവെൻഷനിൽ 'നവമാധ്യമങ്ങളും ധാർമ്മിക മൂല്യങ്ങളും' എന്ന വിഷയത്തിൽ ബഹുമാനപ്പെട്ട ജെയ്സ് ചെട്ടിയാശ്ശേരി അച്ചനും 'സൈബർ ലോകത്തെ കുറ്റകൃത്യങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ ബഹുമാനപ്പെട്ട സന്തോഷ് കാവുങ്കൽ അച്ചനും ക്ലാസ്സുകൾ നയിച്ചു. 256 പേർ പങ്കെടുത്തു.

പ്രസിഡണ്ട് - ജസ്റ്റിൻ പുതിയിടത്ത്
വൈസ്സ് പ്രസിഡണ്ട് - സോന ചേനപ്പാടി
സെക്രട്ടറി - ദീപക് ഒറവനാംതടത്തിൽ
ജോയിന്റ് സെക്രട്ടറി - ശാന്തി ഡാർലി കാഞ്ഞിരത്തിങ്കൽ
ട്രഷറർ - എബിൻ കണിവേലിൽ
കോഡിനേറ്റർ - ലിൽജിത്ത് കിഴക്കേനടയിൽ
സെനറ്റ് മെംമ്പേഴ്സ് - അബിൽ പയ്യനാട്ട്
- ആർഷൽ ചിരിയങ്കണ്ടത്ത്
- ഫ്രെഡിൻ ജോസ് വക്കട്ടായിൽ

**പയ്യംപ്പള്ളി**

പ്രസിഡണ്ട് - ജോഫ്രി വിൽസൺ പൊൻപാറയിൽ
വൈസ്സ് പ്രസിഡണ്ട് - റോസ്നി പള്ളിക്കുന്നേൽ
സെക്രട്ടറി - മാർട്ടിൻ സ്രാത്താഴത്ത്
ജോയിന്റ് സെക്രട്ടറി - ചിപ്പി കളമ്പുക്കാട്ട്
ട്രഷറർ - ജോയിസ് പുൽപ്പറമ്പിൽ
കോഡിനേറ്റർ - ബിബിൻ കിഴക്കേടത്ത്

| | | |
|---|---|---|
| സെനറ്റ് മെംമ്പേഴ്സ് | – | ഡെനിൽ ചൊള്ളംക്കാട്ടിൽ |
| | – | അമൃത എറമംഗലത്ത് |

**ബത്തേരി**

| | | |
|---|---|---|
| പ്രസിഡണ്ട് | – | ചാൾസ് മാർട്ടിൻ |
| വൈസ്സ് പ്രസിഡണ്ട് | – | അലീന നെടിയൻക്കുന്നേൽ |
| സെക്രട്ടറി | – | അൽജോസ് ചൂരക്കുഴിയിൽ |
| ജോയിന്റ് സെക്രട്ടറി | – | മേഘ നായത്തുപ്പറമ്പിൽ |
| ട്രഷറർ | – | അബിൻ വല്ലടിയിൽ |
| കോഡിനേറ്റർ | – | സിബിൻ സാജു |
| സെനറ്റ് മെംമ്പേഴ്സ് | – | ജിസ്ന ചേറാടിയിൽ |
| | – | അബിൻ മുക്കാനിക്കൽ |

**മുള്ളൻക്കൊല്ലി**

| | | |
|---|---|---|
| പ്രസിഡണ്ട് | – | ബിബിൻ മേമാട്ട് |
| വൈസ്സ് പ്രസിഡണ്ട് | – | അലീന ജോയി |
| സെക്രട്ടറി | – | അമൽജിത്ത് പെരുവേലിൽ |
| ജോയിന്റ് സെക്രട്ടറി | – | അഞ്ജുമുടിയാട്ടുപറമ്പിൽ |
| ട്രഷറർ | – | സ്റ്റെഫിൻ നീറനാനിക്കൽ |
| കോഡിനേറ്റർ | – | അലക്സ് മണ്ടാനത്ത് |
| സെനറ്റ് മെംമ്പേഴ്സ് | – | അരുൺ എടത്തുംപ്പറമ്പിൽ |
| | – | നിഥിൻ വടക്കേക്കുന്നേൽ |

**കല്ലോടി**

| | | |
|---|---|---|
| പ്രസിഡണ്ട് | – | അതുൽ ആവാനിക്കൽ |
| വൈസ്സ് പ്രസിഡണ്ട് | – | അനുപ്രിയ കൊളത്തശ്ശേരി |
| സെക്രട്ടറി | – | ജോയിസി തേവർക്കുന്നേൽ |
| ജോയിന്റ് സെക്രട്ടറി | – | ജിജോ പുതിയിടത്ത് |
| ട്രഷറർ | – | അജിൻ തോമസ്സ് |
| കോഡിനേറ്റർ | – | അജയ് പാളിത്തോട്ടിൽ |
| സെനറ്റ് മെംമ്പേഴ്സ് | – | നൈജു ജോസഫ് |
| | – | അനുഷ കാട്ടാംക്കോട്ടിൽ |

**മണിമൂളി**

| | | |
|---|---|---|
| പ്രസിഡണ്ട് | – | ജിബിൻ ഈന്തുങ്കൽ |
| വൈസ്സ് പ്രസിഡണ്ട് | – | ശിൽപ്പ വെട്ടുക്കാട്ടിൽ |
| സെക്രട്ടറി | – | നിതിൻ പാലങ്കര |
| ജോയിന്റ് സെക്രട്ടറി | – | ക്രിസ്റ്റീന കളപ്പുരയ്ക്കൽ |
| ട്രഷറർ | – | ജോഷി പാലക്കാട്ട് |

| | | |
|---|---|---|
| കോഡിനേറ്റർ | - | സന്തോഷ് ചെട്ടിശ്ശേരി |
| സെനറ്റ് മെംബേഴ്സ് | - | അഖിൽ പള്ളത്ത് |
| | | ഗ്രാലിയ വെട്ടുകാട്ടിൽ |

**തരിയോട്**

| | | |
|---|---|---|
| പ്രസിഡണ്ട് | - | അജിസ അമ്പലത്തിങ്കൽ |
| വൈസ്സ് പ്രസിഡണ്ട് | - | അമൃത കൊച്ചുമലയിൽ |
| സെക്രട്ടറി | - | അമൽ വേങ്ങചുവട്ടിൽ |
| ജോയിന്റ് സെക്രട്ടറി | - | അഞ്ജന പൈക്കാട്ട് |
| ട്രഷറർ | - | ജുബിൻ തറയിൽപ്പറമ്പിൽ |
| കോഡിനേറ്റർ | - | ജോഷി മാമ്പള്ളി |
| സെനറ്റ് മെംബേഴ്സ് | - | ജോൺസൺ മുണ്ടിയാങ്കൽ |
| | - | അഭിനന്ദ് കൊച്ചുമലയിൽ |

**നിലമ്പൂർ**

| | | |
|---|---|---|
| പ്രസിഡണ്ട് | - | ജസ്റ്റിൻ നീലപ്പറമ്പിൽ |
| വൈസ്സ് പ്രസിഡണ്ട് | - | ഡെൻന വില്ലത്താനത്ത് |
| ജോയിന്റ് സെക്രട്ടറി | - | മീനു കെ. ജോസ് |
| കോഡിനേറ്റർ | - | റിറ്റോ വടപ്പുറം |
| സെനറ്റ് മെംബേഴ്സ് | - | സ്റ്റെഫിൻ മൂഴിക്കാച്ചാലിൽ |
| | - | ജിറ്റോ വടക്കേനിരപ്പേൽ |

**യൂണിറ്റ് വാർത്തകൾ**

**താളിപ്പാടം**

യുവജനങ്ങൾക്ക് വേണ്ടി അർപ്പിക്കപ്പെട്ട വി. ബലിയിൽ വചന വായന, ഗാനശുശ്രൂഷ എന്നിവയ്ക്ക് നേതൃത്വം നൽകി. ശേഷം കൂടിയ മീറ്റിംഗിൽ ഡയറക്ടർ ഫാ. മാത്യു കറുത്തേടം ക്ലാസ്സുകൾ നയിച്ചു. വിശ്വാസാതിഷ്ഠിതമായ ജീവിതത്തിൽ വിജയം വരിക്കുവാൻ ജാഗ്രത യോടെ ജീവിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. യുവജനങ്ങൾ ഒരു മിച്ച് നിർമ്മിച്ച നക്ഷത്രം പള്ളിയങ്കണത്തിൽ സ്ഥാപിച്ചു.

**നരിവാലമുണ്ട യൂണിറ്റ്**

യൂണിറ്റിന്റെ നേതൃത്വത്തിൽ നടവയൽ ഓസാനാം ഭവൻ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു, ഒരു ദിവസം അവിടുത്തെ അന്തേവാസികളോടൊപ്പം ചിലവഴിച്ചു. കെ.സി.വൈ.എം. അംഗങ്ങൾ സമാഹരിച്ച ടോയ്‌ലറ്റ് സാധനങ്ങളും പ്രവർത്തനങ്ങളുടെ ആവശ്യത്തി നായി സമാഹരിച്ച തുകയും സംഭാവന ചെയ്തു. യൂണിറ്റ് ഡയറ ക്ടർ ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ, ആനിമേറ്റർ സി.ഫിലോ FCC, സി. അർച്ചന FCC, പ്രസിഡണ്ട് ജിബിൻ കോയിക്കര, സെക്രട്ടറി

അശ്വിൻ പെരുമ്പാംപള്ളി, മേഖല ട്രഷറർ ജോഷി പാലക്കാട്ട് തുടങ്ങിയവർ നേതൃത്വം നൽകി. ഓഖി ദുരന്തനിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് സമാഹരിച്ച 6000 രൂപ ഡയറക്ടർക്ക് കൈമാറി.

**കല്ലുവയൽ യൂണിറ്റ്**

രൂപതാ സാഹിത്യ മത്സരത്തിൽ നോട്ടീസ് രചനയിൽ ജെയ്മോൻ ഇഞ്ചിത്താനത്ത് ഒന്നാം സ്ഥാനം നേടി. സംസ്ഥാന മത്സരത്തിൽ പങ്കെടുത്തു. 18 ന് നടന്ന ജനജീവൻ ധർണ്ണയിൽ പങ്കെടുത്തു. 19 ന് 2018 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. നവംബർ മാസത്തിൽ ജന്മദിനമാഘോഷിക്കുന്നവർക്ക് മംഗളങ്ങൾ നേർന്നു.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയ പ്രതിഷ്ഠാദിനത്തിന്റെ വിജയത്തിനായി കെ.സി.വൈ.എം. അംഗങ്ങൾ അഖണ്ഡ ജപമാല നടത്തി. ഇടവക വെഞ്ചിരിപ്പിനോടും തിരുന്നാളിനോടുമനുബന്ധിച്ച് സെമിത്തേരി, പള്ളിപ്പരിസരം എന്നിവിടങ്ങൾ മനോഹരമായി അലങ്കരിച്ചു. ദേവാലയനിർമ്മാണത്തിനായി കെ.സി.വൈ.എം. അംഗങ്ങൾ സമാഹരിച്ച 80000 രൂപ ഡയറക്ടർ അച്ചന് കൈമാറി.

**പാറത്തോട്ടം യൂണിറ്റ്**

19-11-17 ന് കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് 2018 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. മേഖല വാർഷിക സെനറ്റിൽ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പള്ളി പരിസരം വൃത്തിയാക്കി പൂന്തോട്ട നിർമ്മാണത്തിൽ സഹകരിച്ചു.

**സുബിൻ ജോസ് കൊഴുപ്പാംതടത്തിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 3 മുതൽ 6 വരെ നടന്ന കോഴ്സിൽ 103 പേരും ഡിസംബർ 8 മുതൽ 11 വരെ മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ നടന്ന കോഴ്സിൽ 102 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ജനുവരി | 07 – 10 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 26 – 29 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി | 09 – 12 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി**

**മാതൃവേദി രൂപതാ വാർഷികം**

മാതൃവേദി രൂപതാ വാർഷികവും ജനറൽ ബോഡിയും 2017 ഡിസംബർ 16–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ജപമാലയ്ക്ക് ശേഷം 10 മണി മുതൽ തലശ്ശേരി അതിരൂപതാംഗമായ ശ്രീ. ജോസ് തയ്യിൽ ജനറൽബോഡി അംഗങ്ങൾക്കായി പേരന്റിംഗ് എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. 12.15 pm–ന് ആരംഭിച്ച വാർഷിക പൊതുയോഗത്തിന് രൂപതാ ആനിമേറ്റർ സി. കൃപ SABS സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ശ്രീമതി. ഗ്രേസി ചിറ്റിനപ്പിള്ളി അധ്യക്ഷയായിരുന്നു. രൂപതാ സെക്രട്ടറി ശ്രീമതി. മോളി കരിമ്പനാക്കുഴി വാർഷികറിപ്പോർട്ടും ട്രഷറർ ശ്രീമതി. സെൽമ കാഞ്ഞിരത്തിങ്കൽ കണക്കും അവതരിപ്പിച്ചു. രൂപതാ വികാരി ജനറാൾ വെരി. റവ.ഫാ. അബ്രാഹം നെല്ലിക്കൽ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഏകസ്ഥരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾസിനെക്കുറിച്ച് മറിയക്കുട്ടി ചേച്ചി വിശദീകരിച്ചു. അടുത്ത വർഷത്തേക്കുള്ള മാർഗ്ഗരേഖ, രൂപതാ എക്സിക്യൂട്ടീവിലെ മുതിർന്ന അംഗമായ ബഹു. അന്നമ്മ കാവാലം ടീച്ചറിന് നൽകിക്കൊണ്ട് വെരി. റവ. അബ്രാഹം നെല്ലിക്കൽ അച്ചൻ പ്രകാശനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ മാർഗ്ഗരേഖ വിശദീകരിച്ചു. 2016–17 –ലെ മികച്ച മേഖല

കൾക്കും മികച്ച ശാഖകൾക്കും രചനാ മത്സരവിജയികൾക്കുമുള്ള സമ്മാനങ്ങൾ നൽകി. ലോഗോസ് 2017 വിജയികൾക്കുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്തു. 511 പേർ ജനറൽബോഡിയിൽ പങ്കെടുത്തു. കേന്ദ്രസെനറ്റ് അംഗം ശ്രീമതി. ലിസ്സി ഈറയിൽ നന്ദി പറഞ്ഞു. മാതൃവേദി ആന്തത്തിനും, ഉച്ചഭക്ഷണത്തിനും ശേഷം യോഗം പിരിഞ്ഞു. ജനറൽബോഡിക്കായ് സൗകര്യങ്ങൾ ചെയ്തുതന്ന പാസ്റ്ററൽ സെന്റർ, സീയോൻ, KCYM ഡയറക്ടർ അച്ചൻമാർക്കും ദ്വാരക ഇടവകയിലെ മാതൃവേദി ആനിമേറ്റർക്കും, അംഗങ്ങൾക്കും റവ. ഫാ. മനോജ് കാക്കോനാൽ അച്ചനും, കുടുംബപ്രേഷിതത്വം രൂപതാ ഓഫീസ് സെക്രട്ടറി സി. എമിലിക്കും, ഭക്ഷണം തയ്യാറാക്കിയ പാസ്റ്ററൽ സെന്റർ കിച്ചൻ സ്റ്റാഫിനും ഹൃദ്യമായ നന്ദി.

**2017-ലെ മികച്ച മേഖലകൾ:** ചുങ്കക്കുന്ന്, മാനന്തവാടി, മണിമൂളി.

**മികച്ച ശാഖകൾ:** ചുങ്കക്കുന്ന്, വാഴവറ്റ, പോരൂർ.

മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും തരുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾക്കും 12000-ത്തോളം വരുന്ന അംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

**മണിമൂളി മേഖല**

മേഖലാ നേതൃത്വത്തിൽ മണിമൂളി ഇടവകയിൽ വച്ചു നടത്തിയ ജപമാല റാലിയിൽ എട്ട് ഇടവകകളിൽ നിന്നുമായി 300 അമ്മമാർ സംബന്ധിച്ചു. മേഖലാ ഭാരവാഹികൾ ശാഖകളിലൂടെ നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മികച്ച ശാഖകളെ കണ്ടെത്തി. മണിമൂളി, തലഞ്ഞി, നരിവാലമുണ്ട എന്നീ ശാഖകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, സ്ഥാനങ്ങൾ കരസ്ഥമാക്കി. മികച്ച ശാഖകൾക്കും സാഹിത്യമത്സര വിജയികൾക്കുമുള്ള സമ്മാനങ്ങൾ നൽകി. മേഖലാതലത്തിൽ കരോൾ ഗാനമത്സരം നടത്തി. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമം പാലാങ്കര, പാലേമാട്, നരിവാലമുണ്ട എന്നീ ശാഖകൾ കരസ്ഥമാക്കി.

**തരിയോട് മേഖല**

നവംബർ 12-ന് തരിയോട് ഫൊറോനാ ദേവാലയത്തിൽ വച്ച് ജനറൽബോഡി യോഗം ചേർന്നു. ഫൊറോനാ വികാരി റവ.ഫാ. ജെയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. എല്ലാ ശാഖകളിൽ നിന്നും എക്സിക്യൂട്ടീവ് അംഗങ്ങളും, ആനിമേറ്റേഴ്സും പങ്കെടുത്തു. ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീമതി. അന്നമ്മ കാവാലം ആശംസ അർപ്പിക്കുകയും രൂപതാ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്ത കാര്യങ്ങൾ അറിയിക്കുകയും ചെയ്തു.

**മാനന്തവാടി മേഖല**

നവംബർ 25-ന് മാനന്തവാടി മേഖലാ വാർഷികം നടത്തി. മികച്ച ശാഖകൾക്കും, സാഹിത്യ മത്സരങ്ങൾ, ലോഗോസ് ക്വിസ് എന്നിവയിൽ വിജയികളായവർക്കുമുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. ശ്രീ. ടോമി പുറങ്ങാട്ടിൽ തെനേരി 'സമൂഹ നിർമ്മിതിയിൽ കുടുംബങ്ങൾക്കുള്ള പങ്കി'നെപ്പറ്റി ക്ലാസ്സെടുത്തു. പോരൂർ, പേരിയ, ബോയ്സ് ടൗൺ ഇവർ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ നേടി.

**കല്ലോടി മേഖല**

നവംബർ 9-ന് എക്സിക്യൂട്ടീവ് യോഗം ചേർന്നു. ശാഖാ പ്രവർത്തനങ്ങൾ വിലയിരുത്തി. 12-ന് സാഹിത്യ മത്സരം നടത്തി- കഥ, കവിത, ഉപന്യാസം. മക്കിയാട്, കല്ലോടി സെന്ററുകളിലായി മത്സരം നടത്തി.

**ദ്വാരക മേഖല**

മേഖലാ ഡയറക്ടർ ബഹു. ജോസ് തേക്കനാടി അച്ചന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. എല്ലാ ശാഖകളിൽ നിന്നും ഓരോ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ശാഖാ വിസിറ്റ് നടത്തി മികച്ച ശാഖയെ കണ്ടെത്തി. ജപമാല റാലിയിൽ എല്ലാ ഇടവകയിൽ നിന്നും അമ്മമാർ പങ്കെടുത്തു. വിവാഹം കഴിഞ്ഞ് 2-15 വർഷം വരെയുള്ള ദമ്പതികൾക്ക് സെമിനാർ നടത്തി.

**അരിഞ്ചേർമല**

നടവയൽ മേഖലയിലെ മികച്ച ശാഖയായി അരിഞ്ചേർമല തിരഞ്ഞെടുക്കപ്പെട്ടു. 2016-17-ൽ 6500/- രൂപയോളം ചികിത്സാ സഹായം നൽകി. കാരുണ്യഭവൻ ഇടവക നിർമ്മിച്ച് നൽകിയപ്പോൾ അമ്മമാർ ഉദാരമായി പ്രവർത്തിക്കുകയും (25 പണി) കുടുംബത്തിൽ നിന്ന് സംഭാവന നൽകുകയും ചെയ്തു.

**പാടിച്ചിറ**

നവംബർ 24 -ന് അമ്മമാർക്ക് സെമിനാർ നടത്തി. കുടുംബങ്ങളിൽ അമ്മമാരുടെ സ്ഥാനവും സ്വാധീനവും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മേഖലാ ഡയറക്ടർ റവ. ഫാ. ജോയി തുരുത്തേൽ ക്ലാസ്സെടുത്തു. ഡിസംബർ 8-ന് അമലോത്ഭവ മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തി. മാതൃവേദി അംഗങ്ങൾ നല്ലൊരു പച്ചക്കറിത്തോട്ടം നട്ടുവളർത്തി പരിപാലിക്കുന്നു.

**പാലേമാട്**

മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി നയിച്ച ക്ലാസ്സിൽ 160 അമ്മമാർ പങ്കെടുത്തു. ഇടവകയുടെയും കുടുംബങ്ങളുടെയും നിയോഗാർത്ഥം അഖണ്ഡ ജപമാല അർപ്പിക്കുന്നു. മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനയും ശുദ്ധീകരണാത്മാക്കളുടെ പ്രാർത്ഥനയും എല്ലാ ഭവനങ്ങളിലും എത്തിച്ചു. എല്ലാ ഞായറാഴ്ച്ചയും വി. ബലിക്ക് ശേഷം മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥന ചൊല്ലുന്നു. എക്സിക്യൂട്ടീവ് അംഗങ്ങൾ ചോക്കാട് അഗതിമന്ദിരം സന്ദർശിക്കുകയും സ്റ്റേഷനറി സാധനങ്ങൾ, അരി എന്നിവ ശേഖരിച്ച് നൽകുകയും ചെയ്തു. മേഖലയിൽ നടത്തിയ ജപമാല റാലിയിൽ പങ്കെടുത്തു, കരോൾഗാന മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

**കമ്മന**

ദേവാലയ നിർമ്മാണ നിയോഗാർത്ഥം നടത്തിയ ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. പുതിയ ദേവാലയ നിർമ്മാണ ജോലികളിൽ അമ്മമാർ തീക്ഷണതയോടെ സഹായിച്ചു. പൂച്ചെടികൾ പിടിപ്പിക്കുന്നതിനു സഹകരിച്ചു. ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കുന്നതിന് അമ്മമാർ പോവുകയും 3500/- രൂപ സഹായം നൽകുകയും ചെയ്തു.

**കല്ലുവയൽ**

നവംബർ മാസം അമ്മമാർ സിമിത്തേരി സന്ദർശിച്ച് ശുദ്ധീകരണാത്മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. വണക്കമാസം വീടുകളിൽ വായിച്ചു. നവംബർ 11-ന് ഓസാനാം ഭവൻ സന്ദർശിച്ച് 4200/- രൂപയുടെ അരി നൽകി. ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. 18-ന് പാദ്രേ പിയോയിലെ റവ.ഫാ. ഡിജൻ OFM കുടുംബത്തിൽ മക്കളുടെ പരിപാലനത്തിൽ ശ്രദ്ധിക്കേണ്ടതിനെക്കുറിച്ച് ക്ലാസ്സെടുത്തു.

**ബത്തേരി**

മേഖലാതല ജപമാല റാലിയിൽ യൂണിറ്റിൽ നിന്ന് 78 അമ്മമാർ സംബന്ധിച്ചു. 22-ന് വി. ജോൺ പോൾ II-ന്റെ തിരുനാൾ ആഘോഷിച്ചു. 30-ന് ഇടവകയിൽ നടത്തിയ ജപമാല റാലിക്ക് മാതൃവേദി അംഗങ്ങൾ നേതൃത്വം നൽകി. 31 -ന് മീനങ്ങാടിയിലേക്ക് നടത്തിയ ജപമാല റാലിയിലും വി.കുർബ്ബാനയിലും അമ്മമാർ സംബന്ധിച്ചു. നവംബർ 18-ന് ശുദ്ധീകരണാത്മാക്കൾക്കായി ചൊല്ലിച്ച വി.കുർബ്ബാനയിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസ പുസ്തകം വീടുകളിലെത്തിച്ചു. എല്ലാ 3-ാം ശനിയാഴ്ച്ചകളിലും യാമപ്രാർത്ഥന, ജപമാല, വി.കുർബ്ബാന എന്നിവ നടത്തി വിവിധങ്ങ

ളായ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ജന്മദിനം ആചരിക്കുന്ന അംഗങ്ങൾക്ക് ആശംസകൾ നേർന്ന് സമ്മാനങ്ങൾ നൽകുന്നു. യൂണിറ്റിന് സ്വന്തമായൊരു ലൈബ്രറി എന്ന ലക്ഷ്യത്തോടെ പുസ്തകശേഖരണം ആരംഭിച്ചു.

**പറളിക്കുന്ന്**

വീടുകളിൽ ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം ചൊല്ലി മരിച്ചവരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. മേഖലാ കരോൾഗാന മത്സരത്തിനും ബൈബിൾ ക്വിസ്സിനും പങ്കെടുക്കാൻ പോകുന്നവർക്ക് പരിശീലനം നൽകി.

**ചെന്നലോട്**

'സമൂഹ നിർമ്മിതിയിൽ മാതാക്കൾക്കുള്ള പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി, മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി. ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സെടുത്തു. 170 അമ്മമാർ പങ്കെടുത്തു. രൂപതാ ആനിമേറ്റർ സി. കൃപ സന്നിഹിതയായിരുന്നു.

**പൂളപ്പാടം**

നവംബർ 26-ന് അമ്മമാർ ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചു ജീവിക്കേണ്ടതിന്റെയും മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് മാതൃവേദി മുൻ രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ ക്ലാസ്സെടുത്തു. അമ്മമാർ അപകടത്തിൽപെട്ടവരും രോഗികളുമായവരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കാവുംമന്ദം**

നവംബർ 1-ന് നടവയൽ ഓസാനാം ഭവനാംഗങ്ങൾക്കായി 80 കിലോ അരി നൽകി. ഇടവകയിൽ മാനസികാസ്വാസ്ഥ്യം അനുഭവിക്കുന്ന കുടുംബത്തിന് 45 കിലോ അരി നൽകി. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വീടുകളിൽ ചൊല്ലി പ്രാർത്ഥിച്ചു. 17-ന് രൂപതാ ടീം ശാഖ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

നവംബർ മാസത്തിൽ മരിച്ച എവരുടെയും ഭവനങ്ങൾ സന്ദർശിച്ചു. ജപമാല ചൊല്ലി പരേതാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി 25 പേർക്ക് വസ്ത്രങ്ങൾ നൽകി. 1800/ -രൂപയുടെ സഹായം നൽകി. വിവാഹ സഹായമായി 10000/- രൂപ നൽകി. ഹരിതം 2017 ജൈവകൃഷി ക്ലാസ്സ് നടത്തി. 5000 തൈകൾ സൗജന്യമായി കൊടുത്തു.

**കയ്യൂന്നി**

'പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ലോഗോസ് വിജയികൾക്ക് 3800/- രൂപ ക്യാഷ് അവാർഡ് നൽകി. അമ്മമാർക്കായി വാർഡിൽ ബൈബിൾ വായന മത്സരം നടത്തി. ഉളുവാട് യൂണിറ്റിലെ അമ്മമാർ ഓസാനാം ഭവൻ സന്ദർശിച്ച് ക്ലീനിംഗ് നടത്തുകയും ഭക്ഷണം ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. 30500/- രൂപയുടെ സാധനങ്ങൾ നൽകുകയും ചെയ്തു.

**വാളേരി**

നവംബർമാസം മാതൃ ഇടവകയായ കല്ലോടി, തേറ്റമല പള്ളികളിലെ സിമിത്തേരികൾ അമ്മമാർ സന്ദർശിക്കുകയും അവിടെ അടക്കപ്പെട്ട പൂർവ്വീകരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. രൂപതയിലെ വൈദികർക്കു വേണ്ടി പ്രാർത്ഥനയും ആരാധനയും നടത്തി. സമരിറ്റൻ ഭവൻ സന്ദർശിച്ച് ശുശ്രൂഷകൾ ചെയ്തു കൊടുത്തു. പിടിയരിയും പച്ചക്കറികളും ശേഖരിച്ച് 23-ന് ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകി. മരിയൻ യാത്ര എന്ന പേരിൽ വാർഡുകൾ തമ്മിൽ ഭവനസന്ദർശനം നടത്തി. സമൂഹത്തിൽ മദ്യപാനത്തിന്റെയും ലഹരിയുടെയും മോചനത്തിനായി അമ്മമാർ ഉപവസിച്ചു.

**വാഴവറ്റ**

അഖണ്ഡജപമാലയും ജാഗരണവും നടത്തി. രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു, സഹായം നൽകി. മരണാസന്നരായവരെ ഭവനങ്ങളിൽ സന്ദർശിച്ചു. ജ്യോതി നിവാസിൽ അവരോടൊപ്പം വി. കുർബ്ബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും അവിടെയുള്ള അന്തേവാസികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകുകയും ചെയ്തു. ഓസ്സാനാം ഭവൻ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. ഉപന്യാസം, ക്വിസ്, കവിത എന്നീ മത്സരങ്ങളിൽ മേഖലാ, രൂപതാ തലങ്ങളിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിച്ചു. കൽപറ്റ മേഖലയിലെ മികച്ച ശാഖയായി വാഴവറ്റ ശാഖ തിരഞ്ഞെടുക്കപ്പെട്ടു.

**ഇരുളം**

നവംബർ 4- ന് വൃദ്ധദമ്പതികളെ സന്ദർശിച്ചു. മാതൃവേദി അംഗങ്ങളായ രണ്ടു പേരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. നവംബർ 19-ന് 'അമ്മ കുടുംബത്തിലും സമൂഹത്തിലും' എന്ന വിഷയത്തെ ആസ്പദമാക്കി മുൻ വനിതാ കമ്മീഷൻ ചെയർമാനും മുൻ എം.എൽ.എ. യുമായിരുന്ന ശ്രീമതി റോസക്കുട്ടി ടീച്ചർ ക്ലാസ്സെടുത്തു. മുൻ മാതൃവേദി പ്രസിഡണ്ടായിരുന്ന അങ്കംവീട്ടിൽ മേരിയുടെ നിര്യാണത്തിൽ ആ ഭവനത്തിലുള്ളവരോടു കൂടെയായിരിക്കുകയും പ്രാർത്ഥന

കൾക്ക് നേതൃത്വം നൽകുകയും മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. മദ്യവും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നവർക്കു വേണ്ടി അമ്മമാർ ഉപവാസം നടത്തി പ്രാർത്ഥിക്കുന്നു. വിവാഹം നടക്കാത്തവർക്കും ജോലിതടസ്സം നേരിടുന്നവർക്കും വേണ്ടി അമ്മമാർ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും മോചിതരായവർക്ക് വേണ്ടി എല്ലാ ദിവസവും അമ്മമാർ 3 മണിക്ക് കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു.

**കാരയ്ക്കാമല**

എക്സിക്യൂട്ടീവ് അംഗങ്ങൾ മോളത്ത്, വള്ളാംതോട്ടത്തിൽ എന്നീ ഭവനങ്ങൾ സന്ദർശിച്ച് അവിടുത്തെ രോഗാവസ്ഥയിലായിരിക്കുന്ന കുടുംബനാഥൻമാർക്കു വേണ്ടി പ്രാർത്ഥിച്ചു. ഗവ. ആശുപത്രിയിലേക്ക് ഭക്ഷണത്തിനുള്ള തുക സെന്റ് ജോർജ്ജ് വാർഡിലെ മാതൃവേദി അംഗങ്ങൾ ശേഖരിച്ചു നൽകി. 25-ന് 10 മണി മുതൽ 4 മണി വരെ നടന്ന മരുന്നു നിർമ്മാണത്തിൽ 25 മാതൃവേദിയംഗങ്ങൾ പങ്കെടുത്ത് മുറിവെണ്ണയും ഉരഗുളികയും ഉണ്ടാക്കാൻ പഠിച്ചു.

**കോട്ടത്തറ**

നവംബർ മാസത്തിൽ സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. ഏലീശ്വാ സന്ദർശനവും രേഗീസന്ദർശനവും നടത്തി. ക്ലാര സന്യാസ സമൂഹത്തിൽ ആദ്യവ്രതവാഗ്ദാനം നടത്തിയ സി. ജ്യോതി മുളകൊടിയാങ്കലിനെ ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു. അംഗങ്ങൾ വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

**പുതിയിടംകുന്ന്**

സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി കുർബാന ചൊല്ലിക്കുകയും ചെയ്തു. കല്ലോടിയിൽ വച്ച് നടത്തിയ സാഹിത്യ മത്സരത്തിൽ 46 പേർ പങ്കെടുക്കുകയും മഞ്ചു ഇഞ്ചപ്ലാക്കൽ കവിതയ്ക്കും കഥയ്ക്കും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ബിൻസി ഓണിശ്ശേരി ഉപന്യാസത്തിന് രണ്ടാം സ്ഥാനവും, രഞ്ചു മുക്കത്ത് കവിതയ്ക്ക് മൂന്നാം സ്ഥാനം സ്വന്തമാക്കുകയും ചെയ്തു.

**മരിയൻ സിംഗിൾസ്**

ഡിസംബർ 18-ന് മീറ്റിംഗിൽ 16 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്.എച്ച്. നേതൃത്വം നൽകി. ക്രിസ്തുമസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. അടുത്ത മീറ്റിംഗ് ജനുവരി 22 -ന്.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

### സീയോൻ ടീം മീറ്റിംഗും ആദ്യവെള്ളി ശുശ്രൂഷകളും (1-12-17)

രാവിലെ 10 മണിയോടെ എൽഡറിംഗ് ആരംഭിച്ചു. 12 മണിക്ക് കുരിശിന്റെ വഴിയും സഹനജപമാലയും നടത്തി. ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു. ഡയറക്ടറച്ചന്റെ അധ്യക്ഷതയിൽ ടീം മീറ്റിംഗിനായി ഒരുമിച്ചു കൂടി. ബഹു. ബാബു മൂത്തേടത്ത് അച്ചനും മീറ്റിംഗിൽ സന്നിഹിതനായിരുന്നു. 2018 വർഷത്തേക്ക് സീയോന്റെ വിവിധ മിനിസ്ട്രികൾക്ക് നേതൃത്വം നൽകുന്ന വ്യക്തികളെ തിരഞ്ഞെടുത്തു. 4.30 ന് മീറ്റിംഗ് സമാപിച്ചു. ആദ്യശനി കൺവെൻഷനുള്ള ഒരുക്കശുശ്രൂഷ നടത്തി. 6.30-ന് ജാഗരണപ്രാർത്ഥന ആരംഭിച്ചു. സ്തുതി ആരാധനയും കുരിശിന്റെ വഴിക്കും ശേഷം വി. കുർബാന അർപ്പിച്ചു. തുടർന്ന് വചന പ്രഘോഷണം, ആരാധന എന്നീ ശുശ്രൂഷകൾ നടത്തി. ശ്രീ. ബെന്നി മാങ്കോട്ടിൽ പ്രാർത്ഥനയെക്കുറിച്ച് ക്ലാസ്സ് എടുത്തു. 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

### ആദ്യശനി ഏകദിന കൺവെൻഷൻ (2-12-17)

രാവിലെ 6 മണിക്ക് ശുശ്രൂഷകൾക്ക് തുടക്കമായി പരിശുദ്ധ അമ്മയുടെ തിരുസന്നിധിയിൽ സഹനജപമാല ചൊല്ലി പ്രാർത്ഥിച്ചു. വെഞ്ചിരിപ്പിനുശേഷം 8.45 ന് കൺവെൻഷൻ ആരംഭിച്ചു. സ്തുതി ആരാധനയ്ക്കുശേഷം സി.റ്റെസിൻ ആൻഡ്രൂസ് MSMI കുളത്തുവയൽ വചന പ്രഘോഷണം നടത്തി. പയ്യമ്പള്ളി ഫൊറോന വികാരി ബഹു. ജോസ് മൊളോപ്പറമ്പിൽ അച്ചൻ വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. കുഞ്ഞി പൈതങ്ങളെ അനുസ്മരിച്ച് പ്രാർത്ഥന നടത്തി. ദിവ്യകാരുണ്യആരാധന, സാക്ഷ്യം, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയ്ക്കുശേഷം 3.30 ന് ശുശ്രൂഷകൾ സമാപിച്ചു. MSMI കോൺഗ്രിഗേഷന്റെ ബത്തേരി പ്രൊവിൻസ് ആണ് കൺവെൻഷൻ ഏറ്റെടുത്ത് നടത്തിയത്.

### രോഗസൗഖ്യ ശുശ്രൂഷാദിനം (25-11-17)

രാവിലെ 9.30 ന് സൗഖ്യ ശുശ്രൂഷകൾക്കുവേണ്ടിയുള്ള ഒരുക്ക പ്രാർത്ഥന ആരംഭിച്ചു. ആരാധന, കുരിശിന്റെ വഴി, സ്തുതി ആരാധന എന്നിവയ്ക്കുശേഷം ബഹു. ജയ്മോൻ കളമ്പുകാട്ട് അച്ചൻ

വി.കുർബാന അർപ്പിച്ചു. സൗഖ്യപ്രാർത്ഥനയും കൈവയ്പ്പ് ശുശ്രൂഷയും നടത്തി.

**ഇടവക നവീകരണ ധ്യാനങ്ങൾ**

ചുങ്കക്കുന്ന് ഇടവകയിലും (ഡിസംബർ 3-6) ഹസ്സൻ നേഴ്സിംഗ് സ്റ്റുഡൻസിനുവേണ്ടിയും സീയോൻ ടീം ധ്യാനങ്ങൾ നടത്തി.

**വിധവകളുടെ ഏകദിനം (7-12-17)**

വിധവകളായ സ്ത്രീകൾക്കുവേണ്ടി ഏകദിന പ്രാർത്ഥന സീയോനിൽ നടത്തി. ജപമാലയ്ക്കുശേഷം ബഹു. സോണിയച്ചൻ വി.കുർബാന അർപ്പിച്ചു. സി. ഇന്നസെന്റ് MSMI ക്ലാസ് എടുത്തു. 2.30 മണിയോടെ ഏകദിന പ്രാർത്ഥനാശുശ്രൂഷ സമാപിച്ചു. 37 പേർ പങ്കെടുത്തു.

**രണ്ടാംശനി പൊതുസ്പിരിച്വൽ ഷെയറിംഗ് (9-12-17)**

സ്പിരിച്വൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളി സീയോനിൽ വന്ന് പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച 9.30 മുതൽ 4 മണി വരെ ശുശ്രൂഷ നടത്തി. ധാരാളം പേർ സ്പിരിച്വൽ ഷെയറിംഗിനായി കടന്നുവന്നു.

**ജാഗരണ പ്രാർത്ഥന (16-12-17)**

ഡിസംബർ മാസത്തിലെ മൂന്നാം വെള്ളി വൈകുന്നേരം 6 മുതൽ 5 വരെ ജാഗരണപ്രാർത്ഥന നടത്തി. ക്രിസ്തുമസ് ആഘോഷങ്ങളും സംഘടിപ്പിച്ചു. ബ്രദർ ജോസ് മാളോല വചനപ്രഘോഷം നടത്തി. ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ചു. ബ്രദർ ബേബി നാക്കുഴിക്കാട്ട് & ബ്രദർ ജോസ് മാളോല എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**ഇമ്മാനുവേൽ അനുഭവധ്യാനം (17-21)**

ഡിസംബർ 17-21 തീയതികളിൽ സീയോനിൽ ക്രിസ്തുമസിന് മുന്നോടിയായി 'ഇമ്മാനുവേൽ അനുഭവധ്യാനം' നടത്തപ്പെട്ടു.

**സീയോൻ ജനുവരി മാസത്തിൽ**

| | | |
|---|---|---|
| 5-1-2018 ആദ്യവെള്ളി | - | എൽഡറിംങ്ങ്, ടീം മീറ്റിംഗ്<br>ജാഗരണ പ്രാർത്ഥന |
| 6-1-2018 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 11-1-2018 വ്യാഴം | - | വിധവകളുടെ ഏകദിനം |
| 12-1-2018 രണ്ടാം വെള്ളി | - | തൂവാനീസ (അമ്മമാരുടെ സംഗമം) |
| 13-1-2018 രണ്ടാം ശനി | - | സ്പിരിച്വൽ ഷെയറിംഗ് |
| 19-1-2018 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 21-1-2018 to 25-1-2018 | - | പരിശുദ്ധാത്മ അഭിഷേകധ്യാനം |
| 27-1-2018 നാലാം ശനി | - | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ഒരു വർഷം കൂടി ചരിത്രത്തിന്റെ താളുകളിലേക്ക് മറഞ്ഞു. വ്യക്തിപരമായും സാമൂഹ്യപരമായും 2017-ഒട്ടേറെ സുഖദുഃഖങ്ങൾ നമുക്ക് നൽകിയിട്ടുണ്ടല്ലോ. പലപ്പോഴും സുഖം ദൈവദാനമായും, ദുഃഖങ്ങൾ ദൈവത്തിന്റെ ശിക്ഷയായും കാണുന്നവരാണല്ലോ നമ്മളിൽ ഭൂരിപക്ഷമാളുകളും. എന്നാൽ ഇത് ദൈവത്തിന്റെ പദ്ധതികൾ നമ്മിൽ പൂർത്തിയാവുന്നതിനുള്ള നടപടിയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. നമ്മുടെ സുഖം മറ്റുള്ളവർക്ക് സന്തോഷം പകർന്നിട്ടുണ്ടോ,നമ്മുടെ ദുഃഖം അപരന്റെ ദുഃഖത്തിന് കാരണമായിട്ടുണ്ടൊയെന്ന് ഓരോ വിൻസെൻഷ്യനും ആത്മശോധന ചെയ്യേണ്ടതുണ്ട്. ഒരു വിൻസെൻഷ്യൻ എന്ന നിലയിൽ പോയ വർഷത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ നേട്ടങ്ങളാണൊ, കോട്ടങ്ങളാണൊ കൂടുതലെന്ന് നാം ഓരോരുത്തരും പരിശോധിക്കണം. നമ്മിലെ വിൻസെൻഷ്യൻ ചൈതന്യം വളർത്താനുതകുന്ന എന്തെല്ലാം പ്രവർത്തികൾ-പ്രാർത്ഥനകൾ നാം ചെയ്തുവെന്ന് വിചിന്തനം ചെയ്യണം. കരുണ തേടിക്കൊണ്ട് എന്റെ കണ്ണുകളിലേക്ക് നോക്കിയശേഷം എന്റെ കരുണ ലഭിക്കാതെ പോകേണ്ടി വരുന്ന ഒരു സഹോദരനും ഈ ലോകത്തിൽ ഉണ്ടായിരിക്കരുത്-എന്നതായിരിക്കട്ടെ ഈ പുതുവർഷത്തിലെ ഓരോ വിൻസെൻഷ്യന്റെയും പ്രതിജ്ഞ.

വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്കായി സമയമില്ലെന്ന മറുപടിയാണ് പലപ്പോഴും ലഭിക്കുന്നത്. അപരനുവേണ്ടി സ്വയം ഇല്ലായ്മ ചെയ്യാനുള്ളവരുടെനിര കുറഞ്ഞുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ സ്വാർത്ഥനാകുമ്പോഴാണ് മററുള്ളവർക്കുവേണ്ടി വിനിയോഗിക്കുവാൻ സമയം ഇല്ലാതെ വരുന്നത്. എല്ലാം ദൈവത്തെപ്രതി ഉപേക്ഷിക്കുക-ദൈവം നമ്മുടെകാര്യം വിചാരിക്കുമെന്ന മഹത്തായ തത്വം നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും (മത്താ. 21:21)നമ്മുടെ പ്രവർത്തനങ്ങളിൽ ഒട്ടേറെ പ്രതിബന്ധങ്ങൾ നാം അഭിമുഖീകരിക്കേണ്ടിവരും. തിന്മയുടെ ശക്തികൾ നമ്മെ വിടാതെ പിന്തുടരുന്നുണ്ടെന്ന ബോധ്യം ഓരോ വിൻസെൻഷ്യനുമുണ്ടാവണം. തിന്മയെ തിന്മകൊണ്ടുതന്നെ നേരിടുമ്പോൾ നമ്മളും അതേ തിന്മയിൽത്തന്നെയാണെന്ന് ഓർക്കണം. ഒപ്പം അശാന്തിയുടെ കനലുകൾ നിലയ്ക്കാതെ കത്തിപ്പടരുവാനും തുടങ്ങും. ഇവിടെ എളിമയാവട്ടെ നമ്മുടെ

മുഖമുദ്ര. വിനയവും, ദാരിദ്ര്യവും, ലാളിത്യവും, തുറവിയും, സത്യവും ഉൾക്കൊള്ളുന്ന ഒരു പുണ്യമാണല്ലോ എളിമ.

**ഓസാനാംഭവൻ ബെനിഫാക്ടേഴ്സ് ഡേ**

ഓസാനാംഭവൻ ബെനിഫാക്ടേഴ്സ് ഡേ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഓസാനാംഭവനെ സഹായിക്കുന്ന 400-ലേറെ ആളുകൾ സംബന്ധിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.അഗസ്ററിൻ പുത്തൻപുരയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെയാണ് ആഘോഷപരിപാടികൾ ആരംഭിച്ചത്. തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ.ജോസഫ് പാംബ്ലാനി ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. നാം ചെയ്യുന്ന കാരുണ്യപ്രവർത്തികളിലൂടെ അപരന്റെ മുഖത്ത് യേശുവിനെ ദർശിക്കുവാൻ നമുക്ക് കഴിയുന്നുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നന്മ ചെയ്യുന്നവരെ കാലങ്ങൾക്കതീതമായി-ദേശങ്ങൾക്കതീതമായി തലമുറകൾ ഓർത്തിരിക്കും. വിശുദ്ധ മദർ തെരേസ ഇതിന് ഉദാഹരണമാണ്. നാം ചെയ്യുന്ന കാരുണ്യ പ്രവർത്തികൾ നമുക്കും മററുള്ളവർക്കും മാനസാന്തരമുണ്ടാക്കും. നമ്മുടെ പ്രവർത്തികൾ ഭൂമിയിൽ സ്വർഗരാജ്യം സൃഷ്ടിക്കുന്നവയാകണം. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കത്തോലിക്കാ സഭയ്ക്ക് ഊർജ്ജം പകരുന്നവയാണ്. മനുഷ്യരെ ദൈവവുമായി അടുപ്പിക്കുന്നതിന് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സഹായകരമാകുന്നു- ബിഷപ്പ് ചൂണ്ടിക്കാട്ടി. റവ. ഫാ. അഗസ്ററിൻപുത്തൻപുര അധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം നെല്ലിക്കൽ മുഖ്യസന്ദേശം നല്കി. ഓസാനാംഭവൻ കുടുംബാംഗങ്ങൾക്കുള്ള പുതുവസ്ത്ര വിതരണം നടവയൽ ഫൊറോന വികാരിയും മുൻ സി.സി. ആത്മീയ ഉപദേഷ്ടാവുമായ റവ.ഫാ.ബെന്നി മുതിരക്കാലാ നിർവഹിച്ചു. റവ.ഫാ. മാർട്ടിൻ പുതുശ്ശേരി (കാവുമന്ദംപള്ളി വികാരി), ബ്ര.ആന്റണി ചക്കാലയ്ക്കൽ (കോഴിക്കോട് സി.സി.പ്രസിഡന്റ്), ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ (സി.സി. വൈസ്സ് പ്രസിഡന്റ്), ബ്ര. സിറിയക് തുണ്ടത്തിൽ (പാട്ടവയൽ) എന്നിവർ ആശംസ കളർപ്പിച്ചു. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി സ്വാഗതവും, ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ് ജോർജ്ജ് വടക്കുഞ്ചേരി നന്ദിയും പറഞ്ഞു. വനിതാ വിഭാഗം സി.സി. പ്രസിഡന്റ് സിസ്റ്റർ ബേബി മരിയ,സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

**ഫെബ്രുവരി മാസത്തെ ഓസാനാംഭവൻ സന്ദർശനം**

1-മുതൽ 15-വരെ-പയ്യമ്പള്ളി എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.
16-മുതൽ28-വരെ-നടവയൽ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

എല്ലാവർക്കും പുതുവത്സരാംശംസകൾ നേർന്നുകൊണ്ട്,

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**1. നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി അവസാനഘട്ടത്തിൽ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവന്നിരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി അവസാനഘട്ടത്തിലെത്തി. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവർത്തനങ്ങളും സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ഉഷ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**2. യന്ത്രവൽകൃത മൺപാത്ര നിർമ്മാണത്തിൽ പരിശീലനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യന്ത്രവൽകൃത മൺപാത്രനിർമ്മാണത്തിൽ പരിശീലനം നൽകി. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനുമായി സഹകരിച്ചാണ് ഒരാഴ്ച നീണ്ടു നിന്ന പരിശീലനം സംഘടിപ്പിച്ചത്. പരീശീലനത്തിന്റെ ഉദ്ഘാടനം ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ സ്റ്റേറ്റ് കോ ഓർഡിനേറ്റർ ശ്രീ. അശോക് കുമാർ നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി.എ. ഫീൽഡ് കോ ഓർഡിനേറ്റർ ഷാജുമോൻ എന്നിവർ സംസാരിച്ചു. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ കുഞ്ഞോത്ത് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കിവന്നിരുന്ന വാടിപദ്ധതിയിൽ അംഗങ്ങളായ 20 പേർ ആണ് ഈ പരിശീലനത്തിൽ പങ്കെടുക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തീർത്തും സൗജന്യമായി ഇലക്ട്രിക് വീലേഴ്സ് വിതരണം ചെയ്യുന്നതാണ്. നാളിതുവരെ മാനുഷിക അദ്ധ്വാനം കൊണ്ട് മാത്രം മൺപാത്ര നിർമ്മാണം നടത്തിവന്നിരുന്ന 20 കുടുംബങ്ങൾക്ക് ഏറ്റവും നൂതനമായ ഇലക്ട്രിക് വീലേഴ്സ് സൗജന്യമായി ലഭിക്കുന്നതോടെ അദ്ധ്വാനം ഏറെ ലഘൂകരിക്കപ്പെടുന്നതിനോടൊപ്പം വരുമാനവും വർദ്ധിക്കും. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഈ മേഖലയിലെ നൂതന ഇടപെടൽ 20 പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിന് വഴിതെളിക്കും.

**3. ജലവിഭവ പഠനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈത്തിരി ഗ്രാമപഞ്ചായത്തിൽ ജലവിഭവ പഠനം നടത്തി. നബാർഡ് ഇന്ത്യയിലെ ഒരുലക്ഷം ഗ്രാമങ്ങളിൽ നടത്തുന്ന ജലവിഭവ പഠനത്തിന്റെ ഭാഗമായാണ് വൈത്തിരി ഗ്രാമപഞ്ചായത്തിൽ പഠനം നടത്തിയത്. ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ, ജലസേചന കുടിവെള്ള പദ്ധതികൾ, ഓരോ പദ്ധതികളുടേയും നിലവിലുള്ള അവസ്ഥ, ഇനി നടപ്പിലാക്കേണ്ട വികസന പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും ജലവിഭവ ഭൂപടം തയ്യാറാക്കുകയും ചെയ്തു. പഠനപരിപാടി വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് യു. സി.ഗോപി അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പഠനപരിപാടി വിശദീകരിച്ചു. അഡ്വ. ഹരിപ്രസാദ്, റാഷിദ്, രാഹുൽ, അഞ്ജു, ഹരിത, ആതിര, അമൽറോസ് എന്നിവർ ജലവിഭവ പഠനത്തിന് നേതൃത്വം നൽകി.

**4. പങ്കെടുത്തു**

കേരള ലാൻഡ് യൂസ് ബോർഡ് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വെച്ച് നീർത്തടവികസന പദ്ധതികൾ ഇന്നിന്റെ ആവശ്യകത എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

## പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോയ്സ്ടൗണിൽ നടപ്പിലാക്കിവരുന്ന നാടൻ കുരുമുളകു സംരക്ഷണപദ്ധതിയുടെ ഫീൽഡ് സർവ്വെയും, നടീൽവസ്തുക്കളുടെ ശേഖരണവും കഴിഞ്ഞമാസം നടത്തി. ഫീൽഡ് സർവ്വെയുടെ ഭാഗമായി പേരിയ, ചന്ദനത്തോട്, പൊയ്യമല തുടങ്ങിയ സ്ഥലങ്ങളിൽ സർവ്വെകൾ നടത്തി. ഇതുവരെയുള്ള സർവ്വെകളിൽ നിന്നും 66 ഇനം നാടൻ കുരുമുളകിനങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. നീലകരിമുണ്ടി, പറപ്പള്ളി (ചെറുത്), പെരുംകൊടി, കരിമുണ്ടയിനം, നാടൻ ഇനം എന്നിവ കണ്ടെത്താൻ കഴിഞ്ഞു. മുകളിൽപ്പറഞ്ഞ ഇനങ്ങളുടെ നടീൽവസ്തുക്കൾ ശേഖരിക്കുകയും, നഴ്സറിയിൽ നട്ടു വളർത്താനും തുടങ്ങി.

പദ്ധതിയുടെ പ്രധാനപ്രവർത്തനങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിട്ടുള്ള കൃഷിസ്ഥലത്ത് ഇതിനോടകം സ്ഥാപിച്ചിട്ടുള്ള പില്ലറുകളിൽ (Pillars) ഗ്രീൻനെറ്റ് ഉപയോഗിച്ചുകൊണ്ടുള്ള കവറിംഗ്രീതി നടപ്പിലാക്കി. ഇതുമൂലം വേനൽക്കാലത്തെ അധികചൂടിൽ നിന്നും കുരുമുളകുചെടികളെ സംരക്ഷിക്കുവാനും വളർച്ച ത്വരിതപ്പെടുത്തുവാനും സാധിക്കും. ഇതുകൂടാതെ ജലസേചനത്തിനുവേണ്ടിയുള്ള സൂക്ഷ്മകണ ജലസേചനത്തിന്റെ പ്രാരംഭ

പ്രവർത്തനങ്ങൾ നടത്തി. ഇതിലൂടെ കുറഞ്ഞ അളവിൽ ജലം സസ്യങ്ങൾക്ക് ഫലപ്രദമായി ലഭിക്കും.

നഴ്സറിയിൽ നട്ടുവളർത്തിയിട്ടുള്ള മാതൃകുരുമുളകു സസ്യങ്ങളുടെ പരിചരണത്തിനായി Springler സംവിധാനം ഏർപ്പെടുത്തി. പൂർണ്ണമായും ജൈവമാതൃകയിൽ കൃഷിചെയ്യുന്നതിനുള്ള ജൈവവളങ്ങളും, ജൈവകീട നാശിനികളും കീടനിയന്ത്രണത്തിനായി ഉപയോഗിക്കുന്നു. നിലവിലുള്ള ബോട്ടാണിക് ഗാർഡന്റെ പുനരുദ്ധാരണത്തിനായി ഔഷധസസ്യങ്ങൾ ശേഖരിച്ചു. വെള്ള ശംഖുപുഷ്പം, കാശാവ്, ഓരിലത്താമര, കാട്ടുചെത്തി തുടങ്ങിയ പ്രധാന ഇനങ്ങൾ ലഭിച്ചു. നിലവിൽ പ്രവർത്തന സജ്ജമാക്കിയിട്ടുള്ള മണ്ണുപരിശോധനാ കേന്ദ്രത്തിൽ കർഷകരുടെ മണ്ണുപരിശോധനാ പ്രവർത്തനങ്ങളും നടന്നുവരുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ടു പോകുന്നു. ഇപ്പോൾ നിലവിൽ 315 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചുവരുന്നു.

സേവ് എ ഫാമിലി പ്ലാനിന്റെ മേഖലാതല യോഗങ്ങൾ നവംബർ 7,8 തീയതികളിൽ കൽപ്പറ്റ, മാനന്തവാടി, പുൽപ്പള്ളി എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. ശ്രീമതി ആലീസ് സിസിൽ ക്ഷേമനിധികളെക്കുറിച്ചും അവയുടെ വിവിധ പദ്ധതികളെക്കുറിച്ചും വിശദീകരിച്ച് സംസാരിച്ചു. അതോടൊപ്പം ഉപകാരികൾക്ക് എങ്ങനെ ആകർഷകമായി കത്തുകളെഴുതാം എന്ന പരിശീലനവും ഇതോടൊപ്പം നൽകുകയുണ്ടായി.

**സംരഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു**

പുതുതായി സേവ് എ ഫാമിലിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട 31 അംഗങ്ങൾക്കുവേണ്ടി നവംബർ 24-ാം തീയിത സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. WSSS ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പരിപാടി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു. സോപ്പ് ഉൽപ്പന്ന നിർമ്മാണത്തെക്കുറിച്ച് ശ്രീമതി ആലീസ് സിസിൽ പരിശീലനം നൽകി.

**വികാസ്പീഡിയ ഡിജറ്റൽ ഇന്റഗ്രേഷൻ ആരംഭിച്ചു**

വികാസ്പീഡിയ വിജ്ഞാന വികസന പോർട്ടൽ മറ്റ് പൊതു-സ്വകാര്യ ഓൺലൈൻ വെബ്സൈറ്റുകളും പോർട്ടലുകളുമായുള്ള സംയോജനപദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പാക്കുന്ന ഡിജിറ്റൽ വയനാട് യജ്ഞത്തിന്റെ വികാസ്പീഡിയ നേതൃത്വം നൽകിവരുന്നു. ഡിജിറ്റൽ സാക്ഷരത താഴെതട്ടിലേക്ക് എത്തിക്കുന്നതിനും വികാസ്പീഡിയ പോർട്ടൽ സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്നതിനുമായി ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരായ ഡിജിറ്റൽ വളണ്ടിയർമാരെ തിരഞ്ഞെടുക്കുന്നു. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത വയനാട് ജില്ലയിലെ മാസ്റ്റർ ട്രെയ്നർമാർക്കുള്ള ഏകദിന ശില്പശാല കൽപ്പറ്റ കലക്ട്രേറ്റിലെ എ.പി.ജെ. അബ്ദുൾകലാം മെമ്മോറിയൽ ഹാളിൽ നടന്നു. വയനാട് ജില്ലാകലക്ടർ

എസ്. സുഹാസിന്റെ അധ്യക്ഷതയിൽ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ടി. ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. മാസ്റ്റർ ട്രെയ്നർമാരെ തിരഞ്ഞെടുക്കുന്നതിന്വേണ്ടി അക്ഷയ, സാക്ഷരതാമിഷൻ, കുടുംബശ്രീ, പട്ടികവർഗ്ഗ വികസനവകുപ്പ്, എന്നിവയുമായി ചേർന്ന് സെലക്ഷൻ ക്യാമ്പ് സംഘടിപ്പിച്ചു. വികാസ്പീഡിയ സ്റ്റേറ്റ് കോഡിനേറ്റർ സി.വി.ഷിബു ക്ലാസെടുത്തു.

വികാസ്പീഡിയ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പന്ത്രണ്ട് കേന്ദ്രങ്ങളിൽ ഡിജിറ്റൽ ജീവിതശൈലി സെമിനാർ സംഘടിപ്പിച്ചു. 2018 വർഷത്തെ സ്റ്റഡി കലണ്ടറിന്റെ വിതരണ ഉദ്ഘാടനം വയനാട് ജില്ലാസ്കൂൾ കലോത്സവവേദിയിൽ വെച്ച് വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ടി.ഉഷാകുമാരി നിർവ്വഹിച്ചു. പോർട്ടലിന്റെ ആരോഗ്യം എന്ന ഡൊമൈനിലേക്ക് www.mindin എന്ന വെബ്സൈറ്റിൽ നിന്നുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ ഡോ.ഷാഹുൽ അമീനുമായി ധാരണയായി.

**കേരള ലേബർ മൂവ്മെന്റ്** (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**കർഷകതൊഴിലാളി ക്ഷേമനിധി**

ഭൂവുടമകളുടെ ഭൂമിയിൽ വേതനത്തിനുവേണ്ടി കൃഷിപ്പണിയോ അതുമായി ബന്ധപ്പെട്ട ജോലിയോ ചെയ്യുന്ന കർഷകതൊഴിലാളികളെ ആണ് ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത്. രൂപതയുടെ കീഴിൽ KLM ന്റെ നേതൃത്വത്തിൽ ആദ്യമായി കർഷകതൊഴിലാളിക്ഷേമ നിധിയിൽ ഈ മാസം അംഗങ്ങളെ ചേർത്തു. (എടവക, മുള്ളൻകൊല്ലി, പാടിച്ചിറ) നവംബർ 10,21 തീയതികളിലായി എടവക പഞ്ചായത്ത് ഹാൾ, പുൽപ്പള്ളി പഞ്ചായത്ത്ഹാൾ എന്നീ സ്ഥലങ്ങളിൽ സിറ്റിംഗ് നടന്നു.

ചെറുകിടതോട്ടം തൊഴിലാളി, കർഷകതൊഴിലാളി, നിർമ്മാണതൊഴിലാളി, തയ്യൽതൊഴിലാളി എന്നീ ക്ഷേമനിധികൾ ചേർത്തുവരുന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ 'സുരക്ഷ' പദ്ധതിയിൽ ചേർന്നവരുടെ 2017-18 പുതുക്കൽ നടപടി തുടരുന്നു. ജനുവരി 10-ന് ഉള്ളിൽ എല്ലാ അംഗങ്ങളും പുതുക്കണമെന്ന് അറിയിക്കുന്നു.

**DDU - GKY/DAY-NULM**

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം

പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽനൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ, ബി പി ഒ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. ഡി ഡി യൂ ജി കെ വൈ യിൽ മുൻ വർഷങ്ങളിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് 565 പേരെക്കൂടി പഠിപ്പിക്കുവാൻ നമുക്ക് അനുവാദം കിട്ടിയിട്ടുണ്ട് അതിൽ ഫുഡ് പ്രോസസ്സിംഗ് ബാച്ച്, ഫാഷൻ ഡിസൈൻ, ബി.പി.ഒ. കോഴ്സുകൾ 170 പേരോടുകൂടി ആരംഭിച്ചു. അതിൽ 54 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

DDU-GKY/NULM കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള യാത്രാബത്ത. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പോഷക സമൃദ്ധവും ആരോഗ്യകരവും വിഷാംശം തീരെയില്ലാത്തതുമായ ഭക്ഷ്യവസ്തുക്കൾ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ഉല്പ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കൃഷിയിടങ്ങളിൽ തന്നെയുള്ള വസ്തുക്കളെ ഉപയോഗപ്പെടുത്തിയും അന്യവസ്തുക്കളെയും രാസവളങ്ങളെയും രാസ കീടനാശിനികളെയും പരമാവധി ഒഴിവാക്കിക്കൊണ്ടും മണ്ണിന്റെ വളക്കൂറും ഘടനയും മെച്ചപ്പെടുത്താനുതകുന്ന തരത്തിൽ വിളകളും വിളവ്യവസ്ഥകളും തെരഞ്ഞെടുത്തും ചെയ്യുന്ന ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മികച്ചവരുമാനം നേടുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുമായി ആരംഭിച്ച ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. നവംബർ മാസത്തിൽ പദ്ധതിയിലേക്ക് പുതിയതായി 60 കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 32 സെമിനാറുകൾ നടത്തി. എ.ഇ.ഓ. മാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി. പുതുതായി എത്തിയ ഫീൽഡ് കോർഡിനേറ്റർമാരും സംഘാടന മികവുകൊണ്ട് ശ്രദ്ധേയരായി.

**കർഷകഗ്രൂപ്പ് (ഐ.സി.എസ്.) രജിസ്ട്രേഷൻ**

പദ്ധതിയിൽ അംഗങ്ങളായ പുതിയ കർഷകരെ 100 മുതൽ 500 വരെ കർഷകരുൾപ്പെടുന്ന ഗ്രൂപ്പുകളാക്കി APEDA യിൽ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ ശേഖരിക്കുകയും അവ സർട്ടിഫിക്കേഷൻ ഏജൻസിയായ ഫെയർസെർട്ടിൽ സമർപ്പിക്കുകയും ചെയ്തു. പുതിയതായി 24 ICS കളാണ് രജിസ്റ്റർ ചെയ്യാനുള്ളത്.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ

നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിംങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**കൃഷിയിട സന്ദർശനം**

പുതിയതായി എത്തിയ ഫീൽഡ് കോർഡിനേറ്റർമാർ അവർക്ക് ലഭ്യമായ ഗ്രൂപ്പുകളിൽ ഉൾപ്പെടുന്ന മുഴുവൻ കർഷകരുടെയും കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും ഗ്രൂപ്പ് മീറ്റുംങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉല്പ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കി കർഷകരിലേക്ക് എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**ലീഡേഴ്സ് മീറ്റിംങ്ങുകൾ നടത്തി**

പ്രാദേശിക തലത്തിൽ കർഷക ഗ്രൂപ്പുകളുടെ ലീഡർമാർക്കായി മീറ്റിംങ്ങുകൾ നടത്തി. മീറ്റിംങ്ങുകൾ നടത്തേണ്ട വിധം, ലീഡറുടെ ചുമതലകൾ, കർഷക സംഘാടനം, ഉൽപ്പന്നങ്ങളുടെ ശേഖരണം, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുകയും ഓരോ പ്രദേശത്തെയും കർഷകർ അഭിമുഖീകരിക്കുന്ന പ്രാദേശിക പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ചയാകുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു**

കോട്ടത്തറ, പൊഴുതന, തരിയോട്, വേങ്ങപ്പള്ളി എന്നീ പഞ്ചായത്തുകളിലെ പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിട പരിശോധന യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. കോർഡിനേറ്റർമാരായ ശ്രീ. അജീഷ്, ശ്രീ. അബ്ദുൽ റഷീദ് എന്നിവർ നേതൃത്വം നൽകി.

**ഫെയർട്രേഡ്**

**വോഫാ**

414 കർഷകരുമായി 2008 ൽ രൂപീകൃതമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ (WOFA) ആരംഭകാലഘട്ടം മുതൽ കർഷകർക്ക് പ്രതീക്ഷ നൽകിക്കൊണ്ട് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ 7 വർഷങ്ങൾ പിന്നിടുകയാണ്. സംഘടനയുടെ അഭൂതപൂർവ്വമായ വളർച്ച ഏറെ അഭിമാനകരമാണ്. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ വോഫയിൽ 7609 കർഷകരാണിന്നുള്ളത്.

**സെമിനാർ**

2007 നവംബർ മാസത്തിൽ കോഴിക്കോട് മലബാർ പാലസിൽ വച്ച് സംഘടിപ്പിച്ച SPO മീറ്റിംഗിൽ വോഫ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തു.

**വോഫെ എക്സിക്യൂട്ടീവ് മീറ്റിംഗ്**

24-11-2017 ന് ബയോവിൻ കോൺഫറൻസ് ഹാളിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് മീറ്റിംഗിൽ 9/9 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിന് വോഫ -ചെയർമാൻ അഡ്വ. ഫാദർ ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു സ്വാഗതം ചെയ്തു. യോഗത്തിൽ കോർഡിനേറ്റർ ശ്രീ.വിനീഷ് വണ്ടന്നൂർ വോഫയുടെ പ്രവർത്തന റിപ്പോർട്ട് 2017-2018 വർഷത്തെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു.

**യോഗ തീരുമാനങ്ങൾ**

1. വോഫയുടെ പ്രത്യേക വാർഷിക പൊതുയോഗം 2017 ഡിസംബർ 15-ാം തീയതി രാവിലെ 10.30 ന് WSSS ഓഡിറ്റോറിയത്തിൽ ചേരുന്നതിന് തീരുമാനിച്ചു.
2. മൈനോറിറ്റി ഗ്രൂപ്പ് ആക്റ്റിവിറ്റിയുടെ ഭാഗമായി വോഫയിൽ അംഗത്വമുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട VFC യെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.
3. 2017-18 വർഷത്തിൽ ജലസേചനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള അപേക്ഷകൾ 2017 ഡിസംബർ 30 നു മുൻപായി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. 500 കർഷകർക്ക് 10,000 രൂപ വീതം മുൻ വർഷത്തേതുപോലെ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.
4. വാരണാസി കമ്പോസ്റ്റ് നിർമ്മിക്കാൻ ആഗ്രഹിക്കുന്ന VFC കളിൽ നിന്നും 2017 ഡിസംബർ 30 ന് മുൻപായി അപേക്ഷകർ സ്വീകരിക്കാൻ തീരുമാനിച്ചു. ചുരുങ്ങിയത് 10 ടൺ വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുന്ന 30 ഗ്രൂപ്പുകൾക്ക് 30,000 രൂപ വീതം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.
5. വോഫയിൽ നിന്നുമുള്ള ഭവന നിർമ്മാണ സഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ഒരു ലക്ഷം രൂപ വീതം 10 ഭവനത്തിന് അനുവദിക്കാനും തീരുമാനിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2017 ഡിസംബർ 30.
6. വോഫയുടെ കർഷകരിൽ നിന്നും ഉൽപ്പന്നം ശേഖരിക്കുന്നതിന് മേഖലാ തലത്തിൽ കളക്ഷൻ സെന്റർ ആവശ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

**സ്റ്റാഫ് ട്രെയിനിങ്ങ്**

ഫെയർട്രേഡ് മാനദണ്ഡത്തെ ആസ്പദമാക്കി ശ്രീമതി രോഹിണി (ബാംഗ്ലൂർ) വോഫയുടെ സ്റ്റാഫിന് ഏകദിന പരിശീലനം നൽകി.

**സംഭരണം**

വോഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും നവംബർ മാസം 424537.5 കിലോ കാപ്പി 80 രൂപ നിരക്കിലും 49.05 കിലോ ഗ്രാമ്പൂ 850 രൂപ നിരക്കിലും 50.5 കിലോ ജാതിക്ക 200-250 രൂപ നിരക്കിലും 2.45 കിലോ ജാതിപത്രി 900 രൂപ നിരക്കിലും 8394 കിലോ കുരുമുളക് 420 രൂപ നിരക്കിലും സംഭരിച്ചു.

**കഫേ**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വേണ്ടി 2015 ജൂലൈ മാസം 20-ാം തീയതി രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയാണ് കേരളഅഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് (കഫേ). 2859 കർഷകരാൽ രൂപംകൊണ്ട സംഘടനയിൽ 2016-17 വർഷത്തിൽ 4358 അംഗങ്ങളാണുള്ളത്.

**മീറ്റിംങ്ങുകളിൽ പങ്കെടുത്തു**

2017 നവംബർ മാസത്തിൽ ഡൽഹിയിൽ സംഘടിപ്പിച്ച SPO മീറ്റിംഗിൽ കഫേയെ പ്രതിനിധീകരിച്ച് ശ്രീ. സന്ദീപ് കുമാർ പങ്കെടുത്തു.

**കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ്**

05-11-2017 ന് ബയോവിൻ കോൺഫറൻസ് ഹാളിൽ ചേർന്ന കഫേ എക്സിക്യൂട്ടീവ് മീറ്റിംഗിൽ 8/9 അംഗങ്ങൾ പങ്കെടുക്കുന്നു. യോഗത്തിന് കഫേ ചെയർമാൻ റവ. ഫാ. ബിജു കോയിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ വൈ.ചെയർമാൻ ശ്രീ.ചന്തു എം.എം. സ്വാഗതം ചെയ്തു. യോഗത്തിൽ കോർഡിനേറ്റർ ശ്രീ. ബിബിൻ ആലിങ്കൽ കഫേയുടെ പ്രവർത്തന റിപ്പോർട്ട് 2017-2018 വർഷത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

**ജൈവവളം വിതരണം**

കഫേയിലെ കർഷകർക്ക് ജൈവവളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 35 ലക്ഷം രൂപ വകയിരുത്തുകയും വിലയുടെ 75% സബ്സിഡി നിരക്കിൽ കർഷകർക്ക് ജൈവവളം വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. ആയത് പ്രകാരം 35 ലക്ഷം രൂപയുടെ ജൈവവളം അബ്ടെക്, കാംസൺ എന്നീ കമ്പനികളിൽ നിന്നും ജൈവവളം വാങ്ങി 75% സബ്സിഡി നിരക്കിൽ ആദ്യഘട്ട വിതരണം നടത്തുകയും 26,25,000 രൂപ കർഷകർക്ക് സബ്സിഡി നൽകുകയും ചെയ്തു. ജൈവവളം വിതരണം ചെയ്തത് വഴിയായി മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്തുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി മുൻനിർത്തി നടപ്പിലാക്കിയ ഈ പദ്ധതിയുടെ ആദ്യഘട്ടം നവംബർ മാസത്തിൽ വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തു.

**ടാർപോളിൻ വിതരണം**

2017-18 സാമ്പത്തിക വർഷത്തിൽ സബ്സിഡി നിരക്കിൽ ടാർപോളിൻ ഷീറ്റ് നൽകാൻ തീരുമാനിക്കുകയും 500 കർഷകർക്ക് കാപ്പിയുണക്കു

ന്നതിനുള്ള 24 X 25 size ടാർപോളിൻ ഷീറ്റ് 1000 രൂപ വീതം സബ്സിഡി നൽകാൻ വകയിരുത്തുക ചെയ്തതുമൂലം 5 ലക്ഷം രൂപ 500 കർഷകർക്ക് ടാർപോളിൻ ഷീറ്റ് നൽകിയതു വഴിയായി ചെലവഴിച്ചു. ഗുണമേന്മയോടെ കാപ്പിയുണക്കുന്നതിനും കർഷകർക്ക് മിതമായ വിലയിൽ ടാർപോളിൻ ഷീറ്റ് ലഭ്യമാക്കുന്നതിനും സംഘടനയ്ക്ക് സാധിച്ചു.

**മൈനോരിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി**

ഫെയർട്രേഡ് സ്റ്റാൻഡേർഡ് പ്രകാരം നടപ്പിലാക്കേണ്ട മൈനോരിറ്റി ഗ്രൂപ്പ് ആക്ടിവിറ്റിയിലേക്കായി 50000/- രൂപ 2017-18 ബജറ്റിൽ വകയിരുത്തുകയും അംഗങ്ങളുടെ താല്പര്യാർത്ഥം സൗജന്യ നിരക്കിൽ കുരുമുളക് തൈകൾ വിതരണം ചെയ്യുകയും ചെയ്തു. എടമുണ്ട കോളനിയിലുള്ള 130 ഓളം കർഷകരാണ് ന്യൂനപക്ഷ ക്ഷേമപദ്ധയുടെ ഉപഭോക്താക്കളായത്.

**വർക്കേഴ്സ് വെൽഫെയർ ആക്റ്റിവിറ്റി**

കഫേയിൽ സേവനം അനുഷ്ഠിക്കുന്ന സ്റ്റാഫിന് വർക്കേഴ്സ് വെൽഫെയർ ആക്റ്റിവിറ്റിയുടെ ഭാഗമായി ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തുകയും ആയതിലേക്കായി 62,000/- രൂപ ചിലവഴിക്കുകയും ചെയ്തു. ഫെയർ ട്രേഡ് സ്റ്റാന്റേർഡ് പ്രകാരം നടപ്പിലാക്കിയ ഈ പദ്ധതിയിൽ കഫേയിലെ എല്ലാ സ്റ്റാഫിനെയും ഉൾപ്പെടുത്തുകയും 1.5 ലക്ഷം രൂപ മുതൽ 4 ലക്ഷം രൂപ വരെ ആരോഗ്യ ഇൻഷുറൻസ് ലഭ്യമാകുംവിധം പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

**സംഭരണം**

കഫേയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 164000 കിലോ കാപ്പി 65-69 രൂപ നിരക്കിൽ സംഭരിക്കുകയും കിലോയ്ക്ക് 4 രൂപ വീതം (6,55,290/ രൂപ) പ്രീമിയം അധിക വിലയായി നൽകുകയും ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ നവംബർ മാസത്തിലും കാപ്പി, കുരുമുളക്, പൈനാപ്പിൾ, ഒറിഗാനോ, ചായിസ് തുടങ്ങിയവ സംസ്ക്കരിക്കുകയും മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

പുതുവർഷം പിറക്കുമ്പോൾ മനുഷ്യമനസ്സുകളിലും സമൂഹ ത്തിലും വ്യവസ്ഥിതികളിലും മാറ്റത്തിന്റെ ശംഖൊലിയുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഭൂമിയെ ആർദ്രതയോടെ കരുതാനും വികസനം വിമോചനാത്മകമാക്കാനും സർവ്വർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥി ക്കുന്നു. പിന്നിട്ട വർഷത്തിൽ മാറ്റൊലിയുടെ വികസനാധിഷ്ഠിത, മനുഷ്യാവകാശോന്മുഖ, ഗുണാത്മക, മാധ്യമ മുന്നേറ്റത്തിൽ സഹകാരികളായവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. 2018 വർഷത്തിൽ മാറ്റൊലിയുടെ ദൗത്യനിർവ്വഹണത്തിൽ ഏവരുടേയും സഹകരണം സവിനയം അഭ്യർത്ഥിക്കുന്നു.

**ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ**
(സ്റ്റേഷൻ ഡയറക്ടർ)

**മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം –2017**

ജില്ലയിലെ മികച്ച മനുഷ്യവകാശ മാധ്യമ പ്രവർത്തനത്തിന് റേഡിയോ മാറ്റൊലി ഏർപ്പെടുത്തിയിരിക്കുന്ന മനുഷ്യാവകാശ മാധ്യമ പുരസ്കാരം 2017 ജേതാവിനെ പ്രഖ്യാപിച്ചു. മംഗളം ചാനൽ പ്രക്ഷേപണം ചെയ്ത ജയരാജ് ബത്തേരിയുടെ, കനിവ് തേടുന്നവർ എന്ന വാർത്താഫീച്ചറാണ് അവാർഡിനർഹമായത്. ആദിവാസി വിഭാഗങ്ങളുടെ പ്രത്യേകിച്ച് പണിയ സമുദായത്തിന്റെ അടിസ്ഥാന ജീവിത പ്രശ്നങ്ങളിലൂടെയുള്ള സഞ്ചാരമായാണ് ഈ സൃഷ്ടിയെ ജൂറി വിലയിരുത്തിയത്. വർഷങ്ങളായി ഗോത്ര ജനവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ കൃത്യതയോടെ അടയാളപ്പെടുത്തുന്ന ഈ ഫീച്ചർ വാസയോഗ്യമല്ലാത്ത വീടുകൾ, ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ളം പോലും ലഭ്യമല്ലാത്ത അവസ്ഥ, വാഗ്ദാനം ചെയ്യപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ തുടങ്ങി നിരവധി മനുഷ്യാവകാശ ധ്വംസനങ്ങൾ അവതരിപ്പിക്കുന്നുണ്ട്. 2018 ജനുവരി 5–ന് കണ്ണൂർ യൂണിവേഴ്സിറ്റി ബി.എഡ് സെന്ററിന്റെ ആതിഥേയ ത്വത്തിൽ കാമ്പസ് അങ്കണത്തിൽ വെച്ച് മനുഷ്യാവകാശ മാധ്യമ സെമിനാറിനോടനുബന്ധിച്ച് അവാർഡ് വിതരണം ചെയ്യുന്നതാണ്.

വയനാട് ജില്ലയിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്ന മാധ്യമ പ്രവർത്തകരെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കുവാനുമാണ് റേഡിയോ മാറ്റൊലി ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. വയനാട് ജില്ലയിലെ വിവിധ മനുഷ്യാവകാശ ധ്വംസനങ്ങളെ ആസ്പദമാക്കി 2016 നവംബർ 01-നും 2017 ഒക്ടോബർ 31-നും ഇടയിൽ പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവയിൽ ഏതിലെങ്കിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പരമ്പര, വാർത്ത, ചിത്രം, റിപ്പോർട്ട് എന്നിവയാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. പതിനായിരം (10,000/-) രൂപയും മെമന്റോയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

**ഗ്രാമമാറ്റൊലി**

മംഗലശ്ശേരി, പാറത്തോട്ടം എന്നീ പ്രദേശങ്ങളിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. മംഗലശ്ശേരിയിൽ സംഘടിപ്പിച്ച ഗ്രാമമാറ്റൊലി അധ്യാപക അവാർഡ് ജേതാവ് എം.ചന്ദ്രൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മംഗലശ്ശേരി മാറ്റൊലിക്കൂട്ടം രക്ഷാധികാരി ഫാ.ബാബു മുത്തേടത്ത് അധ്യക്ഷത വഹിച്ചു. കെ.കെ. ഗോപാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. റേഡിയോ മാറ്റൊലി എക്സ്പെർട്ട് വോളണ്ടിയർ കെ.കെ. ചന്ദ്രശേഖരൻ, എം.ടി. വിൽസൻ മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ചു. മികച്ച കർഷകയായ കുമ്പകൊല്ലിയിലിനെ ആദരിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ, മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് എന്നിവർ നേതൃത്വം നൽകി.

**മാറ്റൊലിക്കൂട്ടം**

പടിഞ്ഞാറത്തറ പഞ്ചായത്തിലെ പതിനാറാംമൈൽ പ്രസര വായനശാലയിൽ മാറ്റൊലിക്കൂട്ടം രൂപീകരണം നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി.സജേഷ് പരിപാടി ഉദ്ഘാടനം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യസന്ദേശം നൽകി. വിവിധ കലാപരിപാടികളും ഇതോടനുബന്ധിച്ച് നടന്നു. മാറ്റൊലിക്കൂട്ടം കേന്ദ്രസമിതിയംഗം സോബിൻ സെബാസ്റ്റ്യൻ രൂപീകരണയോഗത്തിന് നേതൃത്വം നൽകി. പടിഞ്ഞാറത്തറ മാറ്റൊലിക്കൂട്ടം പ്രസിഡന്റായി കെ.സി. ജോസഫിനേയും സെക്രട്ടറിയായി റോസമ്മ സെബാസ്റ്റ്യനേയും വൈസ് പ്രസിഡന്റായി എം.പി. ചെറിയാനേയും ബേബി പി.ജെ. യെയും ട്രഷററായും തെരഞ്ഞെടുത്തു. മാറ്റൊലിക്കൂട്ടം ജനറൽ കോർഡിനേറ്റർ ഷാജു പി.ജെയിംസ്, റേഡിയോ മാറ്റൊലി മാനേജിംഗ് കമ്മിറ്റിയംഗം

കെ.കെ. ചന്ദ്രശേഖരൻ, പ്രസര വായനശാല പ്രസിഡന്റ് കെ.സി. ജോസഫ്, റോസമ്മ സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

**ഓൺലൈൻ ക്വിസ് മത്സരം**

213–ാമത് പഴശ്ശി ദിനാചരണത്തിന്റെ ഭാഗമായി നവംബർ 29 ന് മാനന്തവാടി മുനിസിപ്പൽ കമ്മ്യൂണിറ്റി ഹാളിൽ നടന്ന അഖില വയനാട് ക്വിസ് 2017 ന്റെ മുന്നൊരുക്കമായി പഴശ്ശി ഗ്രന്ഥാലയവും റേഡിയോ മാറ്റൊലിയും സംയുക്തമായി ഓൺലൈൻ ക്വിസ് മത്സരം നടത്തി. മത്സരത്തിൽ വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്നുമായി 680–തിൽപരം ആളുകൾ പങ്കെടുത്തു. അഞ്ചു ദിവസങ്ങളിലും ശരിയുത്തരം അയച്ചവരിൽ നിന്ന് ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ നടത്തിയ നറുക്കെടുപ്പിൽ കല്ലുമൊട്ടംകുന്ന് സ്വദേശിനി ദീപ കെ.എസ്. വിജയിയായി.

**ജൈവ വൈവിധ്യ മാധ്യമ ശിൽപശാല**

ദക്ഷിണേന്ത്യയിലെ മാധ്യമ പ്രവർത്തകർക്കായി പുത്തൂർവയൽ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷനിൽ നടത്തിയ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച ത്രിദിന മാധ്യമ ശിൽപശാലയിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രൊഡ്യൂസർമാരായ ലിതിൻ മാത്യു, ക്രിസ്റ്റീന മത്തായി എന്നിവർ പങ്കെടുത്തു.

**വിമുക്തി– ലഹരി വിരുദ്ധ സെമിനാർ**

ലഹരിവിമുക്ത വയനാടിനായി റേഡിയോ മാറ്റൊലി ആരംഭിച്ചിരിക്കുന്ന വിമുക്തിപദ്ധതിയുടെ ഭാഗമായി കല്ലുവയൽ ജയശ്രീ ആർട്സ് ആന്റ് സയൻസ് കോളേജിൽ നടന്ന സെമിനാർ ബത്തേരി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ സി. ഷറഫുദ്ദീൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ.സുധീഷ് മനോഹരൻ സെമിനാറിൽ വിഷയം അവതരിപ്പിച്ചു. ജില്ലാ എക്സൈസ് വകുപ്പിന്റേയും കോഴിക്കോട് എം.വി.ആർ. കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും സഹകരണത്തോടെയാണ് വിമുക്തി പദ്ധതി നടപ്പാക്കുന്നത്. കോളജ് പ്രിൻസിപ്പൽ ഡോ.ജി. ഹരിപ്രിയ അധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ നേതൃത്വം നല്കി.

ലക്കിടി ഓറിയന്റൽ കോളജിൽ നടന്ന സെമിനാർ കൽപ്പറ്റ എക്സൈസ് ഇൻസ്പെക്ടർ അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ.സുധീഷ് മനോഹരൻ സെമിനാറിൽ വിഷയം അവതരിപ്പിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് നേതൃത്വം നല്കി.

**കർമ്മ 2017 എഡ്യു ടെക് ഫെസ്റ്റ്**

ദ്വാരക ടെക്നിക്കൽ ഹൈസ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയ കർമ്മ 2017 എഡ്യു ടെക് ഫെസ്റ്റിനോടനുബന്ധിച്ച് റേഡിയോ മാറ്റൊലി സ്റ്റാൾ പ്രദർശനം നടത്തി. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ സാംസ്കാരിക സായാഹ്ന പരിപാടിയിൽ ആശംസകളർപ്പിച്ചു സംസാരിച്ചു.

**റേഡിയോസെറ്റ് വിതരണം**

ജില്ലാ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ റേഡിയോ മാറ്റൊലി നടത്തുന്ന റേഡിയോസെറ്റ് വിതരണം ആരംഭിച്ചു. ഇടിയം വയൽ, വെങ്ങപ്പള്ളി, കല്പറ്റ മുൻസിപ്പാലിറ്റി, പടിഞ്ഞാറത്തറ എന്നിവിടങ്ങളിലെ കോളനികളിൽ നടന്ന സാക്ഷരതാ പഠിതാക്കളുടെ സംഗമത്തിൽ വെച്ച് റേഡിയോസെറ്റ് വിതരണം നടത്തി.

**സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല**

സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകലയുമായി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ.സെബാസ്റ്റ്യൻ പുത്തേൻ കൂടിക്കാഴ്ച നടത്തി.

**കളക്ടറുടെ ശബ്ദം**

*കളക്ടറുടെ ശബ്ദം* എന്ന പേരിൽ തുടങ്ങുന്ന പുതിയ പ്രോഗ്രാമിന്റെ ഭാഗമായി റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ കളക്ടർ എസ്. സുഹാസുമായി കൂടിക്കാഴ്ച നടത്തുകയും അഭിമുഖം റെക്കോർഡു ചെയ്യുകയും ചെയ്തു. എല്ലാ മാസവും 18-ാം തിയ്യതി രാത്രി 08.45 ന് പരിപാടി പ്രക്ഷേപണം ചെയ്യും.

**സന്ദർശനം**

ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസസ് ചീഫ് ഇൻവെസ്റ്റ്മെന്റ് സ്ട്രാറ്റജിസ്റ്റ് ഡോ. വി.കെ വിജയകുമാർ മാറ്റൊലി സന്ദർശിക്കുകയും പ്രോഗ്രാം റെക്കോർഡ് ചെയ്യുകയും ചെയ്തു.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും അപ്പിക്കോ പ്രസ്ഥാന ത്തിന്റെ സ്ഥാപകനുമായ ശ്രീ. പാണ്ടുരംഗ ഹെഗ്ഡെ, മനില സ്വദേശി ശ്രീ. റെയ് സി.ബി. സിംഗ് എന്നിവരും തളിപ്പറമ്പ് സ്വദേശി കെ.പി. യൂസഫ്, പടിഞ്ഞാറത്തറ സ്വദേശി രവീന്ദ്രൻ എന്നീ ശ്രോതാക്കളും മാറ്റൊലി സന്ദർശിച്ചു.

പഠനത്തിന്റെ ഭാഗമായി മലപ്പുറം വണ്ടൂർ സഹ്യ ആർട്സ് & സയൻസ് കോളേജ് വിദ്യാർത്ഥികൾ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന് എതിരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. നാർക്കോട്ടിക് ഡിവൈഎസ്പി കെ.മുഹമ്മദ് ഷാഫിയാണ് പരിപാടിയിൽ പങ്കെടുത്തത്.

മുപ്പത്തിയെട്ടാമത് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തോട് അനുബന്ധിച്ച് തത്സമയ പരിപാടികളും അഭിമുഖങ്ങളും റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു. കല്പറ്റ ഗവ. കോളേജ് ജേർണലിസം വിദ്യാർത്ഥികളായ ആര്യ, അഖില, അക്ഷയ്, ശിവരഞ്ജിനി, കാർത്തിക എന്നിവർ തത്സമയവിവരങ്ങൾ റിപ്പോർട്ട് ചെയ്തു.

**നിയമവും ജനങ്ങളും:** ഉപഭോക്തൃതർക്ക പരിഹാരനിയമത്തെ കുറിച്ച് കൽപ്പറ്റ ബാറിലെ അഭിഭാഷകനായ അഡ്വ.കെ.എൻ. മോഹൻ ശ്രോതാക്കൾക്ക് അറിവ് നൽകി. പട്ടികജാതി-പട്ടികവർഗം (അതിക്രമങ്ങൾതടയൽ) നിയമത്തെക്കുറിച്ച് അഡ്വ.എം. വേണുഗോപാൽ വിശദീകരിച്ചു. കെട്ടിടവാടക നിയന്ത്രണ വ്യവസ്ഥകളെകുറിച്ച് കൽപ്പറ്റ ബാറിലെ അഭിഭാഷകനായ സുന്ദർറാം വ്യക്തമാക്കി.

**ഹോമിയോകെയർ:** ഹോമിയോപ്പതി വകുപ്പ് നടപ്പാക്കുന്ന പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയായ റീച്ചിനെകുറിച്ചുള്ള വിവരങ്ങൾ പ്രോജക്ട് ഓഫീസർ ഡോ.ബിജി എസ്. വ്യക്തമാക്കി.

**സർവോദയസദസ്സ്:** പൊഴുതന, വൈത്തിരി ഗ്രാമപഞ്ചായത്തുകളുടെ വികസന സ്വപ്നങ്ങളും ജനപ്രതിനിധികളുടെ കാഴ്ചപ്പാടുകളും പൊതുജനങ്ങളുടെ പ്രതികരണങ്ങളും ഉൾപ്പെടുത്തി സർവോദയ സദസ്സ് പ്രക്ഷേപണം ചെയ്തു.

**നേരും പൊരുളും:** കുട്ടികളിലെ ആരോഗ്യം, രാഷ്ട്രീയം കുറ്റവാളികളിൽനിന്ന് വിമുക്തമാകട്ടെ, പ്രസംഗങ്ങൾ അതിരുകടക്കുമ്പോൾ, കാർഷിക മേഖലയിലെ പ്രതിസന്ധി, മലിനീകരണം -ഡൽഹി നൽകുന്ന പാഠങ്ങൾ, സഹകരണ പ്രസ്ഥാനങ്ങൾ കേരളത്തിലെ നട്ടെല്ല്, ആരോഗ്യ മേഖയിലെ അസത്യ പ്രചാരണങ്ങൾ, കേരളത്തിലെ പാർപ്പിട സംസ്കാരം-ആവശ്യവും അനാവശ്യവും, ശബ്ദതാരാവലിക്ക് നൂറിന്റെ തിളക്കം, കുട്ടികുറ്റവാളികളും സാമൂഹികാന്തരീക്ഷവും, വിദ്യാർത്ഥികളുടെ യാത്രാ ആനുകൂല്യവും പ്രായോഗിക നിർദ്ദേശങ്ങളും, ഡിജിറ്റൽ ക്ലാസ്സ് മുറികൾ ആവശ്യമോ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സൃഷ്ടിക്കുന്ന അധിക ബാധ്യതകൾ, തീർത്ഥാടന കേന്ദ്രങ്ങളിൽ നടപ്പാക്കാവുന്ന തിരുപ്പതി മോഡൽ, മാറുന്ന കേരളം

മാറേണ്ട മലയാളി, സ്കൂൾ കലോത്സവം, ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളുടെ വേറിട്ട വശങ്ങളാണ് നേരും പൊരുളും പരിപാടിയിലൂടെ ശ്രോതാക്കളുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

**ചുരത്തിന് മേലെ:** പുതിയ റേഡിയോ പരിപാടി ആരംഭിച്ചു. ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ച് അനുഭവിച്ചറിഞ്ഞ വയനാടൻ സൗന്ദര്യം ശ്രോതാക്കൾക്കായി തയ്യാറാക്കുന്നത് ബിജു പോൾ കാരയ്ക്കാമലയാണ്. വ്യാഴാഴ്ചകളിൽ രാത്രി എട്ട് മണിക്കാണ് പരിപാടി പ്രക്ഷേപണം ചെയ്യുന്നത്.

**മനസൗഖ്യ:** വ്യക്തിത്വം എങ്ങനെ വികസിപ്പിക്കാം എന്ന വിഷയത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ സി.കെ. പ്രദീപ് കുമാറും, വ്യക്തിത്വ വൈകല്യങ്ങളിലെ ബോർഡർ ലൈൻ പേഴ്സണാലിറ്റി എന്ന വൈകല്യത്തെ ചെന്ദലോട് മാനസികാരോഗ്യ കേന്ദ്രത്തിലെ മനശാസ്ത്ര വിദഗ്ധൻ ഡോ.ലിൻജോ സി.ജെ.യും നടത്തിയ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്തു.

**അരങ്ങ്:** തോണിച്ചാൽ ബി.എഡ് കോളജിലെ വിദ്യാർത്ഥികൾ, എറണാകുളം നടുവേലി സ്വദേശി കെ.കെ.രഘൂത്തൻ എഴുതി ആലപിച്ച നുറുങ്ങു കവിതകൾ, മംഗലശ്ശേരി മനയിലെ മാറ്റൊലിക്കൂട്ടം പ്രവർത്തകർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ എന്നിവ അരങ്ങിൽ ഉൾപ്പെടുത്തി.

**ധന്യമീ ജീവിതം:** തരിയോട് സ്വദേശിയായ വി.കെ.മാത്യു, കൊമ്മയാട് സ്വദേശികളായ കുര്യൻ കാവുംപുറം, പാപ്പച്ചൻ, വെള്ളമുണ്ട സ്വദേശി എം. ചന്ദ്രൻ എന്നിവരുടെ ജീവിതാനുഭവങ്ങളാണ് ധന്യമീ ജീവിതത്തിൽ പങ്കുവെച്ചത്.

**പ്രത്യേകപരിപാടികൾ:** വിമുക്തി പദ്ധതിയുടെ ഉദ്ഘാടന ത്തോട് അനുബന്ധിച്ച് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജി.മുരളീധരൻ നായർ നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രക്ഷേപണം ചെയ്തു. ദ്വാരക ടെക്നിക്കൽ സ്കൂളിൽ നടന്ന കർമ്മ 2k2017 എഡ്യു-ടെക് ഫെസ്റ്റിനെകുറിച്ച് പ്രത്യേക പരിപാടി, എടവക കൃഷി ഓഫീസർ കെ. മമ്മൂട്ടിയുമായുള്ള പ്രത്യേക അഭിമുഖം, ലോക എയ്ഡ്സ് ദിനത്തിന്റെ ജില്ലാതല പരിപാടികളുടെ റേഡിയോ റിപ്പോർട്ട്, ഭിന്നശേഷി ദിനാചരണത്തോട് അനുബന്ധിച്ചുള്ള പ്രത്യേക പരിപാടി, പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ഒയിസ്ക ഇന്റർനാഷണലിന്റെ സൗത്ത് ഇന്ത്യ മുൻ സെക്രട്ടറിയുമായ പ്രൊഫ.തോമസ് തേവരയു മായുള്ള അഭിമുഖം, മനുഷ്യാവകാശ ദിനാചരണത്തോട് അനുബന്ധിച്ചുള്ള പ്രത്യേക പരിപാടി എന്നിവ പ്രക്ഷേപണം ചെയ്തു.

**കുടുംബവേദി :** പിരിമുറുക്കം എങ്ങനെ ഇല്ലാതാക്കാം, കുട്ടികളെ വളർത്തുമ്പോൾ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുട്ടികൾ വഴിതെറ്റിപ്പോകാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ കുടുംബവേദി ചർച്ച ചെയ്തു.

**ജീവിതവളയം:** താളൂരിലുള്ള ഹക്കീം, കെ.എസ്.ആർ.ടി.സി. ഡ്രൈവറായ രാമൻ, പനമരം സ്വദേശിയായ മനോജ്, കൊമ്മയാട് സ്വദേശി നമ്പീശൻ എന്നിവർ തങ്ങളുടെ തൊഴിൽ മേഖലയെകുറിച്ച് സംസാരിച്ചു.

**ഓവർഡ്രൈവ്:** ഹ്യുണ്ടായ് ഐക്കോണിക്, നെക്സ, സ്കോർപിയോ, സെലേരിയോ എക്സ് എന്നീ കാറുകളുടെ വിവരങ്ങളാണ് ഓവർ ഡ്രൈവ് പങ്കുവെച്ചത്.

**പൊൻപുലരി:** പാലിയാണ പതിനാലാം വാർഡിൽ പ്രവർത്തിക്കുന്ന ഉഷസ്, കൊമ്മയാടുള്ള സൗഭാഗ്യ എന്നീ കുടുംബശ്രീ യൂണിറ്റുകളെയും പനമരം കാട്സ് നഴ്സറിയെയും പൊൻപുലരി പരിചയപ്പെടുത്തി.

**ടെക്നോ മാറ്റൊലി:** ഒപ്പോ എഫ്-5 മോട്ടോ ജി-5 എസ്, നോക്കിയ 2, എന്നീ ഫോണുകളെയും മൈ-ജി കെയർ നൽകുന്ന സേവനങ്ങളെകുറിച്ചും ടെക്നോ മാറ്റൊലി പരിചയപ്പെടുത്തി.

**പ്രതിഭയും അതിഥിയും:** സിവിൽ സർവീസ് സംസ്ഥാനതല ഗുസ്തി മത്സരത്തിലെ വിജയി സിറാജ്, കളരി അഭ്യാസി കൊമ്മയാട് സ്വദേശി വിജയൻ ഗുരുക്കൾ എന്നിവരെ പ്രതിഭയും അതിഥിതിയും പരിപാടിയിലൂടെ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തി.

**ജാലകം:** പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി കൽപ്പറ്റയിൽ നടന്ന ജില്ലാതല പരിപാടികളെകുറിച്ചുള്ള റിപ്പോർട്ട്, ജില്ലയിൽ നടന്ന ശിശുദിന വാരാഘോഷങ്ങളെക്കുറിച്ചുള്ള അവലോകനം, ടൂറിസം സാധ്യതകളിലൂടെ വികസനം തേടുന്ന മേപ്പാടി പഞ്ചായത്തിന്റെ പദ്ധതികൾ എന്നിവ ജാലകം പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** കന്നുകാലികളിലെ പ്രജനന നയത്തെകുറിച്ച് ഡോ.ബിന്ദ്യ ലിസ് ഏബ്രഹാം നടത്തിയ പ്രഭാഷണമാണ് ക്ഷീരവാണി പ്രക്ഷേപണം ചെയ്തത്. കൊമ്മയാടുള്ള ക്ഷീരകർഷകൻ ബിനു സേവ്യർ, വെള്ളമുണ്ടയിലെ ക്ഷീരകർഷകൻ പി.ടി.മത്തായി എന്നിവരേയും പരിപാടി പരിചയപ്പെടുത്തി.

**വയൽനാട്:** പാലിയാണ സ്വദേശി ജോർജ്ജ്, എസ്.എ.ബി.എസ് സന്യാസിനി സമൂഹം നടപ്പാക്കുന്ന നൂതന കാർഷിക സംരംഭം ഹരിതമിത്രം 2017, എന്നിവ വയൽനാട് പരിചയപ്പെടുത്തി.

**ക്ലബ്ബ് ടൈം:** ദ്വാരക എ.യു.പി, മാനന്തവാടി വി.എച്ച്.എസ്.എസ്, തവിഞ്ഞാൽ സെന്റ് തോമസ് യു.പി. എന്നീ സ്കൂളുകളുടെ വിശേഷങ്ങളും കൽപ്പറ്റ എൻ.എസ്.എസ്. ഹയർസെക്കന്ററി സ്കൂളിൽ നടന്ന വൈത്തിരി ഉപജില്ലാതല കലോത്സവത്തിലെ വിവിധ കലാപരിപാടികളും ക്ലബ് ടൈമിൽ പ്രക്ഷേപണം ചെയ്തു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** കൊമ്മയാട് പ്രദേശത്തെ വികസന പ്രശ്നങ്ങൾ, കുറുവ ദ്വീപിൽ ഏർപ്പെടുത്തിയിരിക്കുന്ന സഞ്ചാര നിയന്ത്രണം, മംഗലശ്ശേരി മനയിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ ഞങ്ങൾക്കുമുണ്ട് പറയാൻ ശ്രോതാക്കളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു.

**സ്മരണാഞ്ജലി:** നടൻ ജയൻ, ഫിലിപ്പ് കുടക്കച്ചിറ എന്നിവരെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**ആരോഗ്യവേദി:** ദന്തസംരക്ഷണ മാർഗ്ഗങ്ങളെകുറിച്ച് ഡോ. ബ്ലെസിറ്റ് ഏബ്രഹാമും ജീവിതശൈലീ മാറ്റങ്ങളും ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ ഫാ.ജോസഫ് ചിറ്റൂരും ആരോഗ്യ വേദിയിൽ ശ്രോതാക്കളോട് പങ്കുവെച്ചു.

**മാറ്റൊലിക്കൂട്ടം:** വെള്ളമുണ്ട പഞ്ചായത്തിലെ കൊമ്മയാട് ടാഗോർ സ്മാരക ഗ്രന്ഥാലയത്തിൽ സംഘടിപ്പിച്ച മാറ്റൊലിക്കൂട്ടം രൂപീകരണ വിശേഷങ്ങളും പള്ളിക്കുന്ന് രൂപീകരിച്ച മാറ്റൊലി ക്കൂട്ടത്തിന്റെ വിശേഷങ്ങളും മാറ്റൊലിക്കൂട്ടം പരിപാടിയിൽ പങ്കുവെച്ചു.

**കിലുക്കാംപെട്ടി:** പാലിയാണയിൽ നിന്നുള്ള അഭിരാമി, തേജസ് മരിയ, പെരുവകയിലെ ജോന ജോബി എന്നിവരുടെ വിശേഷങ്ങൾ പങ്കുവെച്ചു.

**സന്മനസ്സുള്ളവർക്ക് സമാധാനം:** 25 ദിവസം പ്രത്യേക ക്രിസ്തുമസ് ചിന്തകൾ പ്രക്ഷേപണം ചെയ്തു. ഡിസംബർ 1, 25 തിയ്യതികളിൽ മാനന്തവാടി രൂപതാ ബിഷപ്പ് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടവും 24 ന് രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ റവ. ഫാ. അബ്രാഹം നെല്ലിക്കലും ക്രിസ്തുമസ് സന്ദേശം നല്കി.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി റീജണിലെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ജൈവകൃഷി വ്യാപനം എന്നിവ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ (NDS) നേതൃത്വത്തിൽ ഊർജ്ജിതമായി മുന്നേറുന്നു. NDS ന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ട് പുതിയ യൂണിറ്റുകൾകൂടി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**കൽപ്ര യൂണിറ്റ്**

കൽപ്ര യൂണിറ്റിലെ സ്വാശ്രയ സംഘങ്ങളുടെ സംയുക്ത സംഗമം NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ ഉൽഘാടനം ചെയ്തു. സ്വാശ്രയസംഘങ്ങളുടെ സാധ്യതകളും ഗവൺമെന്റ് പദ്ധതികളും എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് കാട്ടുതുരുത്തിയിൽ അച്ചന്റെ ശക്തമായ നേതൃത്വത്തിൽ 20 ഓളം സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. കഴിഞ്ഞ നാല്വർഷങ്ങളായി ജൈവകൃഷി വ്യാപന പ്രവർത്തനങ്ങളിൽ മാതൃകാപരമായി മുന്നേറുന്ന കൽപ്ര യൂണിറ്റിലെ ജൈവകർഷകരെ, തമിഴ്നാട് കൃഷിവകുപ്പിന്റെ താൽപര്യ പ്രകാരം പരമ്പരാഗത കൃഷിവികാസ് യോജനയുടെ Pilot Group ആയി തിരഞ്ഞെടുത്തു. ഇതുമായി ബന്ധപ്പെട്ട മീറ്റിംഗിൽ ഗൂഡല്ലൂർ ഹോർട്ടികൾച്ചർ A.D. ശ്രീമതി ജയലക്ഷ്മി ക്ലാസുകൾ എടുത്ത് പദ്ധതിയെകുറിച്ച് വിശദീകരിച്ചു.

**കയ്യൂന്നി യൂണിറ്റ്**

നീലഗിരി മേഖലയിലെ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള യൂണിറ്റായി SWS കയ്യൂന്നി പ്രവർത്തനം ആരംഭിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ബിനോയ്, ശ്രീ.സുജേഷ്, ശ്രീമതി ലിജി എന്നിവർ ക്ലാസുകൾ നയിച്ചു. ഏകദേശം 20 ഓളം SHG- കളുടെ രൂപീകരണം നടന്നുവരുന്നു. യൂണിറ്റ് ഡയറക്ടറും റീജണൽ വികാരിയുമായി ഫാ. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രവർത്തനം, ജൈവകൃഷി വ്യാപനം എന്നീ മേഖലകളിൽ ധാരാളം ആളുകൾ പുതിയതായി കടന്നുവരുന്നു.

**PMEGY പ്രോഗ്രാം**

NDS- ന്റെ പ്രവർത്തന മികവിന്റെ അംഗീകാരമായി State Bank of

India യും Khadhi and Village ഇൻഡസ്ട്രിയൽ കമ്മീഷനും സംയുക്തമായി നടത്തുന്ന ചെറുകിട വ്യവസായ വികസന പ്രവർത്തനങ്ങൾ ഗൂഡല്ലൂർ കേന്ദ്രമാക്കി ആരംഭിച്ചിരിക്കുന്നു. ഖാദി ബോർഡ് കോയമ്പത്തൂർ റീജണൽ ഓഫീസർ ശ്രീ. തപ്സി പോൾ ഈ വിഷയത്തിൽ ക്ലാസുകൾ നയിച്ചു. 120 ആളുകൾ ക്ലാസിൽ പങ്കെടുത്തു. ഫാ. ജോസ് തെങ്ങടയിൽ CMI, ഫാ. ബിനോയ് എന്നിവർ സംസാരിച്ചു.

**ബയോവിൻ നീലഗിരി റീജിയൺ**

നീലഗിരി ജില്ലയിലെ ജൈവകർഷകരുടെ എണ്ണം 1000-ൽ അധികമായി കൂടിയിരിക്കുന്നു. 2017 നവംബർ മാസത്തിൽ കാപ്പികർഷകരിൽ നിന്നും 69 രൂപ നിരക്കിൽ 10794 കിലോ കാപ്പി സംഭരിച്ചു. 8625 കൂട കുരുമുളക് വള്ളികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

**ഗ്രൂപ്പ് ലീഡേഴ്സ് മീറ്റിംഗ്**

2017 നവം. 27, 28 തീയതികളിൽ Group Leaders Meeting നടത്തി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ജൈവകൃഷി വ്യാപനം, ഗ്രൂപ്പുകളിലെ നിരീക്ഷണം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു.

**ദേവാല സെമിനാർ**

ജൈവകൃഷി വ്യാപന സെമിനാറിൽ 46 പേർ പങ്കെടുത്തു. ICS Co-ordinator Amal Antony, Pro Cum Manager Shaji, AFO Sheela, RFO Sujesh, NDS Director ഫാ.ബിനോയ് എന്നിവർ പങ്കെടുത്തു.

**വിമലഗിരി സെമിനാർ**

18 ആളുകൾ പങ്കെടുത്തു. AFO Ligi, RFO Sujesh, NDS Direcotr ഫാ. ബിനോയ് എന്നിവർ പങ്കെടുത്തു.

**കൽപ്ര സെമിനാർ**

93 ആളുകൾ പങ്കെടുത്തു. RFO Sujesh, ഫാ. ബിനോയ് എന്നിവർ ക്ലാസുകൾ നയിച്ചു.

**കയ്യൂന്നി സെമിനാർ**

10-12-17 ന് കയ്യൂന്നിയിൽ വച്ച് നടന്ന ജൈവകർഷക സെമിനാറിൽ 100 ൽ അധികം ആളുകൾ പങ്കെടുത്തു. AFO Liji, RFO Sujesh എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

04-12-17, 11-12-17 എന്നീ തിയ്യതികളിൽ നെല്ലാക്കോട്ട ICS-ൽ 180 വീടുകളിൽ 36 സ്റ്റാഫുകൾ പങ്കെടുത്ത Internal inspection നടത്തി.

നവംബർ മാസത്തിൽ പുതിയതായി 50 കർഷകരെ Organic Certification പ്രോഗ്രാമിൽ ഉൾപ്പെടുത്തി.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS ഗൂഡല്ലൂർ

## MARY MATHA ARTS & SCIENCE COLLEGE

**November-December 2017**

The Department of Zoology in collaboration with Zoo Outreach Organization, Coimbatore, conducted a one day workshop on The Western Ghats Fresh Water Biodiversity Conservation Education. Dr. B.A. Daniel, Senior Scientist of Zoo Outreach Organization delivered the keynote address and led the workshop. In Kannur University Archery competitions, our men's team won the championship and the women's team became runners up. The college has also hosted Kannur University intercollegiate cricket matches. The college provided venue for the district level athletic meet organized by Sahodaya, the consortium of CBSE Schools. The end-semester university examinations have concluded and the college will close for Christmas holidays on 22 December 2017.

**Dr. Savio James V**
Principal

## CEADOM *വിദ്യാഭ്യാസ മേഖല*

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സിഡോം ഫാമിലിയുടെ സന്തോഷം നിറഞ്ഞതും പ്രാർത്ഥനാനിർഭരവുമായ ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു. കഴിഞ്ഞ അധ്യയന വർഷത്തിലെ നമ്മുടെ പഠന പ്രവർത്തന മേഖലകളെ വിലയിരുത്തി 2017–2018 വർഷത്തെ വർഷാവസാന പരീക്ഷയ്ക്ക് ഒരുങ്ങാം. പ്രത്യേകിച്ച് SSLC,+1,+2 പരീക്ഷകളും അടുത്തെത്തിയിരിക്കുമ്പോൾ ഏറ്റവും നല്ല വിജയം മുന്നിൽ കണ്ടുകൊണ്ട് ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്, നമ്മുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം. പ്രവർത്തിക്കാം.

**HM പ്രമോഷൻ: അപേക്ഷകൾ.**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ 2018 –2019 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാനാഗ്രഹിക്കുന്നവർ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2017 ഡിസംബർ 15–ാം തിയ്യതി മുതൽ ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജരുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടുകൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2018 ജനുവരി 30 നു മുൻപ് ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിയുടെ ഓഫീസിൽ എത്തിക്കുകയും, CEADOM പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ട്രാൻസ്ഫർ അപേക്ഷകൾ**

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2018–2019 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷാ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2017 ഡിസംബർ 15–ാം

തിയ്യതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി 2018 ജനുവരി 30 നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**HS, HSS പ്രധാനാദ്ധ്യാപക സമ്മേളനം**

2017-2018 അധ്യയന വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുന്നതിനും, വർഷാവസാന പരീക്ഷയെയും പ്രത്യേകിച്ച് SSLC, HSS പരീക്ഷകളെയും കുറിച്ചുള്ള അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി 2018 ജനുവരി 12 വെള്ളിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹയർസെക്കന്ററിയിലെയും, ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**2017 ഡിസംബർ 21 ന് - പ്രാർത്ഥനാദിനം ആചരിച്ചു**

'ഓഖി' ദുരന്തത്തിൽപ്പെട്ടവർക്കായി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും 2017 ഡിസംബർ 21 ന് പ്രാർത്ഥനാദിനമായി ആചരിച്ചു. അവരെ സഹായിക്കുന്നതിനായി കെ.സി.ബി.സി. യുടെ ദുരിതാശ്വാസഫണ്ടിലേയ്ക്ക് തങ്ങളാൽ കഴിയുന്ന വിധത്തിലുള്ള തുക എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും സ്വരൂപിച്ച് നൽകുകയും ചെയ്തു.

**മോറൽ സയൻസിന്റെ പരീക്ഷ**

നമ്മുടെ വിദ്യാലയങ്ങളിൽ മോറൽ സയൻസിന് കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കി പ്രസിദ്ധം ചെയ്ത പുസ്തകങ്ങളാണല്ലോ നാം പഠിപ്പിച്ചുവരുന്നത്. ഇവയുടെ പരീക്ഷയ്ക്ക് ശേഷം മൂല്യനിർണ്ണയം നടത്തി അർഹരായവർക്ക് അനുമോദന പത്രിക നൽകുകയും ചെയ്യുന്നുണ്ട്. അതിൻ പ്രകാരം ഈ വർഷത്തെ പരീക്ഷ 2018 ജനുവരി 19-ാം തിയ്യതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

a) പരീക്ഷാസമയം: 1, 3, 5, 7, 9, 11 എന്നീ ക്ലാസ്സുകൾക്ക് രാവിലെ 10 മണി മുതൽ 12 മണി വരെയും 2, 4, 6, 8, 10, 12 എന്നീ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 02 മണി മുതൽ 04 മണി വരെയും ആയിരിക്കും.

b) പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ 2018 ജനുവരി 18 ന് രാവിലെ 10 മണി മുതൽ കോർപ്പറേറ്റ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. അന്ന് തന്നെ ചോദ്യപേപ്പറുകൾ എടുക്കുന്നതിനും സമയത്തിന് മാറ്റം ഇല്ലാതെ പരീക്ഷ കൃത്യമായി നടത്തുന്നതിനും ശ്രദ്ധിക്കണം.
c) വാർഷിക പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.
d) 1, 2, 3 ക്ലാസ്സുകളിൽ വാചാപരീക്ഷയാണ് നടത്തേണ്ടത്. എന്നാൽ ഇവരുടെ ചോദ്യപേപ്പറിൽ തന്നെ മാർക്ക് രേഖപ്പെടുത്തുകയും 90% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ കോർപ്പറേറ്റ് ഓഫീസിൽ 2018 ജനുവരി 27 ന് മുമ്പ് എത്തിക്കേണ്ടതുമാണ്. അതിനുശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല.
e) 4 മുതൽ 12 വരെ ക്ലാസ്സുകളിൽ എഴുത്തു പരീക്ഷയാണ് നടത്തേണ്ടത്. ഇവരിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ 2018 ജനുവരി 27 ന് മുമ്പ് എത്തിക്കേണ്ടതുമാണ്. അതിനുശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല.
f) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യം നിർണ്ണയം നടത്തി ഏറ്റവും കൂടുൽ മാർക്ക് ലഭിച്ച ആദ്യ മൂന്നുസ്ഥാനക്കാർക്ക് 2018 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്.
g) 4, 7, 10, 12 ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ പുനർനിർണ്ണയം നടത്തി സമ്മാനാർഹരായവർക്ക് കെ.സി.ബി.സി യുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്യാഷ് അവാർഡുകളും അനുമോദന പത്രികയും നൽകുന്നതായിരിക്കും.

**ദേശജ്യോതി 2017 സോണൽതല ക്വിസ് മത്സരം**

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ രണ്ട് വർഷമായി നടത്തിവരുന്ന ദേശജ്യോതി 2017 സോണൽ തല ക്വിസ് മത്സരം നടത്തി. മാനന്തവാടി സോണൽ മത്സരങ്ങൾ സെന്റ്. ജോസഫ് ടി.ടി.ഐ യിൽ വച്ചും ബത്തേരി സോണൽ മത്സരങ്ങൾ അസംപ്ഷൻ ഹൈസ്ക്കൂളിലുമാണ് നടത്തിയത്. സോണൽ മത്സര വിജയികൾക്കുള്ള രൂപതാതല മത്സരം ദ്വാരക എ.യു.പി യിൽ 2018 ജനുവരി 27 ന് നടക്കും. സോണൽ തല വിജയികൾക്കും അവരെ ഒരുക്കിയ അദ്ധ്യാപകർക്കും, മത്സരങ്ങൾ നടത്താൻ സഹായിച്ച സ്കൂളുകൾക്കും അനുമോദനങ്ങൾ.

**ഫാ. ബിജു പൊൻപാറയ്ക്കൽ** – കോർപ്പറേറ്റ് മാനേജർ

### ദീപിക നമ്മുടെ ഭാഷാ പദ്ധതി

കണിയാരം ഫാ. ജി.കെ.എം. ഹൈസ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ പീറ്റർ കുരുവിള സ്കൂൾ ലീഡർ ഷമിൽ ഷാനുവിന് പത്രം നൽകി ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ, ഉഷാ കുമാരി ടീച്ചർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പത്രം സ്പോൺസർ ചെയ്ത സ്കൂളിലെ അഞ്ച് അധ്യാപകർക്കും ദീപിക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

തിരുനെല്ലി അപ്പപ്പാറ ഡി.സി.എം. യു.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി പ്രധാനാധ്യാപിക സി. ബിൻസി സ്കൂൾ ലീഡർ ടി.കെ.ഹസ്നയ്ക്ക് പത്രം നൽകി ഉദ്ഘാടനം ചെയ്തു. ഷിജി പുത്തൻപുരയ്ക്കൽ പത്രം സ്പോൺസർ ചെയ്തു. ഡി.എഫ്.സി. മാനന്തവാടി രൂപതാ വൈ.പ്രസിഡണ്ട് ബെന്നി പൂത്തറയിൽ, ദീപിക ഏരിയ മാനേജർ മത്തായി ദേവസ്യ, അധ്യാപകരായ ജോമോൻ, റോബിൻ, അജിതൻ, വിനോദ് മാനുവൽ എന്നിവർ പ്രസംഗിച്ചു.

കാട്ടിക്കുളം ചേലൂർ അസീസി എൽ.പി.സ്കൂളിൽ 'ദീപിക നമ്മുടെ ഭാഷാപദ്ധതി' സ്കൂൾ മാനേജർ ബ്രദർ സണ്ണി ഫിലിപ്പ് സ്കൂൾ ലീഡർ ക്രിസ്ബെൽ ജോർജിന് പത്രം നൽകി ഉദ്ഘാടനം ചെയ്തു. പൂർവ്വവിദ്യാർത്ഥി അഖില ബെന്നി പൂത്തറയിൽ പത്രം സ്പോൺസർ ചെയ്തു. ഡി.എഫ്.സി മാനന്തവാടി രൂപതാ വൈ. പ്രസിഡണ്ട് ബെന്നി പൂത്തറയിൽ, മത്തായി ദേവസ്യ, പ്രധാന അധ്യാപിക സി. സെല്ലി, അധ്യാപകരായ ബ്രദർ അനൂപ് ഫിലിപ്പ്, ബ്രദർ ജീൻ തോമസ്, സിയ ഫ്രാൻസീസ്, സി. ആനി ടോം, ജോയ്സി, ബീന, അഖില എന്നിവർ ആശംസകൾ അർപ്പിച്ചു.

### ദീപിക ദിനാചരണം

കുറുമ്പാല സെന്റ് ജോസഫ്സ് ഇടവകയിൽ ദീപിക ദിനാചരണം നടത്തി. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെടുത്തു. ഡി.എഫ്.സി തരിയോട് ഫൊറോന, കുറുമ്പാല ഇടവക സമിതി അംഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഇടവകയിലെ മുഴുവൻ കുടുംബങ്ങളിലും സന്ദർശനം നടത്തി. 125 ഓളം കുടുംബങ്ങളെ ദീപിക പത്രവരിക്കാരായി ചേർക്കു

വാനും ഡിസംബർ 1 മുതൽ പത്രവിതരണം നടത്തുവാനും ദിനാചരണ ത്തിലൂടെ സാധിച്ചു.

പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ഡിസംബർ പത്തിന് ദീപിക ദിനാചരണം നടത്തി. അതിന്റെ ഭാഗമായി വീടുകൾ സന്ദർശിച്ചു. പുതിയ ദീപിക വരിക്കാരെ കണ്ടെത്തുവാൻ സന്ദർശന ത്തിലൂടെ സാധിച്ചു. ജിജോ ഇട്ടംപറമ്പിൽ, സണ്ണി പേടപ്പാട്ട്, ഷാജി കടുവാപ്പാറ, ആന്റോ ഇല്ലിക്കൽ, ബിജു മഠത്തിൽ എന്നിവർ നേതൃത്വം നൽകി. സീതാമൗണ്ട് ഇടവകയിൽ ഫാ. ജോയി തുരുത്തേലിന്റെ നേതൃത്വത്തിൽ ദിനാചരണം നടത്തി. ഫൊറോനയിലെ 12 ഇടവക കളിലും യൂണിറ്റ് മീറ്റിംഗുകൾ നടത്തി.

പുൽപ്പള്ളി തിരുഹൃദയ ദേവാലയത്തിൽ ഫാ. ജോസ് മുണ്ട യ്ക്കൽ ദീപിക ദിനാചരണം ഉദ്ഘാടനം ചെയ്തു. ദീപിക റസിഡണ്ട് മാനേജർ ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെടുത്തു. സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ് ചർച്ചകൾ നയിച്ചു. ജിജോ ഇട്ടംപറമ്പിൽ, ഷാജി കടുവാപ്പാറ, സജി നമ്പുടാകം എന്നിവർ പങ്കെടുത്തു.

**ദീപിക മാസാചരണം**

മണിമൂളി ക്രൈസ്റ്റ്കിംഗ് ഫൊറോനാ പള്ളിയിൽ ദീപിക മാസാ ചരണം നടത്തി. ഫൊറോനാ വികാരി ഫാ. ചാക്കോ മേപ്പുറത്ത് ഉദ്ഘാ ടനം ചെയ്തു. ഡി.എഫ്.സി ഭാരവാഹികളുടെ നേതൃത്വത്തിൽ ഭവന ങ്ങൾ സന്ദർശിച്ച് ദീപിക ദിനപത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ഫാ. സായി പാറൻകുളങ്ങര ക്ലാസ്സ് എടുത്തു.

**പുൽക്കൂട് മത്സരം**

മുള്ളൻകൊല്ലി ഫൊറോനയുടെ കീഴിലുള്ള പള്ളികളിൽ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി ഒരുക്കുന്ന പുൽക്കൂടുകളിൽ മികച്ചവയ്ക്ക് ഡി.എഫ്.സി ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ ആകർഷകമായ സമ്മാനങ്ങൾ ഒരുക്കിയിരിക്കുന്നു. ഡി.എഫ്.സി. ഫൊറോനാ ഡയറക്ടർ ഫാ. തോമസ് പരുന്തനോലിന്റെ നേതൃത്വ ത്തിൽ മുള്ളൻകൊല്ലി മേഖലയിലെ 12 ദേവാലയങ്ങളിലായി ഒരുക്കുന്ന പുൽക്കൂടുകൾ വിലയിരുത്തി ഏറ്റവും മികച്ച മൂന്ന് പുൽക്കൂടു കൾക്കാണ് സമ്മാനങ്ങൾ നൽകുന്നത്. ഒന്നാം സമ്മാനമായി 3001 രൂപയും രണ്ടാം സമ്മാനമായി 2001 രൂപയും മൂന്നാം സമ്മാനമായി 1001 രൂപയുമാണ് നൽകുക. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫൊറോനാ ടീമിന് അഭിനന്ദനങ്ങൾ. ഏവർക്കും ക്രിസ്തുമസിന്റെയും പുതുവൽസരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ** - ഡി.എഫ്.സി. രൂപതാ സെക്രട്ടറി

## *കത്തോലിക്കാ കോൺഗ്രസ് -AKCC*

'ഏറ്റവും എളിയവരും ആവശ്യക്കാരുമായവർക്കും ക്രിസ്തുവിന്റെ ഉപവിയുടെ വലിയ അടയാളമായി ലോകം മുഴുവൻ ക്രൈസ്തവ കൂട്ടായ്മകൾ' ശക്തി പ്രാപിക്കുകയാണ്. സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും കരുത്തായ് കരുതലായി തണലായി കത്തോലിക്കാ കോൺഗ്രസ് ഇന്ന് സീറോ മലബാർ സഭയിൽ വലിയ മുന്നേറ്റമാണ് നടത്തുന്നത്. സമുദായ സംരക്ഷണവും ശാക്തീകരണവും ലക്ഷ്യം വച്ച് മാനന്തവാടി രൂപതാ കത്തോലിക്കാ കോൺഗ്രസ് പ്രസ്ഥാനവും അതിന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കുകയാണ്. ഈ പ്രസ്ഥാനത്തിന് താങ്ങായി തണലായി പ്രചോദനമായി പ്രോത്സാഹനമായി നമുക്ക് ഒന്നിച്ചുനിന്ന് ഒരുമയോടെ ഒരുക്കത്തോടെ പ്രവർത്തിക്കാം. 2018 അതിനുള്ള വലിയ തുടക്കമാകാനും ഒരുക്കമാകാനും സാധിക്കട്ടെ. ബഹു. വൈദികർക്കും സന്യസ്തർക്കും സംഘടനാ നേതാക്കന്മാർക്കും അംഗങ്ങൾക്കും പുതുവത്സരാശംസകൾ നേരുന്നു.

**ഫാ. ആന്റോ മമ്പള്ളിൽ**– ഡയറക്ടർ

**നേതൃസംഗമവും ഗ്ലോബൽ സമിതിയുടെ സ്ഥാനാരോഹണവും**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് 2017 ഡിസംബർ 9–ന് നടന്ന പ്രൗഢഗംഭീരമായ പ്രതിനിധി സംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നും 20 പേർ പങ്കെടുത്തു. പങ്കെടുത്ത രൂപതാ സമതിയംഗങ്ങളെ നന്ദി അറിയിക്കുന്നു.

**ഗ്ലോബൽ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ**

സീറോ മലബാർ സഭയുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനത്തിന് ആഗോളതലത്തിൽ പ്രാതിനിധ്യം നൽകി തെരഞ്ഞെടുക്കപ്പെട്ടതാണ് ഗ്ലോബൽ സമിതി. ഈ സമിതിയിലേക്ക് നമ്മുടെ രൂപതയിൽ നിന്നും ഡോ. കെ.പി. സാജു, വർക്കി നിരപ്പേൽ, പീറ്റർ ഞരളക്കാട്ട്, സൈമൺ ആനപ്പാറ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**രൂപതാ നേതൃത്വ പഠനശിബിരം**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ പ്രവർത്തക സമിതിയംഗങ്ങൾക്കായി ഡിസംബർ 29 (വെള്ളി) ന് തവിഞ്ഞാൽ സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് ഏകദിന നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 50 പ്രവർത്തക സമിതി അംഗങ്ങളാണ് പങ്കെടുക്കുന്നത്. ഗ്ലോബൽ ഭാരവാഹികളാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്.

**മുള്ളൻകൊല്ലി ഫൊറോനാ യോഗം**

മുള്ളൻകൊല്ലി ഫൊറോനാ കമ്മറ്റിയോഗം ഫൊറോനാ ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനി ഉദ്ഘാടനം ചെയ്തു. ഫൊറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റ് ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചു. രൂപതാ പ്രസിഡന്റ് ഡോ.കെ.പി.സാജു സമുദായ സംരക്ഷണവും ശാക്തീകരണവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു. മുൻ രൂപതാ ഡയറക്ടറും ഫൊറോന വികാരിയുമായ റവ.ഫാ. ചാണ്ടി പുനക്കാട്ട് ആശംസകളർപ്പിച്ചു.

**നിലമ്പൂർ ഫൊറോനാ യോഗം**

ഡിസംബർ 2–ാം തീയതി നിലമ്പൂർ ഫൊറോനാ സമിതി യോഗം

ഫൊറോനാ പ്രസിഡണ്ട് ജോയി ചെട്ടിമാട്ടേലിന്റെ അധ്യക്ഷതയിൽ ചേർന്നു. ഫൊറോനാ വികാരി റവ. ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡണ്ട് വർഗ്ഗീസ് കോക്കാട്ട്, സെക്രട്ടറി പി.ടി. മാത്യു, ശ്രീമതി അച്ചാമ്മ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**നിലമ്പൂർ - മണിമൂളി മേഖലാ സംഗമം**

നിലമ്പൂർ - മണിമൂളി മേഖലയിലെ മുഴുവൻ അംഗങ്ങളെയും ഒന്നിച്ചുകൂട്ടി 2018 ഫെബ്രുവരി 3 ന് മേഖലാ സംഗമം നടത്തുന്നതിനും കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ് ഡെലഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവിനെയും സംസ്ഥാന രൂപതാ ഭാരവാഹികളെയും പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു. ഇടവക-മേഖലാതല പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സമാന ചിന്താഗതിയുള്ള സാമൂഹിക രാഷ്ട്രീയ സംഘടനകളുമായി യോജിച്ചു പ്രവർത്തിക്കാനും തീരുമാനിച്ചു.

**യൂണിറ്റ് തല യോഗങ്ങൾ**

**ദ്വാരക യൂണിറ്റ്**

ഡിസംബർ 3-ാം തീയതി നടന്നയോഗം റവ.ഫാ. ജോസ് തേക്കനാടി ഉദ്ഘാടനം ചെയ്തു. വർക്കി നിരപ്പേൽ വിഷയാവതരണം നടത്തി. നെൽകർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചും കൃഷിനാശത്തെക്കുറിച്ചും സെബാസ്റ്റ്യൻ ഓണിശ്ശേരിയും വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന വന്യമൃഗശല്യത്തിന്റെ തീവ്രത പ്ലാന്റർ ജോസ് കുബ്ലാനിയും അവതരിപ്പിച്ചു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾക്കായി സർക്കാർ തലത്തിൽ അപേക്ഷകളും നിവേദനങ്ങളും നൽകാൻ തീരുമാനിച്ചു. ദ്വാരക ഇടവകയിലെ സമുദായാംഗങ്ങൾക്കുവേണ്ടി PSC പരിശീലന പരിപാടി ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഇടവക ജനങ്ങൾക്കായി സമുദായ സംരക്ഷണവും ശാക്തീകരണവുമെന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡിസംബർ 10-ാം തീയതി വി. കുർബാനയ്ക്കുശേഷം ക്ലാസ് നടന്നു.

**സെന്റ് ജൂഡ്സ് വെള്ളമുണ്ട**

ഡിസംബർ 3-ാം തീയതി 'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. രൂപതാ ജനറൽ സെക്രട്ടറി നേതൃത്വം നൽകി. സെമിനാറിനെ തുടർന്ന് യൂണിറ്റ് രൂപീകരണവും തെരഞ്ഞെടുപ്പും നടന്നു.

**യൂണിറ്റ് ഭാരവാഹികൾ**

പ്രസിഡണ്ട് -പൗലോസ് മോളത്ത്, വൈ.പ്രസിഡണ്ട് - വർഗ്ഗീസ് കല്ലുംമാരി, സെക്രട്ടറി - ടോമി ചിങ്ങംതോട്ടത്തിൽ, ജോ. സെക്രട്ടറി- സുഷിൽ കോലത്ത്പടവിൽ, ട്രഷറർ- ആന്റണി പള്ളത്ത്. യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകിയ ബഹു. ജെയ്സ് അച്ചന് രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**തവിഞ്ഞാൽ സെന്റ് മേരീസ് യൂണിറ്റ്**

ഡിസംബർ 17-ാം തീയതി വൈകുന്നേരം 4 മണിക്ക് ചേർന്ന ഇടവകാംഗങ്ങളുടെ യോഗത്തിൽ 'സമുദായ സംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി രൂപതാ ജനറൽ സെക്രട്ടറി

ക്ലാസ്സ് നയിച്ചു. തുടർന്നു നടന്ന ചർച്ചയ്ക്ക് രൂപതാ സെക്രട്ടറി ജോസ് കുറുമ്പാലക്കാട്ട് നേതൃത്വം നൽകി.

**യൂണിറ്റ് ഭാരവാഹികൾ**

പ്രസിഡണ്ട് - ജോസ് കുറുമ്പാലക്കാട്ട്, വൈ.പ്രസിഡണ്ട് - ദേവസ്യ കപ്പലുമാക്കൽ, സെക്രട്ടറി -ജോണി കുര്യൻ കൈനിക്കുന്നേൽ, ജോ.സെക്രട്ടറി-റോയി മുണ്ടാടൻ, ട്രഷറർ-കുര്യാക്കോസ് മാളിയേക്കൽ. യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകിയ രൂപതാ ഡയറക്ടറുമായ ബഹു. ആന്റോ മമ്പള്ളിയച്ചന് രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**മരകാവ് യൂണിറ്റ്**

ഇടവകയിലെ 60 വയസ് കഴിഞ്ഞവരെ ആദരിച്ചു. 60 വയസ് കഴിഞ്ഞ മുഴുവൻ ആളുകൾക്കും മെമന്റോ കൊടുത്തും പൊന്നാടയണിയിച്ചും സദ്യയൊരുക്കിയുമാണ് ആദരവ് പ്രകടിപ്പിച്ചത്. വി. കുർബാനയ്ക്ക് രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ, റവ. ഫാ. വിൻസെന്റ് പുതുശ്ശേരി തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ യൂണിറ്റ് പ്രസിഡണ്ടും രൂപതാ പ്രസിഡണ്ടുമായ ഡോ. കെ.പി. സാജു അധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഏവരെയും പൊന്നാടയണിയിച്ചു. വികാരിയച്ചൻ എല്ലാവർക്കും മെമന്റോ നൽകി. രൂപതാ ഭാരവാഹികളായ വർക്കി നിരപ്പേൽ, തോമസ് ആര്യമണ്ണിൽ എന്നിവർ ആശംസകളർപ്പിച്ചു. ഭംഗിയായി സംഘടിപ്പിച്ച യൂണിറ്റ് ഭാരവാഹികൾക്കും ബഹു. വിൻസെന്റ് അച്ചനും അഭിനന്ദനങ്ങൾ.

**ഇരുളം യൂണിറ്റ്**

കത്തോലിക്കാ കോൺഗ്രസ് ഇരുളം യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കരോൾഗാന മത്സരം, പുൽക്കൂട് നിർമ്മാണം തുടങ്ങിയ ഇനങ്ങളിലാണ് മത്സരം. വാർഡുതല മത്സര വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി. നേതൃത്വം നൽകിയ ബഹു. സജി പുതുക്കുളങ്ങര അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**പൂക്കോട്ടുംപാടം യൂണിറ്റ്**

ഡിസംബർ 17-ാം തീയതി യൂണിറ്റ് സംഗമം നടന്നു. പ്രസിഡണ്ട് O.S. അബ്രാഹത്തിന്റെ അധ്യക്ഷതയിൽ ചേർന്നയോഗം മേഖലാഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. പോൾ കൊരണ്ടിയാർകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ജോയി ചെട്ടിമട്ടേൽ, വർഗ്ഗീസ് കോക്കാട്ട്, പി.റ്റി.മാത്യു, സ്കറിയ കൊച്ചുപുരയ്ക്കൽ, രാജൻ തോട്ടപ്പള്ളി എന്നിവർ നേതൃത്വം നൽകി.

**കല്ലോടി യൂണിറ്റ്**

ഡിസംബർ 17-ാം തീയതി കല്ലോടി ദൈവാലയത്തിൽ വച്ച് 'സമുദായ സംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി രൂപതാ ജനറൽ സെക്രട്ടറി ക്ലാസ്സ് നയിച്ചു. ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുരയിൽ ആമുഖപ്രഭാഷണം നടത്തി. സെമിനാർ സംഘടിപ്പിച്ച യൂണിറ്റ് ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**വർക്കി നിരപ്പേൽ** - ജനറൽ സെക്രട്ടറി

# Pastoral Centre Programme



**January 2018**

| | |
|---|---|
| 6 | Zion CRC |
| 7-10 | Marriage Preparation Course |
| 12-13 | Department of Youth Ministry |
| 13 | SMMA |
| 21-25 | Zion Retreat |
| 22 | Marian Singles |
| 26-29 | Marriage Preparation Course |
| 31 | Priests' Conference |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



**January 2018**

| | | |
|---|---|---|
| 1 | Mon .................. | Puthiyidomkunnu: Priestly Ordination: Dn. George Impalil MCBS |
| 2 | Tue .................. | Narivalamunda: Priestly Ordination: Dn. Tony Elamkunnel |
| | Afternoon ....... | Pathirippadam: Priestly Ordination: Dn. Santhosh Oravaranthara |
| 4 | Thu .................. | Kayyunni: School Anniversary |
| 6 | Sat .................... | Kammana: Church Blessing |
| 7 | Sun .................. | Shamshabad: Inaguration of the new Diocese |
| 8 | Mon 13 Sat........ | Kakkanad: Synod |
| 14 | Sun .................. | Engaged |
| 16 | Tue .................. | Out of Station |
| 17 | Wed 18 Thu ....... | Tellicherry |
| 19 | Fri .................... | Out of Station |
| 20 | Sat .................... | Deepthi Bhavan: Jubilee Celebration |
| | Afternoon ........... | Kurumani: Concluding Ceremony of the Jubilee |
| 21 | Sun .................. | Pastoral Visit |
| 22 | Mon .................. | Bathery: MSMI , Jubilee Celebration |
| | Evening ............ | New Priests' Day |
| 23 | Tue .................. | Nelliodi: Blessing of the Presbytery |

*24 Wed .................. Out of Station*

*27 Sat .................... Kurumbalakkotta: Church Blessing*

*28 Sun .................. Pastoral Visit*

*29 Mon.................. Visitors' Day*

*30 Tue .................... Kottiyoor: Priestly Ordination:*
*Dn. Noel Mathew Chakkalayil TOR*

*31 Wed ................. Pastoral Centre: Priests' Conference*

***February 2018***

*1 Thu 11 Sun ....... Bangalore: CBCI*

*12 Mon 21 Wed ...... Shillong & Culcutta: Seminary Visit*

*22 Thu Afternoon ... Pensioners Guild Meeting*

*23 Fri ................... Out of Station*

*25 Sun .................. Pastoral Visit: Mullenkolly*

*26 Mon-March 01 Thu Young Priests' Seminar*